വേദപ്രചാര

# മധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത

വാല്യം 91
ലക്കം 01
2018 ജൂലൈ



The official organ of the Archeparchy of Changanacherry

# ജന്മദിനാശംസകൾ



സപ്തതിയുടെ നിറവിലേക്ക് പ്രവേശിക്കുന്ന

**അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായ്ക്ക്**

അതിരൂപതാ കുടുംബത്തിന്റെ

**ജന്മദിനാശംസകളും പ്രാർത്ഥനയും**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 ● ലക്കം 01 ● ജൂലൈ 2018


വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സഭാദിനം - ഇടയലേഖനം Prot. No. 0918/ 2018 .......... 6
യുവജനദിനം സർക്കുലർ Ref: 3095/K-5/KCBC/OL/DS .......... 13
ഇടയലേഖനം 18. PL. 29-251 .......... 16
സർക്കുലർ 18 Ch. 200-275 .......... 22
സർക്കുലർ 18 Ch. 201-276 .......... 26
കച്ചേരിക്കാര്യം .......... 28
അനുസ്മരണം .......... 35
പഞ്ചവത്സര അജപാലനപദ്ധതി .......... 37
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി .......... 39
പാസ്റ്ററൽ കൗൺസിൽ .......... 40
സന്ദേശനിലയം .......... 41
ചെറുപുഷ്പ മിഷൻലീഗ് .......... 45
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 48
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 49
ഫാമിലി അപ്പോസ്റ്റലേറ്റ് .......... 51
പ്രവാസി അപ്പോസ്റ്റലേറ്റ് .......... 53
യുവദീപ്തി .......... 54
കെ.സി.എസ്.എൽ. .......... 57
എ.കെ.സി.സി. .......... 58
ആവേമരിയ .......... 59
ഫ്രാൻസിസ്കൻ അല്മായസഭ .......... 60
ചാസ് .......... 61
ആത്മതാകേന്ദ്രം .......... 69
ദലിത് കത്തോലിക്കാ മഹാജനസഭ .......... 71
വിൻസെൻഷ്യൻ വേദി .......... 73
കെയർ ഹോംസ് .......... 75
ചാരിറ്റി വേൾഡ് ട്രസ്റ്റ് .......... 77
കരിസ്മാറ്റിക് നവീകരണം .......... 78
പൗരോഹിത്യ ആദ്ധ്യാത്മികത .......... 80
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 86
Engagements .......... 92

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org



സൂര്യരശ്മിപോലെ വലിയ ഗോളത്തിൽ നിന്നു പുറപ്പെടുന്നവനേ,
നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതമാകുന്ന പ്രഭാതം
ഇന്ത്യയുടെ അന്ധകാരം മാറ്റുന്നു.
പന്ത്രണ്ടിലൊരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ
നിറഞ്ഞവനായി ഇന്ത്യയുടെ ഇരുട്ടുനിറഞ്ഞ നിശയെ
ദീപംകൊണ്ട് നീ നിറയ്ക്കുന്നു
(മാർ അപ്രേം)

# ദുക്റാന തിരുനാൾ ആശംസകൾ

# 105-ാം ചരമവാർഷികം



**അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് മെത്രാൻ**

11-07-2018



# നാമഹേതുകത്തിരുനാൾ
## മംഗളങ്ങൾ





**അഭിവന്ദ്യ**
**തോമസ് തറയിൽ പിതാവിനും**
**പെരിയ ബഹു. തോമസ്**
**പാടിയത്ത് അച്ചനും**
**അതിരൂപതാ കുടുംബത്തിന്റെ**
**നാമഹേതുകത്തിരുനാൾ**
**മംഗളങ്ങളും പ്രാർത്ഥനയും...**

Prot. No. 0918/ 2018

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

# സഭാദിനം ഇടയലേഖനം

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെ ശ്രദ്ധ പ്രേഷിതപ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം 2017 ഒക്ടോബർ 9-ാം തീയതി അംഗീകരിച്ച് തന്നതിനുശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലൊ ഇത്. പ്രേഷിത പ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടിവരും. കുടുംബജീവിതക്കാരായ

അല്മായരും ഏകസ്ഥ ജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാ രീതികളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യംതന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല പ്രത്യുത, പരസ്പരം ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യകമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: ''മിശിഹായുടെ പ്രതിനിധികളായി വാക്കിലും പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ്.''

രണ്ടാമതായി, നമ്മുടെ ശ്രദ്ധ തിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവ സാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസപരിശീലകർ, വിശ്വാസ പരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിതശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസനരീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

## കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്

''ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ'' എന്ന വിവാഹ കർമ്മത്തിലെ ആശീർവാദ പ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ഈയിടെ പുറപ്പെടുവിച്ച *ആനന്ദിച്ച് ആഹ്ലാദിക്കുവിൻ* എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവ ജീവിതത്തിന്റെ സാക്ഷ്യവും സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണതയാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്. എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധജീവിതം നയിക്കാൻ സാധിക്കും (*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ* No. 21). കൃഷി, മത്സ്യബന്ധനം, കാലി വളർത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി, സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെ മൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്ക്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായവരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭഛിദ്രവും ദയാവധവും ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ടതുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായകരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം

പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത് (1 കോറിന്തോസ് 2:4-5). ഈ ക്രൈസ്തവ ദർശനത്തിനു പകരം ആധുനികകാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തനശൈലിയും വളർന്നുവരുന്നുണ്ട്. ''സമകാലിക ജ്ഞാനവാദം എന്നാണ് ഫ്രാൻസിസ് പാപ്പ *ആനന്ദിച്ച് ആഹ്ലാദിക്കുവിൻ* എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽതന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ടതുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനംകൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതുന്നത് വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവികരഹസ്യങ്ങളെ വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ മിശിഹായില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു മിശിഹായ്ക്കും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു (*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ* No. 37).

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ (Nipah) എന്നീ ദുരന്തങ്ങളെയും കാലവർഷകെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് വനം നിർമ്മിച്ചുകൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരതമക്കൾക്ക് സംഭാവന ചെയ്ത മാർതോമാശ്ലീഹായുടെ മാർഗ്ഗം അതിന്റെ ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ ജീവിതത്തിലൂടെയും അന്വർത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

+ G. Alencherry

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള
മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്
2018-ാം ആണ്ട് ജൂൺ മാസം 13-ാം തീയതി നല്കപ്പെട്ടത്.

---

N.B: *ഈ ഇടയലേഖനത്തിലെ ആശയങ്ങൾ 2018 ജൂലൈ 3-ാം തീയതി ദുക്റാനത്തിരുനാൾ ദിനത്തിൽ വി. കുർബാനമദ്ധ്യേ വിശ്വാസികളെ അറിയിക്കേണ്ടതാണ്.*

Ref: 3095/K-5/KCBC/OL/DS 25.06.2018

# യുവജനദിനം 2018

## ജൂലൈ 8, ഞായർ

**കെസിബിസി യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

കേരള കത്തോലിക്കാ മെത്രാൻ സമിതി 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ! യുവജന വർഷാചരണവുമായി ബന്ധപ്പെട്ട് നിരവധി കർമ്മപരിപാടികൾ മൂന്ന് വ്യക്തിഗത സഭകളിലും, കെ.സി.ബി.സി. യുവജന കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ നേതൃത്വത്തിലും നടത്തിവരുകയാണ്. 2018 ഒക്ടോബർ മാസം റോമിൽ വച്ച് നടത്തപ്പെടുന്ന യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് കേരളസഭ 'യുവജനവർഷം' പ്രഖ്യാപിച്ചത്. റോമിലെ യുവജന സിനഡിൽ മെത്രാന്മാർ ചർച്ച ചെയ്യുന്നത് യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്നീ വിഷയങ്ങളാണെന്ന് നമുക്കറിയാമല്ലോ! ആഗോള കത്തോലിക്കാസഭ യുവത്വത്തിന്റെ പ്രത്യേകതകളെ ഗൗരവമായി സിനഡിലൂടെ പഠനത്തിന് വിധേയമാക്കുമ്പോൾ കേരളസഭയ്ക്ക് യുവജനങ്ങളെപ്പറ്റി ആഴമായി പഠിക്കുവാനും അവർക്കുവേണ്ടി പ്രാർഥിക്കാനും അവരെ കേൾക്കാനും അംഗീകരിക്കാനും അവരുടെ സർഗ്ഗശക്തിയെ വിശ്വാസത്തിന്റെയും നന്മയുടെയും ദിശയിലേക്ക് നയിക്കാനും സാധിക്കണം.

യുവജനങ്ങൾക്ക് സഭയിലും സമൂഹത്തിലുമുള്ള സുപ്രധാനമായ സ്ഥാനം അംഗീകരിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സിനഡിൽ 'യുവത്വം' ചർച്ചാവിഷയമാക്കുന്നത്. മാർപാപ്പായുടെ പ്രബോധനങ്ങൾ ഉൾക്കൊണ്ട്, സഭയുടെ വിവിധ തലങ്ങളിൽ, യുവജനങ്ങളുടെ പ്രശ്നങ്ങളെ മനസ്സിലാക്കാനും, അവർ നല്ല തീരുമാനങ്ങൾ

എടുത്ത് സ്വയം വളരുവാനും, സഭയെ പണിതുയർത്തുവാനും പ്രാപ്തരാക്കുന്നതിന് അവരെ സഹായിക്കുകയും വേണം. ഭാരതത്തിലെ 130 കോടി ജനങ്ങളിൽ 60 ശതമാനത്തിലധികം യുവജനങ്ങളാണ്. അതായത് ഏതാണ്ട് 80 കോടിയോളം വരുന്ന യുവജനങ്ങൾ. കേരളസഭയിലും 50 ശതമാനത്തിലധികം യുവജനങ്ങളാണ്, നാളത്തെ സഭയും, സമൂഹവും, രാഷ്ട്രവും അവരെ ആശ്രയിച്ചിരിക്കുന്നു. യുവജനങ്ങളെ നാം കാര്യമായി കരുതുകയും അവർ നന്മയുടെ പക്ഷത്തുണ്ടെന്ന് ഉറപ്പാക്കുകയും അവരുടെ സമഗ്രമായ വികസനം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാക്കുകയും ചെയ്യേണ്ടതാണ്. ആഗോളസഭ യുവജന സിനഡും കേരളസഭ യുവജന വർഷവും ആചരിക്കുമ്പോൾ സഭയിൽ യുവജനപങ്കാളിത്തം ആനുപാതികമായി എല്ലാ പ്രവർത്തനമേഖലയിലും ഉറപ്പാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. കേരളസഭയിൽ കെ.സി.വൈ.എം., എസ്.എം.വൈ.എം., എൽ.സി.വൈ.എം., എം.സി.വൈ.എം. എന്നിവ ഉൾപ്പെടെ പത്ത് യുവജന സംഘടനകൾ പ്രവർത്തിക്കുന്നു. ഇവയിൽ എല്ലാം കൂടി നമ്മുടെ യുവജനങ്ങളിൽ പത്തോ, പതിനഞ്ചോ ശതമാനമേ അംഗങ്ങളായുള്ളു. അതായത് സഭയിലെ ഭൂരിഭാഗം യുവജനങ്ങളും യുവജന സംഘടനയിൽ പങ്കാളികളല്ല. മുതിർന്ന അല്മായരോടൊപ്പം സ്ത്രീകൾക്കും യുവജനങ്ങൾക്കും സഭയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കി അവരെ കൂടുതൽ സഭയോടു ചേർത്ത് നിർത്താൻ പരിശ്രമിക്കേണ്ടതാണ്.

ഇന്നത്തെ യുവജനം മുൻതലമുറയേക്കാൾ അറിവുള്ളവരാണ്. ആധുനിക ടെക്നോളജിയെ ആശ്രയിക്കുന്ന യുവത്വത്തിലേക്ക് അറിവിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു. അവർ സഭയുടെയും രാഷ്ട്രത്തിന്റെയും ശക്തി സ്രോതസ്സാണ്, ഭാവി പ്രതീക്ഷയാണ്. അവർ കൂടുതൽ ആന്തരിക സ്വാതന്ത്ര്യം (Inner Freedom) അനുഭവിക്കുന്നു. അവരുടെ പുതിയ അറിവിനെയും, ആന്തരിക സ്വാതന്ത്ര്യത്തെയും ആദരിച്ചുകൊണ്ടുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും യുവജന ശുശ്രൂഷകളെ കൂടുതൽ ഫലവത്താക്കും. അല്ലെങ്കിൽ അവരിൽ അനന്യതാ സംഘർഷം (Identity Crisis) വർദ്ധിക്കും. വിരൽതുമ്പിൽ ലോകസംസ്കാരത്തിന്റെ അറിവുമായി മുന്നേറുന്ന യുവത്വത്തെ നാം കാര്യമായി പരിഗണിക്കുകയും അവരെ വിശ്വാസത്തിൽ എടുക്കുകയും വേണം. യുവശക്തി ഈശോയുടെ മാതൃകയിൽ കരുത്താർജ്ജിച്ചാൽ സഭയ്ക്കും സമൂഹത്തിനും വലിയ വികാസമുണ്ടാകും. ഗോതമ്പുമണി നിലത്തുവീണഴിഞ്ഞ് ഫലം പുറപ്പെടുവിയ്ക്കുന്നതുപോലെ, യുവജനങ്ങളുടെ എല്ലാ കർമ്മശേഷിയും സഭയുടെ വേദികളിലൂടെ ആവിഷ്കരിക്കാൻ അവസരം ലഭിച്ചാൽ, സഭ അതിവേഗം വളരും.

ഇന്നത്തെ യുവജനം ദുഃഖത്തിനും ഏകാന്തതയ്ക്കും പാത്രീഭൂതരാണ്. അതിനുകാരണം അവരുടെ വിശ്വാസത്തകർച്ച, മൂല്യത്തകർച്ച, കുടുംബത്തകർച്ച എന്നിവയൊക്കെയാണ്. സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം, ആളുകളുടെ ജീവിതരീതിയിലും മനോഭാവത്തിലുമുള്ള മാറ്റം, സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലുള്ള മാറ്റം, സാമ്പത്തിക ഇടപെടലുകളിലുള്ള മാറ്റം, മീഡിയായുടെ ഉപയോഗത്തിലുള്ള മാറ്റം, സഭയുടെ സമീപനങ്ങളിലുള്ള മാറ്റം എന്നിവയെല്ലാം യുവതയ്ക്ക് വെല്ലുവിളികൾ ഉയർത്തുന്നു. ഇവ പരിഹരിക്കുവാൻ യുവജനങ്ങളെ നാം ശക്തമാക്കുന്നത് ഈശോയെ കൂടുതൽ അടുത്തറിയുവാൻ അവസരങ്ങൾ ലഭ്യമാകുന്നതിലൂടെയാണ്. ഈശോയുടെ പ്രബോധനത്തിന്റെ ഉള്ളടക്കം സ്നേഹവും കരുണയുമാണ്. സ്നേഹവും കരുണയും പങ്കുവയ്ക്കുന്ന സന്ദർഭങ്ങളിലൂടെയാണ് നാം സുവിശേഷത്തിന്റെ നല്ല സാക്ഷികളാകുന്നത്. ഈ സന്ദർഭങ്ങൾ ദൈവത്തിലേക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്രയാണ്. ആധുനിക സമൂഹം വാഗ്ദാനം ചെയ്യുന്ന പ്രലോഭനങ്ങളെ അതിജീവിച്ചുകൊണ്ട് മിശിഹായുടെ പോരാളിയാകാൻ യുവത്വത്തെ സജ്ജമാക്കുന്ന പ്രക്രിയയാണ് കാരുണ്യപ്രവർത്തികൾ. യുവജനവർഷം കാരുണ്യപ്രവർത്തികൾ കൂടുതൽ ചെയ്യുവാൻ നമുക്ക് കഴിയണം. ഈശോയുടെ കാരുണ്യം നാം പ്രാവർത്തികമാക്കുമ്പോൾ ദുഃഖത്തിനും, ഏകാന്തതയ്ക്കും പരിഹാരമാകുന്നു. മൂല്യത്തകർച്ചകളെ അതിജീവിച്ച്, വിശുദ്ധിയിലേക്കും, കൗദാശിക നന്മയിലേക്കും, ദൈവാനുഭവത്തിലേക്കും ഒക്കെ വളരുവാൻ യുവജനങ്ങൾ സജ്ജരാകുന്ന യുവജനശുശ്രൂഷയിൽ സ്നേഹത്തിന്റെയും, കരുണയുടെയും വിശുദ്ധീകരണത്തിന്റെയും, ദൈവാനുഭവത്തിന്റെയും പ്രാർത്ഥനയും അനുഭവങ്ങൾ ഉൾചേർന്നിട്ടുണ്ട്.

യുവജനവർഷപരിപാടികൾ വ്യക്തമായ കാഴ്ചപ്പാടുകളോടു കൂടിയാണ് യുവജന കമ്മീഷൻ ആവിഷ്കരിച്ചിരിക്കുന്നത്. മൂന്ന് വ്യക്തിഗത സഭകളിലും യുവജനവർഷ കർമ്മപരിപാടികൾ വിപുലമായ രീതിയിൽ നടത്തപ്പെടുന്നുണ്ട്. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഏഴ് തലങ്ങളിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. (1) ബോധവത്ക്കരണം (2) പഠനം (3) ആത്മീയ നവീകരണം (4) പ്രായോഗിക കർമ്മപരിപാടികൾ (5) യുവജന സംഗമം (6) പരിശീലന പരിപാടികൾ (7) ഓപ്പൺഫോറം, കൂടാതെ സുവിശേഷാനുഭവ പഠന ക്യാമ്പുകൾ, റിസോഴ്സ് ടീം ട്രെയിനിംഗ്, നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, നവോത്ഥാന യാത്രകൾ, വിശ്വാസസാഹോദര്യ സമ്മേളനങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ യുവജനങ്ങളുടെ നവീകരണം ലക്ഷ്യമാക്കി ധ്യാനങ്ങളും ദിവ്യകാരുണ്യ ആരാധനകളും, ദൈവശാ

സ്ത്രവിചിന്തനങ്ങളും നടത്തപ്പെടുന്നു. കേരളത്തിന്റെ കാർഷിക സംസ്കാരത്തെയും, പ്രകൃതി സംരക്ഷണത്തെയും മുന്നിൽകണ്ട് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, പ്രകൃതി പഠനക്യാമ്പ്, സംരംഭകത്വപരിശീലനം, കാമ്പസ് മിനിസ്ട്രി എന്നിവ ഇതിനോടകം സംഘടിപ്പിക്കപ്പെട്ടു. യുവജന സംഗമങ്ങൾ, വിവിധ പരിശീലന പരിപാടികൾ, മലബാർ യുവജന സമ്മേളനം എന്നിവയെല്ലാം ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങളെ അറിയുക, മനസ്സിലാക്കുക, കേൾക്കുക എന്നിവ ലക്ഷ്യം വെച്ച് ഓപ്പൺ ഫോറം, കൂടാതെ ഇന്റർ റിലീജിയസ് ഡയലോഗ്, ഗ്രാമനവോത്ഥാന യജ്ഞം, സർവ്വമതസമ്മേളനങ്ങൾ, ദളിത് ക്രൈസ്തവ അവകാശ സമരങ്ങൾ, മത്സ്യത്തൊഴിലാളി വിമോചനസമരങ്ങൾ, മദ്യ-ലഹരി വിരുദ്ധ സമരങ്ങൾ, പ്രതിഭാസംഗമം, സ്ത്രീശാക്തീകരണ മുന്നേറ്റങ്ങൾ, യുവജനവർഷ സ്മരണിക, യൂത്ത് പോളിസി, തീരരക്ഷായാത്ര എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങനെ യുവജനവർഷം വെറും ഒരു ആചരണമാക്കി മാറ്റാതെ വ്യക്തമായ ദിശാബോധത്തോടെ വിവിധ കർമ്മപരിപാടികൾ യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. കെ.സി.വൈ.എം., മിജാർക്ക്, യൂക്കരിസ്റ്റിക് യൂത്ത് മൂവ്മെന്റ്, ഐക്കഫ്, ജീസസ്സ് യൂത്ത് തുടങ്ങി കേരള കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന എല്ലാ യുവജന സംഘടനകളും യുവജനവർഷ കർമ്മപരിപാടികൾ ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തുവാൻ ത്യാഗപൂർവ്വം ശ്രദ്ധിക്കുന്നു.

ദൃശ്യമാധ്യമങ്ങളുടെയും, സാമൂഹിക മാധ്യമങ്ങളുടെയും തെറ്റായ സ്വാധീനം യുവജനങ്ങളിൽ നിന്ന് അകറ്റാൻ യൂത്ത് കമ്മീഷൻ മാധ്യമ ശിൽപ്പശാല, മാധ്യമങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള പരിശീലനം, ഇ-പ്രയർ, ഇ-കാറ്റകിസം, ഇ-യൂത്ത് എൻകൗണ്ടർ എന്നിവ സംഘടിപ്പിച്ച് ബോധവത്ക്കരണം നൽകുന്നു.

കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളിലെയും യുവജനങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. എല്ലാ യുവജന സംഘടനകളോടും കൈകോർത്ത് യുവജനവർഷത്തെ ഏറ്റവും ഫലപ്രദമാക്കുവാൻ പരിശ്രമിക്കുന്നു. യുവജനവർഷ പ്രവർത്തനങ്ങൾ ആനുകാലിക സമൂഹത്തിലും സഭയിലും വലിയ ശക്തി പകരുമെന്ന് പ്രത്യാശിക്കുന്നു. നമ്മുടെ യുവജനസഭയേയും, അതിന്റെ കർമ്മപരിപാടികളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒക്ടോബറിൽ റോമിൽ വച്ചു നടക്കുന്ന യുവജന സിനഡ്, കേരള സഭയിലെ യുവജന വർഷാചരണം, നമ്മുടെ എല്ലാ യുവജനസംഘടനകളുടെയും പ്രവർത്തനം

എന്നിവ വഴി സഭയിൽ യുവജനങ്ങളുടെ ആത്മീയ നവോത്ഥാനവും പ്രേഷിതമുന്നേറ്റവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഏവർക്കും യുവജനവർഷ ആശംസകൾ.

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

*N.B. ഈ സർക്കുലർ 2018 ജൂലൈ 1-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

18. PL. 29-251

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിത സമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

## പഞ്ചവത്സര അജപാലനപദ്ധതിയും കൈത്താക്കാലവും

ജൂലൈ 8 മുതൽ ആഗസ്റ്റ് 26 വരെ ഏഴ് ആഴ്ചകളുള്ള കൈത്താക്കാലം സഭാജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള ആരാധനാവത്സരകാലഘട്ടമാണ്. 12 ശ്ലീഹന്മാരുടെ തിരുനാളാചരണത്തോടെ ആരംഭിക്കുന്ന കൈത്താക്കാലത്ത് വിശേഷപ്പെട്ട പല സംഭവങ്ങളും തിരുനാളുകളും നാമാചരിക്കുന്നു. കുടുംബങ്ങളിൽ എത്തിച്ചിരിക്കുന്ന ആരാധനവത്സര കലണ്ടറിൽ നിന്ന് അവയുടെ വിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ മിശിഹാ മൂലക്കല്ലായി പണിയപ്പെട്ടിരിക്കുന്ന സഭ വളർന്ന് ഫലം പുറപ്പെടുവിക്കുന്നതിനെയാണ് കൈത്താക്കാലം മുഖ്യമായും അർത്ഥമാക്കുന്നത്. മിശിഹായോടുകൂടി ജീവിച്ച് അവനോടുള്ള കൂട്ടായ്മയിൽ ഒന്നുചേർന്ന ശ്ലീഹാന്മാരുടെ വിശ്വാസമാകുന്ന പാറയാണ് സഭയുടെ അടിത്തറ.

ദൈവത്തിന്റ പുത്രൻ എന്ന നിലയിൽ ഈശോമിശിഹായെ അറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതാണ് സഭയുടെ

ശക്തിയും ബലവുമെന്ന് ഈശോതന്നെ വെളിപ്പെടുത്തിയിരിക്കുന്നു. തന്നെക്കുറിച്ച് പലരും പല രീതിയിലാണ് മനസ്സിലാക്കിയിരിക്കുന്നതെന്നറിഞ്ഞ ഈശോ, തന്റെ ശിഷ്യന്മാർ താൻ ആരെന്നാണ് പറയുന്നത് എന്നു ചോദിച്ചപ്പോൾ ''നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു'' എന്ന് ശെമ്ഓൻ കേപ്പാ ഉത്തരം നൽകി. അതിനു മറുപടിയായി ഈശോ അരുളിച്ചെയ്തു.

> ''യോനായുടെ പുത്രനായ ശെമ്ഓനേ നീ ഭാഗ്യവാൻ! എന്തെന്നാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവല്ലാതെ ജഡവും രക്തവുമല്ല (ഇതു) നിനക്കു വെളിപ്പെടുത്തിയത്. ഞാൻ നിന്നോടു പറയുന്നു: നീ കേപ്പായാകുന്നു, ഈ കേപ്പാമേൽ എന്റെ പള്ളി ഞാൻ പണിയും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും'' (മത്തായി 16:14-19).

ഈശോമിശിഹാ ദൈവപുത്രനാണെന്നും ഈ സത്യം വെളിപ്പെടുത്തിയത് സ്വർഗ്ഗീയ പിതാവായ ദൈവം തന്നെയാണെന്നും, ഈ സത്യത്തിനുവേണ്ടി സ്വയം സമർപ്പിച്ച ശ്ലീഹന്മാരുടെ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിട്ട് ഈശോ രൂപം കൊടുത്ത സഭയെ ഒരു നാരകീയശക്തിക്കും തകർക്കാൻ സാധിക്കയില്ലെന്നും, സ്വർഗ്ഗീയമായ അധികാരത്തിലാണ് സഭ ഈ ലോകത്തിലായിരിക്കുന്നതെന്നുമാണ് ഈശോയുടെ വാക്കുകൾ വ്യക്തമാക്കുന്നത്. ഇതാണ് സഭയുടെ ശ്ലൈഹിക സ്വഭാവം.

സത്യസഭയുടെ വിശേഷണങ്ങളിലൊന്നാണ് അതിന്റെ ശ്ലൈഹികത. ഈ ശ്ലൈഹിക വിശ്വാസത്തിൽ പങ്കുചേർന്ന്, അതിന്റെ വിശുദ്ധ പാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തിക്കൊണ്ട് സഭയോടൊത്തു ചിന്തിക്കയും സഭയോടൊത്തു ജീവിക്കുകയും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുകയും ചെയ്യാൻ എല്ലാ സഭാമക്കളും വിളിക്കപ്പെട്ടിരിക്കുന്നു. മിശിഹായെ ഏറ്റുപറഞ്ഞ ശെമ്ഓൻ കേപ്പായെപ്പോലെയും, ''എന്റെ കർത്താവും എന്റെ ദൈവവും'' എന്നു പറഞ്ഞ് വിശ്വാസം പ്രഖ്യാപിച്ച തോമ്മാശ്ലീഹായെപ്പോലെയും സഭയോടൊത്തു ലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ നമ്മൾ അയയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ ലോകത്തിൽ നമ്മുടെ സഭാജീവിതം ഒരു പ്രേഷിതയാത്രയാണ്.

പെന്തെക്കുസ്താ തിരുനാളിൽ ഔദ്യോഗികമായി ആരംഭംകുറിച്ച സഭയുടെ പ്രേഷിതയാത്ര ലോകാവസാനത്തിൽ കർത്താവിന്റെ പ്രത്യാഗമനം വരെ തുടരേണ്ടിയിരിക്കുന്നു. ദൂരയാത്രയ്ക്കു പോയ യജമാനൻ തന്റെ ദാസർക്ക് കക്രാ നല്കി അദ്ധ്വാനിച്ചു ഫലമുളവാക്കാൻ ചുമതലപ്പെടുത്തുകയും, യാത്ര കഴിഞ്ഞ് തിരിച്ചുവന്ന് കണക്കു ചോദിക്കുകയും ചെയ്യുന്ന ഉപമ (മത്തായി 25:14-30) കൈത്താക്കാലത്തിന്റെ സന്ദേശം വ്യക്തമാക്കുന്നു. സഭയുടെ പ്രേഷിതദൗത്യത്തിൽ ഓരോരുത്തരും വഹിച്ച പങ്കിനനുസരിച്ച് പ്രതിഫലം ലഭിക്കും.

സഭയിൽ നമ്മുടെ പ്രേഷിതദൗത്യമെന്തെന്ന് ആഴത്തിൽ മനസ്സിലാക്കാനും അത് ഫലപ്രദമായി നിറവേറ്റാനും നമ്മൾ ആത്മാർത്ഥമായി പരിശ്രമിക്കണം. ഈ ദൗത്യനിർവ്വഹണം പരസ്പരബന്ധമില്ലാതെ ആർക്കും ഒറ്റയ്ക്ക് സാധിക്കയില്ല; സഭാകൂട്ടായ്മയുടെ ഭാഗമായി നിർവ്വഹിക്കേണ്ടതാണ്. ദൈവനിയോഗത്തിൽ ഒരു മെത്രാനാൽ നയിക്കപ്പെടുന്ന പ്രാദേശികസഭയായ രൂപതയോടു ചേർന്നുനിൽക്കുമ്പോഴാണ് വിശ്വാസികളുടെ സഭാത്മകജീവിതം യാഥാർത്ഥ്യമാകുന്നത്. പ്രായോഗികമായി അത് പ്രാവർത്തികമാകുന്നത് ഇടവക തലത്തിലാണ്. അതിനാൽ രൂപതയുടെ അജപാലന പദ്ധതിയോട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഓരോ ഇടവകയും സഹകരിക്കേണ്ടതുണ്ട്. രൂപതാ കൂട്ടായ്മയിലാണ് തങ്ങളായിരിക്കുന്നതെന്ന് ഓരോ ഇടവകസമൂഹത്തിനും ബോദ്ധ്യമുണ്ടായിരിക്കണം. ഇടവകയിലാകട്ടെ ഓരോ കുടുംബവും കുടുംബത്തിലെ ഒരോ അംഗവും ഇടവകയിലെ അജപാലന ശുശ്രൂഷകളിൽ സജീവമായി പങ്കുചേരണം. ഓരോരുത്തരും പങ്കാളികളാകേണ്ട മേഖലകളും പ്രവർത്തനങ്ങളും തിരിച്ചറിഞ്ഞ് സഹകരിക്കണം. അങ്ങനെയാണ് സഭയോടൊത്ത് ചിന്തിക്കയും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്.

## വിശ്വാസപരിശീലനം

അജപാലനമാർഗ്ഗരേഖയനുസരിച്ച് കൈത്താക്കാലത്ത് വിശ്വാസപരിശീലനത്തിനു മുൻഗണന കൊടുത്തിരിക്കുന്നു. സഭയുടെ വിശ്വാസത്തിലുള്ള പങ്കുചേരലാണിത്. സഭയാകുന്ന അമ്മയിൽ നിന്ന് ദൈവത്തിന്റെ മക്കളായി നമ്മൾ ജനിക്കുന്നു. വിശുദ്ധ മാമ്മോദീസായിലാണ് ഈ ആത്മീയജനനം സംഭവിക്കുന്നത്. തുടർന്ന് വിശുദ്ധ കൂദാശകളിലൂടെത്തന്നെ പുതുജീവൻ ശക്തിപ്പെടുകയും, പ്രത്യേകിച്ച് വിശുദ്ധ കുർബാനവഴി അനുദിനം പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. സഭാകൂട്ടായ്മയിലാണ് ഇവയെല്ലാം സംഭവിക്കുന്നത്. അതിനാൽ

വിശ്വാസപരിശീലനം എന്നത് ഒരാൾ സഭാകൂട്ടായ്മയിലേക്ക്, സഭയുടെ ജീവിതത്തിലേക്ക്, അതുവഴി മിശിഹായിലേക്ക് ആത്മീയമായി ഉൾച്ചേർക്കപ്പെടുന്ന പ്രക്രിയയാണ്. മിശിഹായുടെ ശരീരമാണല്ലോ സഭ. ഈ ലോകത്തിൽ മിശിഹായുടെ ദൃശ്യശരീരമായ സഭയിലെ അംഗങ്ങൾ എന്ന നിലയിൽ മിശിഹായെ ലോകത്തിനു കാണിച്ചുകൊടുക്കുകയാണ് നമ്മുടെ പ്രേഷിതദൗത്യം. ശരീരത്തിലെ ഏതെങ്കിലുമൊരു അവയവത്തിന് സ്വയമേ നിലനിൽപില്ലാത്തതുപോലെ സഭയിൽനിന്നു വേർപെട്ടു കഴിയുന്ന ഒരംഗത്തിനും ഫലപ്രദമായ സഭാത്മക ജീവിതം നയിക്കാനോ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനോ സാധിക്കയില്ല. അതുകൊണ്ടാണ് വിശ്വാസപരിശീലനത്തിന് സഭ പരമപ്രാധാന്യം നൽകുന്നതും വിശ്വാസത്തിന്റെ ആഘോഷമായ ആരാധനക്രമം സഭയുടെ ഏറ്റവും ശ്രേഷ്ഠവും ഫലപ്രദവുമായ പ്രവൃത്തിയായിരിക്കുന്നതും.

## വിശ്വാസപരിശീലനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടവ

- ഓരോരുത്തരുടെയും പ്രായത്തിനും ജീവിതാന്തസ്സിനുമനുസരിച്ചുള്ള വിശ്വാസപരിശീലനം എല്ലാവർക്കും ലഭിക്കേണ്ടതുണ്ട്. 'ചുട്ടയിലെ ശീലം ചുടല വരെ' എന്ന തത്വമനുസരിച്ച് ചെറുപ്രായത്തിൽത്തന്നെ ശരിയായ വിശ്വാസപരിശീലനം നൽകുന്നത് കൂടുതൽ ഫലം ചെയ്യും. അതിനാൽ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കു പ്രത്യേകം ശ്രദ്ധയുണ്ടാകണം. നല്ല മാതൃക കാണാനും നല്ല കുടുംബാന്തരീക്ഷത്തിൽ ജീവിക്കാനും കുഞ്ഞുങ്ങൾക്കിടയാകണം.

- വിവാഹം തുടങ്ങിയ വിശ്വാസ ജീവിതസംബന്ധമായ അവസരങ്ങളും സംഭവങ്ങളും ക്രിസ്തീയവിശ്വാസത്തിനും ധാർമ്മികതയ്ക്കും ചേരുന്നവിധം മാത്രമേ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യാവൂ.

- സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളിൽ വിശ്വാസപരിശീലനത്തിനാണ് മുഖ്യ പ്രാധാന്യം നൽകേണ്ടത്. ഞായറാഴ്ചയാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതിനു കോട്ടം വരുത്തുന്ന പരിപാടികൾ ഒഴിവാക്കണം.

- ഈ യുവജനവർഷത്തിൽ ഇടവകതലത്തിൽ എല്ലാ യുവജനങ്ങളെയും (16 മുതൽ 30 വയസ്സുവരെ) സംഘടിപ്പിക്കുകയും പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ഈശോയെപ്പോലെ വളർന്ന് സഭയിലും സമൂഹത്തിലും പ്രവർത്തിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യണം. 'യുകാറ്റ്' എന്ന യുവജനമതബോധനഗ്രന്ഥം പഠനവിഷയമാക്കുകയും ചെയ്യുക.

● ഇടവകകളിലെയും ഇതരതലങ്ങളിലെയും പള്ളിയോഗം പോലെയുള്ള ഔദ്യോഗിക സമിതികൾ വിശ്വാസപരിശീലനത്തിന് മുഖ്യ പ്രാധാന്യം നൽകിക്കൊണ്ട് അജപാലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അവ സംബന്ധിച്ചു നൽകപ്പെടുന്ന നിർദ്ദേശങ്ങളും പ്രബോധനങ്ങളും നടപ്പിലാക്കുകയും ചെയ്യുക.

● വിശ്വാസത്തിൽനിന്ന് അകന്നുപോകുകയോ വിശ്വാസം ഉപേക്ഷിക്കുകയോ ചെയ്തവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവരെ സഭാകൂട്ടായ്മയിൽ കൊണ്ടുവരാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്യുക.

● കുടുംബകൂട്ടായ്മകളിൽ എല്ലാവരും സംബന്ധിക്കുകയും അവയെ വിശ്വാസപരിശീലനത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും അവസരമാകത്തക്കവിധം സംഘടിപ്പിക്കുകയും ചെയ്യുക.

● സഭയ്ക്കും സഭാനേതൃത്വത്തിനും എതിരായി വ്യാജപ്രചരണങ്ങൾ നടത്തിയും, ആകർഷക വാഗ്ദാനങ്ങൾ നൽകിയും സഭയിൽനിന്ന് ആളുകളെ അകറ്റി ഭിന്നതയും സഭാവിരുദ്ധ മനോഭാവവും രൂപപ്പെടുത്തുന്നതിനെതിരെ ജാഗ്രത പുലർത്തുകയും വ്യക്തിപരമായ നല്ല ബന്ധങ്ങളിലൂടെ എല്ലാവരെയും സഭാകൂട്ടായ്മയിൽ ഉറപ്പിക്കുകയും ചെയ്യുക.


## ആചരണങ്ങളും തിരുനാളുകളും

കൈത്താക്കാലം വിശ്വാസപരിപോഷണത്തിനു സഹായകരമായ നിരവധി തിരുനാളുകളുടെയും ആചരണങ്ങളുടെയും അവസരമാണ്. വളരെ ലളിതമായും അർത്ഥവത്തായും അവ ആചരിക്കാവുന്നതാണ്. വിശ്വാസജീവിതത്തിന്റെ ധീരസാക്ഷികളും ഉത്തമമാതൃകകളുമായ രക്തസാക്ഷികളെയും വിശുദ്ധരായ സഭാപിതാക്കളെയും മറ്റു വിശുദ്ധരെയുമെല്ലാം കൈത്താക്കാലത്ത് നമ്മൾ അനുസ്മരിക്കുന്നുണ്ട്. അവരുടെ ജീവിതസാക്ഷ്യത്തെക്കുറിച്ച് കൂടുതലായി ആളുകളെ പഠിപ്പിക്കാൻ ഈ കാലത്ത് ശ്രമിക്കേണ്ടതാണ്. പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും അതിനൊരുക്കമായ പതിനഞ്ചുനോമ്പും കൈത്താക്കാലത്തിലാണ്. ഇവയെല്ലാം ശരിയായ ഒരുക്കത്തോടെ ആചരിക്കുകയാണെങ്കിൽ നമ്മുടെ വിശ്വാസജീവിതത്തിന് അത് ഉത്തേജനം നൽകും. വിജയം വരിച്ച സ്വർഗ്ഗത്തിലെത്തിയ വിശുദ്ധരും സഭയുടെ സ്വർഗ്ഗോന്മുഖമായ പ്രേഷിതയാത്രയിൽ വഴികാട്ടികളായി കൂടെയുണ്ട് എന്ന സത്യം നമുക്ക് ശക്തിയും പ്രത്യാശയും പകരും.

ഓരോ കുടുംബത്തിലും എത്തിച്ചിരിക്കുന്ന ആരാധനാവത്സര കലണ്ടറിൽ വൈത്താക്കാലത്തിൽ ചേർത്തിരിക്കുന്ന തിരുനാളുകളുടേയും ഇതര അനുസ്മരണങ്ങളുടേയും വിവരങ്ങൾ ഞായറാഴ്ചകളിൽ മുൻകൂട്ടി ദൈവജനത്തെ അറിയിച്ച് അവരെ ഒരുക്കാൻ ബഹു. വൈദികർ ശ്രദ്ധചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. സൺഡേ സ്കൂൾ ക്ലാസുകളിൽ കുട്ടികൾക്കും അവ വിശദീകരിച്ചുകൊടുക്കാൻ മതാദ്ധ്യാപകർ ശ്രദ്ധിക്കണം. കുടുംബക്കൂട്ടായ്മകളിലും ഓരോ കുടുംബത്തിലും അവ വേണ്ടവിധം അനുസ്മരിക്കാൻ ഇടയാക്കണം. അങ്ങനെ എല്ലാവരും സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും വിശ്വാസം ആഘോഷിക്കാനും ഇടയാകട്ടെ.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B. ഈ ഇടയലേഖനം ജൂലൈ 15-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

സർക്കുലർ

18 Ch. 200-275

# സഭാമക്കൾ വിവേകവും അച്ചടക്കവും പാലിക്കണം

മിശിഹായിൽ ബഹുമാനപ്പെട്ട വൈദികരേ,
സമർപ്പിതരേ, സഹോദരങ്ങളേ,

നിയമാനുസൃതമായ അധികാരത്തെ ആദരിക്കയും അനുസരിക്കയും ചെയ്യുന്ന, അച്ചടക്കവും പക്വതയുമുള്ള ഒരു സമുദായമായിട്ടാണ് കത്തോലിക്കാ സഭയെ പൊതുസമൂഹം കാണുന്നത്. അതിനു വിരുദ്ധമായി ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും അച്ചടക്കരാഹിത്യം അതിരുലംഘിക്കുന്ന സംഭവ വികാസങ്ങൾ സഭയിൽ ഉണ്ടാകുന്നത് വലിയ ഇടർച്ചയ്ക്കുതന്നെ കാരണമാക്കും. 'നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ' എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ നമുക്കൊരു മുന്നറിയിപ്പാണ്.

എവിടെയെങ്കിലും ഒരു പ്രശ്നമുണ്ടായാൽ ബന്ധപ്പെട്ടവരും ചുമതലപ്പെട്ടവരും അവിടെത്തന്നെ അതിനു പരിഹാരം കാണാനാണ് പരമാവധി ശ്രമിക്കേണ്ടത്. അതാണ് പക്വതയും വിവേകവും. അപ്രകാരം പരിഹരിക്കാൻ സാധിക്കുന്ന പ്രാദേശികവും ആഭ്യന്തരവുമായ പ്രശ്നങ്ങൾ അനാവശ്യമായി പൊതുമാധ്യമങ്ങളിലേക്കും സമൂഹത്തിലേക്കും കൊണ്ടുവന്ന് ചർച്ചകൾക്കും വാദകോലാഹലങ്ങൾക്കും വഴി തെളിക്കുന്നത് അവിവേകമാണ്. അതല്ല പ്രശ്നപരിഹാരത്തിന്റെയും സമാധാനത്തിന്റെയും മാർഗ്ഗം. അതിന്റെ പിന്നിൽ ചില നിഗൂഢലക്ഷ്യങ്ങളും സ്ഥാപിതതാല്പര്യങ്ങളും ഉണ്ടായെന്നുവരും.

വിവാദപരമായ ഒരു സംഭവത്തിന്റെ നിജസ്ഥിതി അറിയാൻ നിഷ്പക്ഷതയോടും ക്ഷമയോടുംകൂടി അന്വേഷണം നടത്തുന്നതിനുപകരം കേൾക്കുന്ന കാര്യങ്ങൾ കണ്ണുമടച്ച് വിശ്വസിക്കുകയും അപ്പാടെ പ്രതി

കരിക്കുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട്. ഈ സാഹചര്യത്തിലാണ് സത്യസന്ധവും നീതിപൂർവ്വവുമായ മാധ്യമപ്രവർത്തനങ്ങളുടെ പ്രസക്തിയും ആവശ്യകതയും. നിർഭാഗ്യമെന്നു പറയട്ടെ, അങ്ങനെയുള്ള ഉത്തരവാദിത്വബോധം ചിലപ്പോഴെങ്കിലും മാധ്യമങ്ങൾക്കില്ലാതെ പോകുന്നു. ഒരുപക്ഷെ, മാധ്യമപ്രവർത്തകരെ തെറ്റിദ്ധരിപ്പിച്ച്, സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി മാധ്യമങ്ങളുടെ വലിയ സ്വാധീന ശക്തിയെ ചൂഷണം ചെയ്യുന്നവരുടെ ഗൂഢതന്ത്രങ്ങളാകും ഇവയുടെയൊക്കെ പിന്നിൽ. ചിലപ്പോൾ ചില മാധ്യമങ്ങൾ തന്നെ പ്രശസ്തിയും പ്രചാരവും ഉന്നംവച്ച് ശരിയായ മാധ്യമധർമ്മം മറന്ന് സത്യത്തിനും നീതിക്കും വിലകല്പിക്കാതെ പ്രവർത്തിച്ചെന്നുവരാം.

ഏതായാലും സ്വകാര്യമോ പ്രാദേശികമോ ആയ ഒരു പ്രശ്നത്തെ നിജസ്ഥിതി അറിയാതെ യഥേഷ്ടം വ്യാഖ്യാനിച്ച് സഭയേയും സമുദായത്തെയും മുഴുവൻ പ്രതിക്കൂട്ടിലാക്കുവാനും അവമതിക്കുവാനും ഇടയാക്കത്തക്കവിധം അവതരിപ്പിക്കുന്നതിനെയും തരംതാണ പ്രതിഷേധപ്രകടനങ്ങൾ നടത്തുന്നതിനെയും നീതീകരിക്കാനാവില്ല. സഭാമക്കളുടെ ഭാഗത്തുനിന്നുതന്നെ ഇപ്രകാരം സംഭവിക്കുന്നത് തികഞ്ഞ അച്ചടക്കലംഘനമാണ്.

ഇപ്രകാരം പ്രവർത്തിക്കാൻ അവർ പ്രേരിതരാകുന്നത് തെറ്റിദ്ധരിപ്പിക്ക പ്പെട്ടതുകൊണ്ടോ സത്യാവസ്ഥ അറിയാത്തതുകൊണ്ടോ ആകാം. അവർ സത്യം ഗ്രഹിച്ചിരുന്നെങ്കിൽ ഒരിക്കലും ഇപ്രകാരം പ്രതികരിക്കയില്ലായിരുന്നിരിക്കാം. അതുകൊണ്ട്, കുരിശിൽ കിടന്ന് തന്റെ പീഡകർക്കുവേണ്ടി പ്രാർത്ഥിച്ച ഈശോയുടെ വാക്കുകൾ ആവർത്തിക്കാനാണ് തോന്നുന്നത്. ''പിതാവേ, അവരോടു ക്ഷമിക്കേണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല'' (ലൂക്കാ 23;24).

നുണ പ്രചരിപ്പിക്കുന്നതും ഭിന്നത ജനിപ്പിക്കുന്നതും പിശാചിന്റെ പ്രവൃത്തിയായിട്ടാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. പിശാച് ആരംഭം മുതലേ നുണയനാണെന്ന് ഈശോതന്നെ പറയുന്നു. നുണ പറഞ്ഞാണ് ആദിമനുഷ്യരെ പിശാച് ദൈവത്തിൽനിന്നകറ്റുകയും അവരെ തമ്മിൽ ഭിന്നിപ്പിക്കുകയും ചെയ്തത്. അതിന്നും തുടരുന്നു. മനുഷ്യരെത്തന്നെ അതിനുള്ള ഉപകരണങ്ങളാക്കുന്നു. സഭ പലപ്പോഴും ഇങ്ങനെയുള്ള പൈശാചികാക്രമണത്തിനിരയാകുന്നുണ്ട്. നന്മയ്ക്കുവേണ്ടിയുള്ള വിമർശനങ്ങൾക്കും പ്രതിഷേധങ്ങൾക്കും അതിന്റേതായ ഒരു മാന്യതയുണ്ട്, ഉദ്ദേശ്യശുദ്ധിയുണ്ട്. അവയിലൊരിക്കലും വിദ്വേഷവും വെറുപ്പും ഉണ്ടാവുകയില്ല, പരസ്യമായ കുറ്റവിചാരണയ്ക്കോ സ്വഭാവഹത്യക്കോ സ്ഥാനമില്ല, ആരുടെയും നാശം ആഗ്രഹിക്കുകയുമില്ല.

എന്നാൽ സന്മനസുള്ള ആരും ചെയ്യാൻ മടിക്കുന്ന വ്യക്തിവിദ്വേഷം നിറഞ്ഞ പ്രതിഷേധപ്രകടനങ്ങൾ നീതിപൂർവ്വവും സത്യസന്ധവുമായ പ്രശ്നപരിഹാരം ലക്ഷ്യം വയ്ക്കുന്നു എന്നു പറയാനാവില്ല.

തെളിയിക്കപ്പെടാത്ത ആരോപണങ്ങളുന്നയിച്ച് മേലധികാരത്തെ വെല്ലുവിളിക്കുന്നതും നിഷേധിക്കുന്നതും അവഹേളിക്കുന്നതും അംഗീകരിക്കാനാവില്ല. അത് സഭയുടെ വളർച്ചയ്ക്കു മങ്ങലേൽപിക്കും. തിന്മ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. പൈശാചികശക്തിയെ ദൂരെയകറ്റാൻ എന്തുചെയ്യണമെന്ന് ഈശോയുടെ തന്നെ വാക്കുകൾ നമുക്കുണ്ട് : ''ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ വർഗ്ഗം ബഹിഷ്കൃതമാവുകയില്ല'' (മത്തായി 17: 20).

ഉപവാസത്തിനും പ്രാർത്ഥനയ്ക്കും വളരെയേറെ പ്രാധാന്യം നൽകിയിരിക്കുന്ന സഭാപാരമ്പര്യവും ആരാധനക്രമവുമാണ് നമുക്കുള്ളത്. നമ്മുടെ പൂർവ്വികർ കാർക്കശ്യത്തോടെ അവ പാലിച്ചിരുന്നു. വിശ്വാസ ജീവിതത്തിലും ധാർമ്മികതയിലും ഉന്നതനിലവാരം പുലർത്തുവാനും സഭാകാര്യങ്ങളിൽ സജീവമായി പങ്കെടുക്കുവാനും ധാരാളം ദൈവവിളികൾ ഉണ്ടാകുവാനും സഭാധികാരികളോട് സ്നേഹവും ആദരവും അനുസരണയും പുലർത്തികൊണ്ട് അച്ചക്കമുള്ള ഒരു സമൂഹമായി നിലകൊള്ളുവാനും കഴിഞ്ഞതിന്റെ പിന്നിൽ പ്രാർത്ഥനയിലും ഉപവാസത്തിലും അധിഷ്ഠിതമായ ആദ്ധ്യാത്മിക ചൈതന്യത്തിന് വലിയൊരു പങ്കുണ്ട്. ഇപ്പോൾ അതിനൊക്കെ ഏറെ മാറ്റം സംഭവിച്ചിരിക്കുന്നു.

സഭയുടെ ആത്മീയശക്തിയുടെ മുഴുവൻ ഉറവിടമായ ആരാധനക്രമംതന്നെ സഭയിൽ ഒരു വിവാദവിഷയമായതും, ആരാധനക്രമത്തിന്റെ കേന്ദ്രവും ഏറ്റവും വലിയ ആരാധനയുമായ വി. കുർബാനപോലും അവഹേളനപരമായ പരാമർശങ്ങൾക്ക് വിധേയമാക്കിയതും സഭയിൽ ആത്മീയ ചോർച്ചയ്ക്കു കാരണമായിട്ടുണ്ട്. അതുപോലെതന്നെ, ഏഴാം നൂറ്റാണ്ടുമുതൽ നമ്മുടെ സഭാപാരമ്പര്യത്തിൽ സർവ്വാദരണീയമായി സ്വീകരിക്കപ്പെട്ടതും, ഉത്ഥിതനും ജീവിക്കുന്നവനുമായ കർത്താവിന്റെ പ്രതീകമായി വണങ്ങപ്പെടുന്നതും ആരാധനാപ്രതീകവുമായ മാർ സ്ലീവാ ദൈവദൂഷണസമാനമായ വിമർശനങ്ങൾക്കും തിരസ്ക്കരണങ്ങൾക്കും വിധേയമായത് അനേകം വിശ്വാസികളുടെ ആദ്ധ്യാത്മികജീവിതത്തിന് മങ്ങലേൽപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സഭയുടെ വിശുദ്ധമായ വിശ്വാസപാരമ്പര്യത്തിന്റെ ഘടകങ്ങൾപോലും സഭാമക്കൾ തന്നെ വിമർശിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന അവസ്ഥ വിശ്വാസപരവും ധാർമ്മികവുമായ അധഃപതനത്തിലേക്കായിരിക്കും നമ്മെ നയിക്കുന്നത്.

ഇപ്രകാരമുള്ള തിന്മയുടെയും വിശ്വാസവിരുദ്ധ ശക്തികളുടെയും സ്വാധീനത്തിൽനിന്ന് നമ്മൾ പൂർണ്ണമായും വിമുക്തരാകണം. ദൈവിക ശക്തിയിലൂടെ മാത്രമേ അതു സാധിക്കുകയുള്ളു. അതിനാൽ നമ്മുടെ കർത്താവിന്റെ ആഹ്വാനം അനുസരിച്ച് ഉപവാസവും പ്രാർത്ഥനയും വഴി നമുക്കു ജാഗ്രതയോടെ പരിശ്രമിക്കാം. എല്ലാ അതിരൂപതാം ഗങ്ങളെയും അതിനായി ഞാൻ ആഹ്വാനം ചെയ്യുന്നു. അതിരൂപത യിലെ സമർപ്പിതസമൂഹങ്ങളിലെ ബഹു. സിസ്റ്റേഴ്സിനെ ഇക്കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ലോകത്തിനു മുഴുവൻ നന്മയുടെയും സ്നേഹത്തിന്റെയും പ്രകാശം പരത്തേണ്ട സഭ അന്ധകാരശക്തികൾ ക്ക് അടിമപ്പെടാൻ പാടില്ല. 'നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' എന്നു പറഞ്ഞ കർത്താവിൽ വിശ്വാസമർപ്പിച്ചുകൊ ണ്ട്, സഭയുടെ അച്ചടക്കവും അനുസരണവുമുള്ള മക്കളാകാം; പ്രത്യാ ശയോടെ പ്രാർത്ഥിക്കാം. ഉപവാസത്തോടുകൂടിയുള്ള പ്രാർത്ഥന ദൈവം കേൾക്കുമെന്നതുകൊണ്ട് കഴിവുപോലെ ഉപവസിക്കുകയും ചെയ്യാം. പ്രാർത്ഥനയും ഉപവാസവും വഴി ആത്മാവിൽ ശക്തിപ്പെട്ട് പൈശാചിക പ്രലോഭനങ്ങളെ ജയിച്ചടക്കിയ ഈശോയുടെ കൃപ നാ മെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B. ഈ സർക്കുലർ ജൂലൈ 15-ാം തീയതി ഞായാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

## സർക്കുലർ

18 Ch. 201-276

# മദർ മേരി ഫ്രാൻസിസ്കാ ദ് ഷന്താൾ എസ്.എ.ബി.എസ്.

വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപകയും പ്രഥമാംഗവുമായ മദർ മേരി ഫ്രാൻസിസ്കാ ദ് ഷന്താളിന്റെ നാമകരണ നടപടികൾ ആരംഭിക്കുകയാണെന്നുള്ള സന്തോഷവാർത്ത നിങ്ങളേവരെയും അറിയിക്കുന്നു. 1880 ഡിസംബർ 23-ാം തീയതി ചമ്പക്കുളം വല്ലയിൽ കൊച്ചുമാത്തൂച്ചന്റെയും മറിയാമ്മയുടെയും അഞ്ചാമത്തെ സന്താനമായിട്ടാണ് മദർ ഷന്താൾ ജനിച്ചത്. മാമ്മോദീസായിൽ ഫിലോമിനാ എന്ന നാമം കുട്ടിക്ക് നൽകപ്പെട്ടു. 1901 - ൽ കുര്യാളശ്ശേരി ബഹു. തോമ്മാച്ചനുമായി പരിചയപ്പെടുകയും വി. കുർബാനയുടെ ആരാധന സന്യാസിനി സമൂഹ സ്ഥാപനത്തിനായി പരിശ്രമിക്കുകയും ചെയ്തു. 1908 ഡിസംബർ 8-ന് മറ്റ് അഞ്ച് അർത്ഥിനികളോടൊപ്പം ഫിലോമിന ശിരോവസ്ത്രം സ്വീകരിച്ച് മേരി ഫ്രാൻസിസ്കാ ദ് ഷന്താൾ ആയി മാറി. 1911 ഡിസംബർ 10-ന് സഭാവസ്ത്രം സ്വീകരിച്ച ഷന്താളമ്മ 1916 ഓഗസ്റ്റ് 21-ന് ചങ്ങനാശ്ശേരി അരമന ചാപ്പലിൽ വെച്ച് നിത്യവ്രതവാഗ്ദാനത്തിലൂടെ ദിവ്യകാരുണ്യ ഈശോയ്ക്ക് സമ്പൂർണ്ണ സമർപ്പണം ചെയ്തു.

ചെറുതാകലിന്റെയും ശൂന്യവത്ക്കരണത്തിന്റേയുമായ വി. കുർബാനയുടെ ആത്മീയത സ്വാംശീകരിച്ച മദർ ഷന്താൾ വി. കുർബാനയിലെ ഈശോയോട് അനിതരസാധാരണമാംവിധം വ്യക്തിബന്ധം സ്ഥാപിച്ചുകൊണ്ട് ദിവസത്തിന്റെ ഭൂരിഭാഗവും, രാത്രിയുടെ യാമങ്ങളിലും ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥനാലീനയായി. ദിവ്യകാരുണ്യ ആദ്ധ്യാത്മികതയുടെ പ്രകാശനമായ സ്വയം ദാനവും സ്വയം ത്യജിക്കലും മദറിന്റെ ജീവിതത്തിന്റെ ഭാഗമായി. ദിവ്യകാരുണ്യ ഈശോയോടുള്ള സ്നേഹം വേദനിക്കുന്നവരോടും, ദരിദ്രരോടും ഉൾച്ചേർന്ന്, അവരോട് സഹവസിച്ച്, അവർക്ക് സഹായഹസ്തം നീട്ടുവാൻ മദറിന്

കരുത്തു നൽകി. ദൈവത്തിന്റെ പൈതൃക സംരക്ഷണയിൽ വിശ്വാസമർപ്പിച്ച മദർ ഷന്താൾ തനിക്കുള്ളതും, മറ്റുള്ളവരോടു യാചിച്ചു ലഭിച്ചതും പാവപ്പെട്ടവർക്കു നൽകി.


ദൈവത്തെയും മനുഷ്യരെയും സ്നേഹിച്ച ഷന്താളമ്മ 1972 മെയ് 25-ന് ദിവംഗതയായി. മെയ് 26-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാനായിരുന്ന മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ അതിരമ്പുഴ മഠം ചാപ്പലിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു. ജീവിതകാലത്ത് സത്കൃത്യങ്ങളിലൂടെ നന്മ ചെയ്തു കടന്നുപോയ മദറിന്റെ കബറിടത്തിങ്കൽ ധാരാളം വിശ്വാസികൾ വന്ന് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ തേടുന്നതായി അറിയുന്നു. മദറിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള നാമകരണനടപടികൾ എത്രയും വേഗം ആരംഭിക്കണമെന്നുള്ള ആഗ്രഹം വിശ്വാസികളും അതിരമ്പുഴ ഇടവകയും ആരാധനാ സന്യാസിനി സമൂഹവും ഇതിനകം പ്രകടിപ്പിക്കുകയുണ്ടായി. ദീർഘമായ പ്രാർത്ഥനയുടെയും പരിചിന്തനത്തിന്റെയും പഠനത്തിന്റെയും ഫലമായി നാമകരണ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. രൂപതാ നടപടികളുടെ ഉദ്ഘാടനം 2018 ആഗസ്റ്റ് 4-ാം തീയതി ഉച്ചകഴിഞ്ഞ് 2.00-ന് അതിരമ്പുഴയിൽ നടത്തുന്നതാണ്. നാമകരണ നടപടികൾക്ക് ഉപകരിക്കുന്ന എന്തെങ്കിലും വിവരങ്ങൾ അറിയാവുന്നവർ നേരിട്ടോ അല്ലാതെയോ നാമകരണനടപടികളുടെ പോസ്റ്റുലേറ്ററായി നിയമിതനായിരിക്കുന്ന റവ. ഡോ. ജോസഫ് കൊല്ലാറയെ (Archbishops House, Changanacherry 1, Mob: 9946751381) അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. ദൈവഹിതമനുസരിച്ച് എല്ലാം നന്നായി നടക്കാൻ നിങ്ങളേവരുടെയും പ്രാർത്ഥനകൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B. ഈ സർക്കുലർ ജൂലൈ 22-ാം തീയതി ഞായാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*




## I

C.18/CN 01

## DECREE

**Initiating the Cause of Mother Mary Francesca de Chantal SABS Co-Foundress and the first member of the Congregation of the Sisters of the Adoration of the Blessed Sacrament**

Mother Chantal was born on December 23, 1880 in an ancient Catholic family in Champakulam-Kalloorkad parish in the Archeparchy of Changanacherry. God in His providence made Mother Chantal to be the Co-Foundress and the first member of the Adoration Congregation founded by Venerable Mar Thomas Kurialacherry to promote devotion to the Holy Eucharist. After her initial formation for religious life, Mother Chantal made her perpetual profession on August 21, 1916. Subsequently Mother Chantal co-operated with Venerable Mar Thomas Kurialacherry in upbringing the Adoration Congregation at an early stage of its inception. As a brave woman, she took up the challenges of starting more Convents, since there were many girls being attracted to the charism of the Congregation. At a time, when girls' education was totally neglected she took courageous steps to start girls schools with a view to realize the dream of the Founder to renew the families, societies and countries through educating girls. Being an ardent devotee of Holy Eucharist, Holy Eucharist was her source of power and strength in confronting the challenges in her life including the untimely death of Venerable Mar Thomas Kurialacherry, the Founder. In promoting devotion to Holy Eucharist, she offered herself as a holocaust with a personal attachment to the Eucharistic Lord, joyful suffering in silence, and compassionate love for the poor and the needy. She died on May 25, 1972 and was buried in the Convent Chapel at Athirampuzha. It is reported that many people from different parts of Kerala are coming to her tomb to pray and are getting favours through her intercession. Also many have expressed their great desire to see Mother Chantal to be raised to the status of a Saint by the Catholic Church.

And therefore, I have accepted the request of this Congregation, presented in the form of a *Libellus* according to law, by the Postulator, Rev. Dr. Joseph

Kollara and declare hereby that I am initiating the Cause of the Servant of God "Mother Mary Francesca de Chantal".

All who are in possession of any documents that are deemed to promote or hinder the said Cause are hereby requested and ordered to bring them to my attention or that of my duly appointed delegate, whose name will be made public in due course.

Decree issued on June 27 in the year dated 2018

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

## II

C.18/PD 283

## DECREE

In virtue of my pastoral office, I hereby constitute, in conformity with Canon 271 of the Codex Canonum Ecclesiarum Orientalium, the new College of Archeparchial Consultors consisting of the following members:

1. Mar Thomas Tharayil
2. V. Rev. Fr Joseph Mundakathil
3. V. Rev. Fr Mani Puthiyidom
4. V. Rev. Fr Philips Wadakekalam
5. V. Rev. Fr Thomas Padiyath
6. V. Rev. Fr Philip Thayil
7. V. Rev. Fr Isaac Alencherry
8. V. Rev. Fr Jacob Varikattu
9. V. Rev. Fr Mathew Changankary
10. V. Rev. Fr Joseph Vaniapurackal
11. V. Rev. Fr Thomas Mangalathu

The new College of Archeparchial Consultors is constituted for a period of five years with effect from July 03, 2018.

Given at the Metropolitan Curia on June 29, 2018

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

Fr Isaac Alencherry
Chancellor

## III
## TRANSFERS & APPOINTMENTS

| V. Rev/Rev Frs | Transferred from | Trasferred to |
|---|---|---|
| Ambalathumparampil Francis | Padaharam | Puthenanagady |
| Anchil Mathew | Kollam | Thirumala |
| Aranjaniyil Geevarghese | Paduvapuram, SL Puram | Kallooppara & Boys Home, Puthussery |
| Aruparayil Joseph | Kannady St Rita | Thakazhy-Thennady |
| Chackumkal George | | Chennamkary LM |

| | | |
|---|---|---|
| Chakalackal Soji MCBS | Ambalapuzha | Relieved |
| Chalackal Joseph | Rajagiri, Thekkupara | Kudumbajyothi, Manackachira |
| Chekonthayil Thomas | | Kizhakkemithrakary (addl) |
| Chempilakam Joseph | Punnavely, Nedumkunnam School | Changanakary, Georgian School, Edathua |
| Chethipuzha Jacob | Eravinalloor | Mavelikkara |
| Elanjimattom Joseph | Vettithuruthu, Kudumba Jyothi | Study Bangalore |
| Ettolil Sebastian MCBS | Asso. Pastor, Parel | Asso. Pastor, Athirampuzha |
| Kachamkode Antony | Pampady | Attingal & Amala Pastoral Centre Venjarammoodu |
| Kadaprakunnil Joseph | | Punnavely (addl) |
| Kadathukalam Abraham | Parampuzha | Kalloorkad-Champakulam Basilica |
| Kainikara Thomas | Mavelikkara | Dean of Studies, CANA (addl) |
| Kalathil Joseph | Kizhakkemithrakary | Metropolitan Tribunal |
| Kanchickal Philip | Kumarapuram, Kariyil | Pulimugham f. |
| Kanikunnel James | Mannancherry | Thottuvathala (Alapuzha resi) |
| Kappamuttil George | | M Th Vadavathoor (addl) |
| Karakkadu Thomas | Thirumala | Anakulam, Meenkulam CBSE School |
| Karukaparampil Cherian | Sandesanilayam | Parampuzha |
| Kochuchira Joseph | | Mampuzhakary, KVS |
| Kochuparampil Sebastian | | Kannammoola |
| Koottummel George | Amala Theological College | Animator, Niranam Seminary Rector, Niranam Shrine |
| Koottummel Sebastian | | Eravinalloor (addl) |
| Kottayil Mathew | Meenkulam, CBSE School | Study, Paurastya Vidyapitham |
| Kudilil James | | Asst. Sandesanilayam, CML & VB |
| Kunnathukuzhy Sebastian SDB | | Vallamchira |
| Kunnumkottu Rijo CSSR | Karavaloor | Relieved |
| Kunnumpurathu Mathew MCBS | | Emmaus Sreekaryam |
| Kunnuparampil Joseph | Arumanoor | Chunkappara |

| | | |
|---|---|---|
| Kuzhippallil Jacob | Amboory F | Rajagiri, Thekkupara |
| Kuzhiyadiyil Joseph | KLM | Kumaranalloor |
| Madathiparampil John | Vallamchira | Vavode |
| Madickankal George CRM | | Ambalapuzha |
| Maliekal Mathew | Peroorkada | Kesavadasapuram |
| Manavath Varkey | | Notary, Metro. Tribunal (addl) |
| Mannathara Joseph | Vaipur New | Study |
| Mannumadom George | Venjarammoodu, Attingal | Mannancherry |
| Mullanpara John | | Principal, SB College |
| Muppathilchira Martin | | Veliyanadu St Xavier, Assistant Manager St Joseph Book Stall, Chry |
| Muriyankavunkal Dominic | Niranam | Vadavathoor Seminary |
| Muthalakavil Antony | Dalummugham, Pachakadu | Muhamma |
| Padinjareveettil Thomas | SB College, Changanacherry | On leave |
| Padiyath Thomas | | Syncellus |
| Palackal James | Syncellus | Mission Superior, Jaipur |
| Palamattam Alexander | Perumkavu | Arumanoor |
| Panackezham George | Purackad | Chennamkary |
| Panackezham Joseph | Manackachira | Panayampala |
| Parackal Joseph | Pulimugham | Chengalam f |
| Parathara Thomas | Mampuzhakary | Vice Prin., Assumption College |
| Parathottal Thomas | Payattupakka | Thadiyoor, Ezhumattoor |
| Pathalil John | Thottuvathala | Kumarapuram f |
| Pattathanam Stephan | Muhamma | Kollam |
| Pazhayamadam Cyriac | Kalloopara & Boys Home, Puthusserry | Kannady St Rita |
| Pazhayamadam James | Pulickakavala | Relieved |
| Peelianickal Thomas | KVS, Thekkekara St. Seb | Relieved |
| Perumpalathussery Abraham | SJCC, Kurisummood | Director, Sandesanilayam |

| | | |
|---|---|---|
| Plaparampil Joseph | Kannammoola | Pastoral Ministry, Germany |
| Plathanam John | Chunkappara | Guest Lecturer, SB College & Asso. Pastor, Ithithanam |
| Plathottam Joseph | | Vice Principal, SB College |
| Plathottathil Thomas | Veliyanad St Xavier | Pampady, SM Public School, Kooro-pada |
| Poovathunkal Joseph | Mundathanam | Retired, Associate Pastor, Parel |
| Poovathussery Joseph | Thakazhy-Thennady | Perumkavu |
| Pulichamackal Mathew | Puthenangady | Purackad |
| Puthenchira Jose | Changankary | KLM, ATMATA |
| Puthenkalam Antony | Kumaranalloor | M Th Vadavathoor & Bursar, MOC |
| Puthenkalam Tom | | Princi. Amala Theo. College (addl.) |
| Puthiaparampil Jose | Vadavathoor Seminary | Spiritual Fr., Kurichy Seminary |
| Puthuparampu Devasia | Chennamkary LM | Bursar & Hostel Warden SJCC |
| Puthusseril Sebastian | Vavode | Vettithuruthu, Lect. Assumption Coll. |
| Thanamavunkal Varghese | Dean of Studies CANA | Arch. Pastoral Animator (addl.) Thekkekara St Sebastians |
| Thannippara Jose MST | | Dalummugham, Pachakad |
| Thanniath Thomas | ATMATA, Thekkekara St Seb | Paduvapuram, SL Puram |
| Thattassery Antony | Chengalam | Payattupakka |
| Thoompunkal Joseph Sr | Alapuzha Forane | Mundathanam |
| Thundiyil Johnson | Panayampala | Vaipur New |
| Thyparampil Joseph | Anakulam | Relieved |
| Vadakkekalam John | Kesavadasapuram | Peroorkada |
| Valiaparampil Cyriac MCBS | Chennamkary | Pulickakavala |
| Vallathara Aloysius | Thadiyoor Ezhumattoor | Padaharam |
| Valliyamthadathil Joseph MCBS | Emmaus Sreekaryam | Relieved |
| Vaniapurackal Joseph | Kalloorkad-Champakulam | Alapuzha F |
| Veliyathu Roy CSSR | | Karavaloor |

## Parochial Vicars

| | | |
|---|---|---|
| Arackaparampil Jeffin Francis CRM | Amboory | Relieved |
| Assamparampil Jomon OFM Cap | Spiritual Asst., SFO | Relieved |
| Kochumalayil Dominic CRM | | Koilmuck-Edathua F |
| Kottucheradiyil Wales Mathew | | Amboory F |
| Nellankuzhiyil Micheal HGN | Edathua Koilmuck F | Relieved |
| Panachinkal Antony (Satna) | Kudmaloor | Reieved |
| Pockavarayathu Antony | Ithithanam | Study |
| Pulickiyil  Lijin OFM Cap | | Kudamaloor F |
| Punnakalayil Varghese | Edathua Koilmuck F | Jaipur Mission |
| Punnakuzhiyil Jerin Jose CFIC | Thiruvananthapuram | Relieved |
| Valiamangalam Jinto CMI | | Kariyil f. church |
| Valimalayil Shinto Joseph  CRM | Mammoodu | Relieved |
| Vellanickal Thomas | | Koilmuck- Edathua F |
| Venattu Joseph OCD | | Thiruvananthapuram F |
| Vettikalayil Thomas OFM Cap | | Spiritual Asst., SFO |

## IV

### 14 വയസിൽ താഴെ പ്രായമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഘോഷയാത്രയിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നല്കുന്ന നിർദ്ദേശങ്ങൾ [ഡി.സി.പി.യു. (എ)/600/8]

കുട്ടികൾ പങ്കെടുക്കുന്ന ഘോഷയാത്രയിൽ അവരുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ബാലാവകാശങ്ങൾ ലംഘിക്കാനോ നിർബന്ധിച്ച് പങ്കെടുപ്പിക്കാനോ മൂന്നുമണിക്കൂറിൽ കൂടുതൽ ദൈർഘ്യമുണ്ടാവാനോ പാടില്ല. പ്രവൃത്തി ദിനങ്ങളിൽ 9:30 a.m. മുതൽ 4:30 p.m. വരെയും അവധിദിനങ്ങളിൽ 10:00 a.m. മുതൽ 3:00 p.m. വരെയും കുട്ടികളെ നിർബന്ധിച്ച് ഘോഷയാത്രയിൽ പങ്കെടുപ്പിക്കാൻ പാടില്ല. ഘോഷയാത്രയുടെ അവസരത്തിൽ നൽകുന്ന ഭക്ഷണപാനീയങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതും അടിയന്തിര വൈദ്യസഹായത്തിനുള്ള ക്രമീകരണങ്ങളും മറ്റു സുരക്ഷാ സംവിധാനങ്ങളും ഒരുക്കേണ്ടതുമാണ്. ഘോഷയാത്ര നടത്തുന്നതിന് ജില്ലാ കളക്ടറുടെയോ നിയോഗിക്കപ്പെട്ടിരിക്കുന്ന മറ്റ് അധികാരിയുടെയോ അനുമതിക്കൊപ്പം ജില്ലാ പോലീസ് മേധാവിയുടെ മുൻകൂട്ടിയുള്ള അനുമതിയും വാങ്ങേണ്ടതും സാധാരണക്കാരന്റെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കേരള സർക്കാർ ജില്ലാ

തലത്തിൽ പുറപ്പെടുവിച്ചിരിക്കുന്ന ഈ സർക്കുലറിലെ നിർദേശങ്ങൾ അതിരൂപതയിലെ വിവിധ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.

## V
## വാർഷികകണക്കുകൾ

2016-2017 -ലെ വാർഷിക കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കാത്ത പള്ളികൾ 2016-2017 ലെയും 2017-2018 ലെയും കണക്കുകൾ ഉടൻ തന്നെ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഓഗസ്റ്റ് മാസത്തെ വേദപ്രചാരമദ്ധ്യസ്ഥനിൽ ഓരോ പള്ളികളിൽ നിന്നും കിട്ടിയ പ്രത്യേക പിരിവുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

## VI
## 12A രജിസ്ട്രേഷൻ സംബന്ധിച്ച്

Income Tax/GST Act നിയമങ്ങളനുസരിച്ച്,

1. ഇതുവരേയും PAN Card ന് അപേക്ഷ സമർപ്പിക്കാത്ത പള്ളികൾ,
2. ഇതുവരേയും Income Tax നിയമം 12 A അനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത പള്ളികൾ,
3. Income Tax നിയമമനുസരിച്ച് 12 A പ്രകാരം രജിസ്റ്റർ ചെയ്തിട്ട് ഇതുവരേയും Income Tax Return കൊടുക്കാത്ത പള്ളികൾ,
4. ഓഡിറ്റോറിയം വാടക പ്രതിദിനം 10000 രൂപയിൽ കൂടുതലുള്ള പള്ളികൾ അവയുടെ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ കൂടുതലെങ്കിൽ,
5. കടമുറി വാടക പ്രതിമാസം 10,000 രൂപയിൽ കൂടുതൽ ഉള്ളതും വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ കൂടുതൽ ഉള്ള പള്ളികൾ.

ടി വിവരങ്ങൾ അതിരൂപതാ ഓഡിറ്ററെ അറിയിക്കേണ്ടതാണ്.

**P.J. Joseph FCA,**
**Mob: 9446203183, 9995103183, 2424471, 2468551 (R)**

## ഹൃദയംനിറഞ്ഞ നന്ദി...

വെള്ളപ്പൊക്കം മൂലം ദുരിതം അനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് അതിരൂപതയിലെ വിവിധ ഇടവകകളും സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഭക്തസംഘടനകളും വിവിധ സന്യാസിനി സമൂഹങ്ങളും ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുത്തത് ഏറെ നന്ദിയോടെ ഓർക്കുന്നു. അതിരൂപതാ കുടുംബത്തിന്റെ പേരിലുള്ള സ്നേഹവും പ്രാർത്ഥനയും അറിയിക്കുന്നു.

# എല്ലാവർക്കും പ്രിയങ്കരനായിരുന്ന ബഹു. ഫാ. ജോർജ് കളത്തിൽ



നമ്മുടെ കർത്താവിന്റെ സഹനത്തിലും മരണത്തിലും അവനോടൊത്ത് പങ്കുകാരാകുന്നവർ അവിടുത്തെ ഉയിർപ്പിലും പങ്കുകാരാകുമെന്നു വി. പൗലോസ് അപ്പസ്തോലൻ പറഞ്ഞിരിക്കുന്നത് മനസ്സിൽ കുറിച്ചിട്ടുകൊണ്ടാണ് ബ. ഫാ. ജോർജ് കളത്തിലിന്റെ ചരമത്തെക്കുറിച്ച് നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ ആരംഭിക്കുന്നത്. തനിക്കിഷ്ടം ഉള്ളവരെ കർത്താവു വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നത് വി. മർക്കോസ് സുവിശേഷകൻ മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞുതരുന്നതു നമുക്കു കാണാം. തന്നോടുള്ള വ്യക്തിപരമായ ഇഷ്ടം കൊണ്ടാണു കർത്താവുതന്നെ പൗരോഹിത്യത്തിലേക്കും വിളിച്ചതും അവിടുത്തേക്ക് ഇഷ്ടമുള്ള ദൗത്യങ്ങൾക്കു നിയോഗിച്ചതും എന്നു ശരിക്കും മനസ്സിലാക്കിയിട്ടുതന്നെയാണു ജോർജച്ചൻ പൗരോഹിത്യത്വത്തെ സ്നേഹിച്ചതും വിലമതിച്ചതും ഏല്പിക്കപ്പെട്ട ശുശ്രൂഷകൾ വിശ്വസ്തതയോടെ നിർവഹിച്ചതും. ഒടുവിൽ 2003 വർഷരാംഭം മുതൽ രോഗാവസ്ഥയിൽ ഇത്തിത്താനത്തുള്ള വൈദികമന്ദിരത്തിൽ വിശ്രമമാർത്ഥം പ്രവേശിക്കപ്പെട്ടു. അവിടെ കഴിഞ്ഞ 15 വർഷക്കാലം കർത്താവിന്റെ കുരിശിലേ സഹനത്തോടു ചേർത്ത് തന്റെ ജീവിതം ഒരു ബലിയായി കാഴ്ച വച്ചു. 27.4.18 ന് പൗരോഹിത്യത്വത്തിന്റെ അൾത്താരയിൽ നാഥനുള്ള സ്നേഹബലിയായി സമർപ്പിക്കപ്പെട്ടു. 1.5.2018-ൽ തന്റെ ഇടവകയായ പള്ളിക്കൂട്ടുമ്മ ഫാത്തിമാമാതാ ദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടു.

കളത്തിൽ ബ. ജോർജച്ചൻ 28.4.1941 ൽ ജനിച്ചു. 4.5.41 ൽ പള്ളിക്കൂട്ടുമ്മ ഇടവക ദൈവാലയത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. പുന്നക്കുന്നം സെന്റ് മേരീസ്, പുളിംങ്കുന്നു സെന്റ് ജോസഫ്സ് സ്കൂളുകളിൽനിന്നു വിദ്യാഭ്യാസം സ്വീകരിച്ചു. പൗരോഹിത്യത്തിലേക്കുള്ള തന്റെ ദൈവവിളി തിരിച്ചറിഞ്ഞു 1958 ൽ പാറേൽ സെന്റ് തോമസ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. തുടർന്ന് സെന്റ് ജോസഫ്സ് മേജർ സെമിനാരിയിൽ ഫിലോസഫി പഠനവും മംഗലപ്പുഴ സെമിനാരിയിൽ തിയോളജി പഠനവും പൂർത്തിയാക്കി. 18.12.1967 ൽ അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടിൽനിന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽവച്ചു പൗരോഹിത്യം സ്വീകരിച്ചു.

അദ്ദേഹത്തിന്റെ ആദ്യശുശ്രൂഷാരംഗം കാവാലം ഇടവകയിലെ അസിസ്റ്റന്റ് വികാരിയായി 27.4.1968 മുതൽ 5.6.71 വരെ ദീർഘിച്ചു. ശാന്തശീലനും വിനയാന്വിതനുമായ കൊച്ചച്ചന്റെ ശുശ്രൂഷകൾ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായിരുന്നു. തുടർന്നുള്ള ഒരു വർഷം നരിക്കല്ലിലുള്ള മാക്കന്നൂർ ദൈവാലയത്തിന്റെ വികാരിയായി രണ്ടു വർഷം സേവനം ചെയ്തു. 19.10.72 മുതൽ 16.5.74 വരെ

ആയൂരിലുള്ള ചെറിയ വെളിനല്ലൂർ, എരൂർ ഇടവകകളിൽ ശുശ്രൂഷ നിർവഹിച്ചു. തുടർന്നുള്ള മൂന്നു വർഷങ്ങൾ കമ്പംമേട്ടിലുള്ള ഇടവകയുടെ വികാരിയായി 21.6.77 വരെ കർത്താവിന്റെ ഇടയനായി ജോലി നിർവഹിച്ചു. പിന്നീടുള്ള രണ്ടു വർഷങ്ങൾ മല്ലപ്പള്ളി ഇടവകയുടെ വികാരിയായും ഓർഫനേജിന്റെ ഡയറക്ടറുമായി സേവനം നിർവഹിച്ചു.

അടുത്ത ഒരു വർഷക്കാലം സാമൂഹ്യപ്രവർത്തനത്തിനുവേണ്ട പരിശീലനം നേടുവാനായി കാനഡായിലുള്ള ക്രാഡി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തുവാൻ പോയി. തിരുച്ചുവന്ന് 9.2.80 മുതൽ യുവദീപ്തി, കെ.സി.എസ്.എൽ., സി.എം.എൽ. വൊക്കേഷൻ ബ്യൂറോ എന്നീ സംഘടനകളുടെ ഡയറക്ടറായി 20.10.1982 വരെ സ്തുത്യർഹമായ സേവനം നിർവഹിച്ചു. വീണ്ടും നിദ്രവിള, വയലിൻകര എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. 9.11.1984 മുതൽ 25.6.87 വരെ പുല്ലങ്ങടിപള്ളിയുടെ വികാരി ആയാണു സേവനം ചെയ്തത്. തുടർന്ന് 16.2.90 വരെ കുമരകം വടക്കുംകരയുടെ വികാരിയായി ജോലി ചെയ്തു. 20.6.90 മുതൽ നസ്രത്ത് പള്ളിയിലായിരുന്നു അദ്ദേഹത്തിന്റെ സേവനം. 28.5.1992 മുതൽ 16.2.95 വരെ അമ്പൂരി ഫൊറോന പള്ളിയുടെ വികാരിയായി ശുശ്രൂഷ നിർവഹിച്ചു. തുടർന്നു മൂന്നു വർഷക്കാലം കോട്ടയം ഫൊറോന പള്ളിയുടെ വികാരിത്വമാണു നിർവഹിച്ചത്. കല്ലൂപ്പാറയിലുള്ള ബോയിസ് ഓർഫനേജിന്റെ ഡയറക്ടറും പുതുശ്ശേരിപ്പള്ളിയുടെ വികാരിയുമായി 28.4.98 മുതൽ 25.6.2002 വരെ ചെയ്ത ശുശ്രൂഷയോടെയാണ് ബ. ജോർജ് അച്ചന്റെ ആക്ടീവ് സർവ്വീസ് പര്യവസാനിക്കുന്നത്. അടുത്ത ഏതാനും മാസങ്ങൾ നെടുംകുന്നത്തെ മദർ തെരേസാ ഹോമിൽ അദ്ദേഹം ചിലവഴിച്ചു. 2003 ആരംഭം മുതൽ വൈദികമന്ദിരത്തിൽ വിശ്രമം ജീവിതത്തിലേക്കു പ്രവേശിച്ചു. സഹനം നിറഞ്ഞ ആ ജീവിതത്തിലും പ്രസന്നവദനായി സന്തോഷത്തോടെ എല്ലാവരോടും പെരുമാറിയിരുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഈ എളിയവരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം നീ എനിക്കു തന്നെയാണു ചെയ്തതെന്നു പ്രഖ്യാപിച്ചിട്ടുള്ള കർത്താവ് നിന്റെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കും എന്ന വാഗ്ദാനം നിറവേറ്റി പ്രിയപ്പെട്ട ജോർജ് അച്ചനെ നിത്യമായി സമ്മാനിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പൗവ്വത്തിൽ, മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാർ മൂന്നുപേരും ബഹു. കളത്തിലച്ചന്റെ സംസ്കാരശുശ്രൂഷകളിൽ വിവിധ ഘട്ടങ്ങളായി പങ്കെടുത്ത് അദ്ദേഹത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയുണ്ടായി. ധാരാളം വൈദികരും കന്യാസ്ത്രീകളും കർമ്മങ്ങളിൽ സംബന്ധിച്ച് അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

**ഫാ. മാത്യു കല്ലുകളം**

# പഞ്ചവത്സര അജപാലനപദ്ധതി

ഈശോയിൽ പ്രിയരേ,

ജൂലൈ 8-ാം തീയതി മുതൽ കൈത്താക്കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുമ്പോൾ പഞ്ചവത്സര അജപാലനപദ്ധതിയിൽ ഈ ആരാധനവത്സര കാലഘട്ടത്തിൽ നാം കൂടുതൽ ശ്രദ്ധ നൽകുന്ന അജപാലനമേഖല വിശ്വാസപരിശീലനം ആണ്. ഇതുവരെ നിർവാഹസമിതികൾ രൂപീകരിക്കാത്ത ഇടവകകൾ എത്രയും പെട്ടെന്ന് അത് ചെയ്യണമെന്നും കൈത്താക്കാലത്തിൽ ചെയ്യാനായി പഞ്ചവത്സര അജപാലനപദ്ധതി മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നിർവാഹകസമിതികൾ ശ്രദ്ധിക്കണമെന്നു ഓർമ്മിപ്പിക്കുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളും സംഘടനകളും ഇടവകയിലെ വിവിധ പ്രായക്കാർക്കുവേണ്ടിയുള്ള വിശ്വാസപരിശീലനവേദികളും (സൺഡേസ്കൂൾ, മിഷൻലീഗ്, യുവദീപ്തി, മാതൃ-പിതൃവേദികൾ തുടങ്ങിയവ) ഇതരസംവിധാനങ്ങളും പ്രസ്തുത നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമല്ലോ. പ്രായോഗികനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**കൈത്താക്കാലം - വിശ്വാസപരിശീലനം പ്രായോഗികനിർദ്ദേശങ്ങൾ**

1. കുടുംബപ്രാർത്ഥന, നോമ്പാചരണം തുടങ്ങിയവയുടെ പ്രാധാന്യം ചെറുപ്പം മുതലേ കുട്ടികൾക്കു മനസിലാക്കിക്കൊടുക്കുകയും താത്പര്യത്തോടെ അവയിൽ പങ്കുചേരാൻ അവരെ ഒരുക്കുകയും ചെയ്യുക.
2. കുടുംബത്തിലെ വിവാഹം, മരണം തുടങ്ങിയ അവസരങ്ങൾ വിശ്വാസപരിശീലനവേദികളാക്കാൻ വികാരിയച്ചന്മാരും ഇടവകയിലെ സമർപ്പിതരും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ശ്രദ്ധിക്കുക.
3. സൺഡേസ്കൂൾ, വിവിധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന മത്സരങ്ങൾ നിർബന്ധമായും വിശ്വാസപരിശീലനവേദികളാകണം. അവയോടനുബന്ധമായി പ്രബലമാകുന്ന മത്സരബുദ്ധിയും കലഹങ്ങളും പലപ്പോഴും വിപരീതഫലങ്ങളുണ്ടാക്കുന്നു.
4. ഇടവകകളിലെ ഞായറാഴ്ചയാചരണത്തിനു തടസ്സം വരുത്തുന്ന പരിപാടികൾ ക്രമീകരിക്കാതിരിക്കാൻ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും ശ്രദ്ധിക്കുക. പ്രത്യേകിച്ച് കുട്ടികളുടെ പരിശുദ്ധ കുർബായർപ്പണത്തിനും വിശ്വാസപരിശീലനത്തിനും ഭംഗംവരുത്തുന്ന ട്യൂഷൻ, കോച്ചിംഗ് തുടങ്ങിയ പരിപാടികൾ ഒഴിവാക്കണം.
5. കെ.സി.ബി.സി. യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷം നമ്മുടെ അതിരൂപതയിലെ യുവജനപ്രേഷിതപ്രസ്ഥാനവുമായി ചേർന്നു നിന്നു യുവജനങ്ങളുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതി ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി ഇടവകകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്യാസിനി സമൂഹങ്ങൾ (തുടർച്ച)

| | | |
|---|---|---|
| 1 | St. John Baptist Nedumkunnam | S. H Parel, Amboory, Peroorkkada, |
| 2 | St. Antonys Anickadu | S. H Ariyankavu, Arpookkara |

| | | |
|---|---|---|
| 3 | St. Josephs Champakkara | S. H Ayoor, Chanjody |
| 4 | St. Josephs Ezhumattoor | S. H Vadavathoor, Dalmukham |
| 5 | St Antony's Thadiyoor | SH Convent, Dalmukham |
| 6 | Lourde Matha Kallooppara | S. H Karikkattoor, Vaipur |
| 7 | St. Marys Koothrappally | S. H Karumady, Puthuppally |
| 8 | St. Athanesious Mallappally | S. H Prayer House Karikkattor, Kavalam |
| 9 | St. Antonys Mundathanam | S. H Kottayam, Kuchappuram |
| 10 | St. Sebastians Panayampala | S. H Prethyashabhavan, Ktm, S H C Kumarakom |
| 11 | St. Josephs Vaipur New | S. H Kunnamkary, Mudiyoorkkara |
| 12 | St. Marys VaipurOld | S. H Mampuzhakkary, Mayam |
| 13 | St. Antonys Mylady | St. Mary's Hospital, Ariyankavu |
| 14 | St. Sebastians Vettickapurayidom | S. H Muttar, Jyothisbhavan, Mudiyoorkkara |
| 15 | St. Mary's Kudamalloor | S. D. Convent, Podippara |
| 16 | L.F. Arppookkara | S. D. Convent, Mercy Home, Chethipuzha |
| 17 | St.George Aikkarachira | S. D. Convent, Alappuzha |
| 18 | St. Antony's Cheepumkal | S. D. Convent, Kottangal |
| 19 | St.Francis De Sales,Kiliroor | S. D. Convent, Nazarath |
| 20 | Navanazarath, Kumarakom | S. D. Convent, Manalady |
| 21 | St.Joseph's Mannanam | S. D. Convent, Kodinattukunne |
| 22 | Bethlahem,Parampuzha | S. D. Provincial House, Chethipuzha |
| 23 | St. Sebastians,Chengalam | S. D. Convent, Thiruvananthapuram |
| 24 | St. Johns's Kumarakom | S. D. Convent, Kurumpanadom |
| 25 | St.Thomas Kumaranalloor | S. D. Convent, Palode |
| 26 | K.C.C.A, Mannanam | S. D. Provincial House, Chethipuzha |
| 27 | Holy Family Kaippuzha | S. D. Convent, Kodinattukunne |
| 28 | Holy Family Mudiyoorkkara | S.D.Convent, Nazarath |
| 29 | St. Xavier's Villoonni | S .D. Convent, Manalady |
| 30 | St. Mary's Thuruthy | Josephine Sisters, Villoonni |
| 31 | St. Mary's Ithithanam | S D P Convent, Puthuppally |
| 32 | St. Mary's Vadakkekara | Vidyabhavan, Ithithanam |
| 33 | St. Joseph's Kurichy | Josephine Sisters, Ettumanoor |
| 34 | Holy family Podippara | Lourdes Bhavan, Arpookkara |
| 35 | Lourde Matha Eara | Santhibhavan, Arppookkara |
| 36 | St. Jude,, Yuthapuram | S D P Convent, Vettimukal |
| 37 | St. Mary's Kainady | S D P Convent, Mariathuruthu, Kudayampady |
| 38 | Holy Family Payattupakka | Josephine Sisters Champakkulam |
| 39 | St. Joseph's Kavalam | S D P Convent, Thrikodithanam |

സ്നേഹപൂർവ്വം,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
സെക്രട്ടറി
പഞ്ചവത്സര അജപാലനപദ്ധതി

**ഫാ. വർഗീസ് താനമാവുങ്കൽ**
കോർഡിനേറ്റർ
പഞ്ചവത്സര അജപാലനപദ്ധതി

# പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി

## ഈദാസ് ഏത്താ - സഭാവബോധ ക്വിസ്

പ്രിയമുള്ള അച്ചാ/സിസ്റ്റർ/സാർ,

അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ 2018 ആഗസ്റ്റ് മാസം 18-ാം തീയതി അതിരൂപതാതല 'സഭാവബോധ ക്വിസ് - ഈദാസ് ഏത്താ' നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സഭാസ്നേഹം ഉണർത്തുന്നതിനും സഭയെ അടുത്തറിയുന്നതിനും പ്രത്യേക ഊന്നൽ നൽകുന്ന പഞ്ചവത്സര അജപാലന പദ്ധതിയുടെ ആദ്യവർഷത്തിൽ ഈ മൽസരത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ സഹായകമാകും എന്നതിനാൽ ഈ സംരംഭത്തോട് സഹകരിക്കണമെന്നും അങ്ങയുടെ ചുമതലയിൽ മൽസരാർത്ഥികളെ ഇതിൽ പങ്കെടുപ്പിക്കണമെന്നും താല്പര്യപ്പെടുന്നു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
ജാഗ്രതാസമിതി കോ-ഓർഡിനേറ്റർ

**മൽസര സമയം, സ്ഥലം - 2018 ആഗസ്റ്റ് 18, ഉച്ചകഴിഞ്ഞ് 2.30 മുതൽ**
**എസ്.ബി. ഹയർ സെക്കന്ററി സ്കൂൾ, ചങ്ങനാശ്ശേരി**

**സിലബസ്സ്**- 2018 ലെ അതിരൂപതാദിനത്തോടനുബന്ധിച്ച് പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി പുറത്തിറക്കിയ **ന്യൂസ് & വ്യൂസിൽ** പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ

**ഒന്നാം സമ്മാനം- 10,000 രൂപയും സർട്ടിഫിക്കറ്റും**
**രണ്ടാം സമ്മാനം- 7500 രൂപയും സർട്ടിഫിക്കറ്റും**
**മൂന്നാം സമ്മാനം- 5000 രൂപയും സർട്ടിഫിക്കറ്റും**

**നാലും, അഞ്ചും, സ്ഥാനക്കാർക്ക് 1000/- രൂപവീതം ക്യാഷ് പ്രൈസ്**

### നിബന്ധനകൾ

* രണ്ടു പേരടങ്ങുന്ന ടീമായിട്ടായിരിക്കണം മൽസരത്തിൽ പങ്കെടുക്കേണ്ടത്. * അതിരൂപതാംഗങ്ങൾക്ക് പ്രായഭേദമന്യേ ഇടവകാടിസ്ഥാനത്തിൽ ടീം രൂപീകരിക്കാം. * ഒരിടവകയിൽ നിന്നും പരമാവധി രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. * ടീമിൽ വൈദീക വിദ്യാർത്ഥികളേയും സിസ്റ്റേഴ്സിനേയും ഉൾപ്പെടുത്താൻ പാടുള്ളതല്ല. * മൽസരത്തിൽ എലിമിനേഷനോ ടൈ ബ്രേക്കിങ്ങോ ആവശ്യമായി വന്നാൽ ന്യൂസ് & വ്യൂസിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങളുടെ അനുബന്ധ മേഖലകളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. * 2018 ജൂലൈ 31ന് മുമ്പ് ജനറൽ കൺവീനറുടെയോ, ഓഫീസ് സെക്രട്ടറിയുടെയോ പക്കൽ ഫോൺ മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. * മൽസര ദിവസം 100/- രൂപാ രജിസ്ട്രേഷൻ ഫീസിനൊപ്പം ബഹു. വികാരിയച്ചന്റെ കത്തും ഹാജരാക്കേണ്ടതാണ്. അന്നേദിവസം 2 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതും 2.30ന് മൽസരം തുടങ്ങുന്നതുമാണ്. * ന്യൂസ് & വ്യൂസിന്റെ കോപ്പി ആവശ്യമുണ്ടങ്കിൽ താഴെ തന്നിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. * മൽസരം സംബന്ധിച്ച് ക്വിസ് മാസ്റ്ററുടെയും അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെയും തീരുമാനങ്ങൾ അന്തിമമായിരിക്കും.

**രജിസ്ട്രേഷനും മറ്റ് വിവരങ്ങൾക്കും:**
**ജനറൽ കൺവീനർ, ജോബി പ്രാക്കുഴി, ഫോൺ: 9446124087**
**ഓഫീസ് സെക്രട്ടറി, ജോജോ വർഗ്ഗീസ്, ഫോൺ: 8281562949**

## പെരിയ ബഹു. ജയിംസ് പാലയ്ക്കലച്ചന് യാത്രാമംഗളങ്ങൾ

ഷംഷാബാദ് രൂപതയിൽ ഇറ്റാവാ-ജയ്പൂർ മിഷനുകളുടെ പൊതുചുമതല വഹിക്കുന്ന സിഞ്ചെള്ളൂസായും ഒപ്പം ജയ്പൂർ മിഷന്റെ സുപ്പീരിയറുമായി 2018 മെയ് 20ന് നിയമിതനായ ബഹുമാനപ്പെട്ട പെരിയ ബഹു. ജയിംസ് പാലയ്ക്കലച്ചന് അനുമോദനങ്ങൾ അർപ്പിക്കുന്നതിനും യാത്രാമംഗളങ്ങൾ നേരുന്നതിനുമായി പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, വിവിധ കമ്മിറ്റികളുടെ ചെയർമാൻ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരുടെ സംയുക്തയോഗം 2018 മെയ് 28-ാം തീയതി 7 പി.എം.ന് അതിരൂപത ആസ്ഥാനത്ത് ചേർന്നു. പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച യോഗത്തിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി സ്വാഗതമാംശംസിച്ചു. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു. ഷംഷാബാദ് രൂപതയിൽ പ്രേഷിതരംഗങ്ങൾ ഏറ്റെടുത്ത് സഹകരിക്കാൻ സീറോ മലബാർ സിനഡ് ആവശ്യപ്പെട്ടതിനോട് ആദ്യമായി പ്രതികരിച്ചത് ചങ്ങനാശ്ശേരി അതിരൂപതയാണെന്നും അതിന്റെ ഭാഗമായാണ് രാജസ്ഥാനിലെ ജയ്പൂർ കേന്ദ്രീകരിച്ച് പുതിയ മിഷൻ അതിരൂപത ഏറ്റെടുത്തതെന്നും പിതാവ് അറിയിച്ചു. തനിക്കു ലഭിച്ചിരിക്കുന്ന പ്രേഷിത ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യമുള്ള വൈദികനാണ് ജയിംസ് പാലയ്ക്കലച്ചനെന്നും അതനുസരിച്ച് നേതൃത്വം നൽകാനും പ്രവർത്തിക്കാനും അച്ചന് സാധിക്കട്ടെയെന്നും പിതാവ് ആശംസിച്ചു. പാലയ്ക്കലച്ചന് ആശംസകളർപ്പിച്ചും യാത്രാമംഗളങ്ങൾ നേർന്നും വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ, ശ്രീ. ജോസ് മാത്യു ആനിത്തോട്ടത്തിൽ (അസി. സെക്രട്ടറി), അഡ്വ. ജോജി ചിറയിൽ (പിആർഒ), ശ്രീമതി ലാൽസി ജോസഫ് (എക്സിക്യൂട്ടീവ് അംഗം) എന്നിവർ സംസാരിച്ചു.

പാസ്റ്ററൽ കൗൺസിലിന്റെ മെമന്റോ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് പാലയ്ക്കലച്ചന് സമ്മാനിച്ചു. മറുപടി പ്രസംഗത്തിൽ, അഭി. പെരുന്തോട്ടം പിതാവിനോട് താൻ നൂറു ശതമാനം കടപ്പെട്ടിരിക്കുന്നുവെന്നും പിതാവിന്റെ സ്നേഹത്തിനും കരുതലിനും പ്രത്യേകം നന്ദിയർപ്പിക്കുന്നുവെന്നും അച്ചൻ പറഞ്ഞു. തനിക്ക് നൽകിയ സ്നേഹത്തിനും സഹകരണത്തിനും എല്ലാവർക്കും അച്ചൻ കൃതജ്ഞത പ്രകാശിപ്പിച്ചു. ഒപ്പം ജയ്പൂർ മിഷന് പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

ശ്രീ. എബിൻ അലക്സാണ്ടർ (എക്സിക്യൂട്ടീവ് അംഗം) യോഗത്തിന് നന്ദി അർപ്പിച്ചു. പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. പന്തക്കുസ്താ സുദിനത്തിൽ, പരിശുദ്ധ റൂഹായെ സ്വീകരിച്ച ശ്ലീഹന്മാർ ലോകത്തിന്റെ അതിർത്തികൾ വരെ ഈശോയ്ക്ക് സാക്ഷ്യം വഹിച്ചതുപോലെ, തോമ്മാശ്ലീഹാ നമുക്ക് പകർന്നു നല്കിയ വിശ്വാസം തീക്ഷ്ണതയോടെ ഇളംമനസ്സുകളിൽ പങ്കുവയ്ക്കാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു. കഴിഞ്ഞ 7 വർഷം വളരെ സ്തുത്യർഹമായ രീതിയിൽ സന്ദേശനിലയം പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നവീനമായ ആശയങ്ങളിലൂടെ ബഹു. ജോബി കറുകപ്പറമ്പിലച്ചൻ നമ്മെ നയിക്കുകയായിരുന്നു. അച്ചനിലൂടെ നമ്മുടെ മതബോധന സംവിധാനത്തിന് ലഭിച്ച നന്മകളെ മനസ്സിൽ സൂക്ഷിച്ച് ഈ അവസരത്തിൽ അച്ചന് നമുക്ക് നന്ദി പറയാം. അച്ചന്റെ പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരാം. സന്ദേശനിലയത്തിന്റെ പുതിയ അസി. ഡയറക്ടറായി ബഹു. ജയിംസ് കുടിലിലച്ചൻ എത്തിച്ചേർന്നു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. ഇത്രയും നാൾ ഈ ഉത്തരവാദിത്വം നിർവ്വഹിച്ച ബഹു. ജോസി പൊക്കാവരയത്തച്ചൻ ഉപരി പഠനത്തിനായി തയ്യാറെടുക്കുമ്പോൾ അച്ചന്റെ സേവനങ്ങളെ മനസ്സിൽ സൂക്ഷിച്ച് നമുക്ക് അച്ചന് നന്ദിയും പ്രാർത്ഥനാശംസകളും നേരാം.

ദുക്റാനത്തിരുനാളിന്റെയും മതാധ്യാപകദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട്, നിങ്ങളുടെ പ്രാർത്ഥനകളും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ജോബിനച്ചൻ**

## അറിയിപ്പുകൾ

### ജൂലൈ

| | | |
|---|---|---|
| 3 ചൊവ്വ | : | മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ<br>(ഓഫീസ് അവധി)<br>കടമുള്ള ദിവസം, അതിരൂപതാ മതാധ്യാപക ദിനം |
| 7 ശനി | : | BCT Day Scholar Batch I മൂന്നാം ദിവസം<br>വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ (തുരുത്തി 9.30 am to 4.00 pm)<br>ആഘോഷമായ റംശ |
| 8 ഞായർ | : | കൈത്താക്കാലം ഒന്നാം ഞായർ ക്ലാസ്സ് – 6<br>പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| | : | PTF & Sunday School Leaders Meet<br>(Assumption College Indoor Stadium) |
| 14 ശനി | : | CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം |
| 16 തിങ്കൾ | : | സ്ഥിതിവിവര കണക്കുകൾ സമർപ്പിക്കേണ്ട അവസാനതീയതി |

21 ശനി : CLT ക്ലാസ്സ് – 1
വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ
(തൃക്കൊടിത്താനം 9.30 am to 4.00 pm)

28 ശനി : വി. അൽഫോൻസാമ്മ
CLT ക്ലാസ്സ് – 2, MCC ക്ലാസ്സ് – 1
വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ
(കോട്ടയം 9.30 am to 4.00 pm)

## ആഗസ്റ്റ്

1 ബുധൻ : പതിനഞ്ചു നോമ്പാരംഭം,
വി. അൽഫോൻസ് ലിഗോരി

4 ശനി : വി. ജോൺ മരിയ വിയാനി, അൽഫോൻസാ തീർത്ഥാടനം

6 തിങ്കൾ : കർത്താവിന്റെ രൂപാന്തരീകരണം

9 വ്യാഴം : Recollection day for Office Staff
(ഓഫീസ് അവധി)

## പ്രത്യേകശ്രദ്ധയ്ക്ക്

സി.എൽ.റ്റി. 39–ാം ബാച്ച്, എം.സി.സി. 11–ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 14 ശനിയാഴ്ച 10ന് സന്ദേശനിലയം ഹാളിൽ വച്ച് നടക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശനഫോറം സന്ദേശനിലയം ഓഫീസിൽ നിന്നും ലഭ്യമാണ്. കോഴ്സിൽ ചേരുന്നവർ ജൂലൈ 5–നകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

* സ്ഥിതി വിവരക്കണക്കുകൾ പൂരിപ്പിച്ച് നല്കിയിട്ടില്ലാത്തവർ ജൂലൈ 16–നകം പൂരിപ്പിച്ച് സന്ദേശനിലയത്തിൽ നല്കേണ്ടതാണ്.
* വേർഡ് & മീഡിയ കിറ്റും സിഡിയും ആവശ്യമുള്ളവർ സന്ദേശനിലയത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
* ബൈബിൾ കലോത്സവ നിബന്ധനകളടങ്ങിയ ബുക്ക്ലെറ്റ് ജൂലൈ 10നു ശേഷം സന്ദേശനിലയത്തിൽ ലഭ്യമാണ്.
* ജൂലൈ മാസം അവസാനത്തോടുകൂടി CRT വിസിറ്റുകൾ ആരംഭിക്കുന്നതാണ്.

## സീറോമലബാർ സഭാപ്രതിഭാ അവാർഡ്

സീറോമലബാർ സിനഡ് കാറ്റകെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഹയർകോഴ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള രൂപതാതല തെരഞ്ഞെടുപ്പ് ആഗസ്റ്റ് മദ്ധ്യത്തിൽ വിവിധ ഫൊറോനകളായി ആരംഭിക്കും. ഓരോ ഇടവകയിൽ നിന്നും ഹയർകോഴ്സ് പന്ത്രണ്ടാം ക്ലാസ്സിൽ നിന്നും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു പുലർത്തുന്ന രണ്ട് ആൺകട്ടികളെയും രണ്ട് പെൺകുട്ടികളെയും ഫൊറോനതല തിരഞ്ഞെടുപ്പിനായി അയയ്ക്കേണ്ടതാണ്. ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ നിശ്ചിതഫോമിൽ ജൂലൈ 25 നു മുമ്പായി സന്ദേശനിലയത്തിൽ രജിസ്റ്റർ ചെയ്യുക. ഫോമുകൾ സന്ദേശനിലയം ഓഫീസിലും വെബ്സൈറ്റിലും ലഭ്യമാണ് (www.sandesanilayam.org).

## പി.റ്റി. എഫ്., സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ ലീഡേഴ്സ് പി.റ്റി. എഫ്. പ്രതിനിധികളുടെ അതിരൂപതാതല സമ്മേളനം ജൂലൈ 8-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ അസംപ്ഷൻ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

## CENACLE 2K18 മതാദ്ധ്യാപക പരിശീലനപരിപാടി

മതാദ്ധ്യാപകർക്കായുള്ള ഫൊറോന പരിശീലനപരിപാടി 'സെനക്കിൾ 2018' ജൂലൈ മുതൽ ആരംഭിക്കുന്നു. തുരുത്തി ഫൊറോനയിലാണ് ആദ്യത്തെ പ്രോഗ്രാം. ഫൊറോന കേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെടുന്ന ഈ പരിപാടിയിൽ ഫൊറോനയിലെ മുഴുവൻ അദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്. രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ വിവിധ സെഷനുകളായി ക്രമീകരിക്കുന്ന ഈ പരിപാടിയിൽ ആദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. മതാദ്ധ്യാപകശുശ്രൂഷയുടെ പുനർസമർപ്പണവും നവീകരണവുമാണ് ഈ പരിശീലന പരിപാടിയുടെ പ്രധാന ലക്ഷ്യം. വിവിധ ഫൊറോനകളുടെ സമയക്രമം മതബോധന കലണ്ടറിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക. സ്വന്തം ഫൊറോനയിൽ പങ്കെടുക്കാൻ സാധിക്കാത്തവർ മറ്റു ഫൊറോനകളിൽ നടക്കുന്ന പ്രോഗ്രാമിൽ പങ്കുചേരുവാൻ ശ്രദ്ധിക്കുക. പങ്കാളിത്തം പ്രധാനമാണ്.

## CRT സന്ദർശനം

2018-19 വർഷത്തെ അതിരൂപതാ CRT അംഗങ്ങളുടെ സൺഡേസ്കൂൾ സന്ദർശനം ഒന്നാം ഘട്ടം ജൂലൈ അവസാനം മുതൽ ആരംഭിക്കുകയാണ്. CRT സന്ദർശനാവസരം വെറുമൊരു പരിശോധന സന്ദർശനമല്ല. പ്രത്യുത നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അതിന്റെ വെളിച്ചത്തിൽ മികവുറ്റതാക്കാനുള്ള മാർഗ്ഗങ്ങൾ തേടേണ്ട അവസരവുമാണ്. CRT സന്ദർശനം ഫലദായകമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

## ആദരാഞ്ജലികൾ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജയിംസ് മാളിയേക്കലിന്റെ പിതാവും മുൻ ഹെഡ്മാസ്റ്ററുമായ ശ്രീ. കുര്യാക്കോസ് മാളിയേക്കലിന്റെയും കൊണ്ടാക്കൽ സെന്റ് ജോസഫ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. സാലിമ്മയുടെ പിതാവിന്റെയും തൃക്കൊടിത്താനം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. എൽസമ്മയുടെ ഭർത്താവിന്റെയും തിരുമല ഹോളിഫാമിലി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. യൗസേഫ് എൻ. എ.യുടെ മാതാവിന്റെയും ലൂർദ്ദ് പായിപ്പാട് സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി ഏലിയാമ്മ മാത്യുവിന്റെയും, ചമ്പക്കര സെന്റ് ജോസഫ് സൺഡേസ്കൂൾ വിദ്യാർത്ഥിനി റിയ കളരിയ്ക്കപറമ്പിലിന്റെയും ചാത്തനാട് സെന്റ് അൽഫോൻസാ സൺഡേസ്കൂൾ വിദ്യാർത്ഥി നിഖിൽ തോമസിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## നന്ദി/സ്വാഗതം

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ. ഫാ. ജോൺസൺ ചാലയ്ക്കൽ (അമ്പൂരി), റവ. ഫാ. മാത്യു

അഞ്ചിൽ (കൊല്ലം – ആയൂർ) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയംഗമ മായ നന്ദി.

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിക്കുന്ന റവ. ഫാ. ജേക്കബ് കുഴിപ്പള്ളിൽ (അമ്പൂരി), റവ. ഫാ. മാത്യു നടയ്ക്കൽ (കൊല്ലം – ആയൂർ) എന്നി വർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

സൺഡേസ്കൂൾ ഫൊറോന സെക്രട്ടറിമാരായി സ്തുത്യർഹമായി സേവനം ചെയ്ത സി. അൻസിൽ തുണ്ടിയിൽ എസ്.എ.ബി.എസ്. (അതിരമ്പുഴ), സി. മ രീറ്റ് വേളാശേരി എസ്. എ. ബി.എസ്. (ചമ്പക്കുളം) സി. അർപ്പിത സി.എം.സി. (ചങ്ങനാശേരി), സി. ആൻസ് മരിയ എസ്.എ.ബി.എസ്. (കൊല്ലം – ആയൂർ), സി. സ്റ്റാർലെറ്റ് സി.എം.സി. (മണിമല), സി. സ്റ്റാർളി തെരേസ് സി. എം.സി. (നെടുംകുന്നം), സി. ചൈതന്യ സി. എം.സി. (പുളിംകുന്ന്), സി. റോസ് മരിയ എസ്. എ. ബി. എസ്. (തൃക്കൊടിത്താനം), സി. അനില വടക്കേകുറ്റ് എസ്. എ. ബി.എസ്. (തിരുവനന്തപുരം) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയംഗമ മായ നന്ദി.

സൺഡേസ്കൂൾ ഫൊറോന സെക്രട്ടറിമാരായി ചുമതലയേറ്റ സി. വിനീത വടക്കേതലയ്ക്കൽ എസ്.എ.ബി.എസ്. (അതിരമ്പുഴ), സി. റ്റിൻസി വാഴക്കാട് എസ്.എ.ബി.എസ്. (ചമ്പക്കുളം), സി. ജൂലിറ്റ് തൂമ്പുങ്കൽ എസ്.എ.ബി.എസ് (ചങ്ങനാശേരി), സി. വിനീത മലയോലിക്കൽ എസ്.എ.ബി.എസ്. (കൊല്ലം – ആയൂർ), സി. സൂസൻ എം.എം.എം. (മണിമല), സി. ചൈതന്യ സി. എം.സി. (നെടുംകുന്നം), സി. കൃപ എഫ്.സി.സി. (പുളിംകുന്ന്) സി. റോസ് മേക്കരശ്ശേരി എസ്.എ.ബി.എസ് (തൃക്കൊടിത്താനം), സി. ജോയ്സ് മരിയ എസ്.എ.ബി.എസ്. (തിരുവനന്തപുരം) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദ്യമായ സ്വാഗതം.

ഈശോയിൽ സ്നേഹമുള്ള കുഞ്ഞുമിഷനറിമാരേ,

പുതിയ പ്രവർത്തനവർഷത്തിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ അതിരൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയനുസരിച്ച്, ഈ വർഷം നമ്മൾ സഭയെക്കുറിച്ചും, സഭാവബോധത്തെക്കുറിച്ചും, സമുദായബോധത്തെക്കുറിച്ചും കൂടുതലായി മനസ്സിലാക്കാൻ പരിശ്രമിക്കുകയാണ്. നമ്മുടെ ഈ വർഷത്തെ പഠനഗ്രന്ഥവും ഈ വിഷയങ്ങളെ ആധാരമാക്കിയാണ് ക്രമീകരിച്ചിരിക്കുന്നത്. ഈശോയിലുള്ള വിശ്വാസം നമുക്ക് പകർന്നു നല്കിയ മാർ തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ ജൂലൈ 3-ാം തീയതി നാം ആഘോഷിക്കുമ്പോൾ, മാർ തോമ്മാശ്ലീഹായെപ്പോലെ നമുക്കും തീക്ഷ്ണതയോടെ ഈശോയ്ക്കായി ജീവിക്കാം. അതുപോലെ ജൂലൈ 28-ാം തീയതി വി. അൽഫോൻസാമ്മയുടെ തിരുനാൾ നമുക്ക് ഉചിതമായി ആചരിക്കാം.

ഈ അവസരത്തിൽ കഴിഞ്ഞ 7 വർഷം വളരെ സ്തുത്യർഹമായ രീതിയിൽ നമ്മെ നയിച്ച ബഹു. ജോബിയച്ചനെ നമുക്ക് ഓർക്കാം. അച്ചന്റെ വലിയ നേതൃത്വത്തെയും തീക്ഷ്ണമായ പ്രവർത്തനങ്ങളെയും വിലമതിച്ചുകൊണ്ട് നമുക്ക് അച്ചന് നന്ദി പറയാം. ഒപ്പം അച്ചന്റെ പുതിയ പ്രവർത്തനമേഖലകളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരാം. നമ്മുടെ അസി. ഡയറക്ടറായി സേവനം ചെയ്തിരുന്ന ബഹു. ജോസി പൊക്കാവരയത്ത് അച്ചനു പകരമായി ബഹു. ജയിംസ് കുടിലിലച്ചൻ എത്തിയിരിക്കുന്നു എന്ന കാര്യവും സന്തോഷത്തോടെ അറിയിക്കുന്നു. ഉപരിപഠനത്തിനായി തയ്യാറായിക്കൊണ്ടിരിക്കുന്ന ബഹു.ജോസിയച്ചന് എല്ലാവിധ നന്ദിയും ആശംസകളും നേരുന്നതോടൊപ്പം ബഹു. അനീഷ് കുടിലിലച്ചന് എല്ലാവിധ നന്മകളും നമുക്കാശംസിക്കാം.

ജൂലൈ 3-ാം തീയതി മിഷൻലീഗ് അംഗത്വസ്വീകരണദിനമാണല്ലോ. ഇത് ഓരോ ശാഖയിലും ആഘോഷപൂർവ്വം നടത്തി പുതിയ അംഗങ്ങളെ സംഘടനയിലേയ്ക്ക് സ്വീകരിക്കുക. ഈ വർഷത്തെ അൽഫോൻസാ തീർത്ഥാടനം ആഗസ്റ്റ് 4-ാം തീയതി നടത്തുമ്പോൾ അതിനായി നമുക്ക് നന്നായി പ്രാർത്ഥിച്ച് ഒരുങ്ങാം. തീർത്ഥാടനത്തിന്റെ ക്രമീകരണങ്ങളിലെല്ലാം ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ട്, മുന്നോട്ടുള്ള പ്രവർത്തനത്തിൽ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രോത്സാഹനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ**

## അറിയിപ്പുകൾ

### ജൂലൈ

2 തിങ്കൾ : അംഗത്വസ്വീകരണം - അതിരൂപതാതല ഉദ്ഘാടനം

3 ചൊവ്വ : ദുക്റാനത്തിരുനാൾ, കടമുള്ള ദിവസം.
അംഗത്വസ്വീകരണം നടത്തുക,
മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ
തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം.

28 ശനി : വി. അൽഫോൻസാമ്മയുടെ തിരുനാൾ, പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക.

29 ഞായർ : അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള അതിരൂപ താ ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂർ ജന്മഗൃഹത്തിൽ.

## ആഗസ്റ്റ്

4 ശനി : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, ഇടവക വൈദി കദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക, അവർക്ക് ആശംസകൾ നേരുക.

: 30–ാ മത് അൽഫോൻസാ തീർത്ഥാടനം

6 തിങ്കൾ : കർത്താവിന്റെ രൂപാന്തരീകരണം

## ജോബിയച്ചന് നന്ദി

കഴിഞ്ഞ 7 വർഷക്കാലം അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിനെ ആത്മീയ വളർച്ചയുടെ പാതയിലൂടെ നയിക്കുകയും നൂതന സംരംഭങ്ങളിലൂടെ മിഷൻലീഗ് കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും ചെയ്ത ഞങ്ങളുടെ പ്രിയപ്പെട്ട ജോബി കറുകപ്പറമ്പിലച്ചന് പ്രാർത്ഥനാനിർഭരമായ നന്ദി. മിഷൻ എലൈവ്, ഈശോയോടൊത്ത് ഒരു സായാഹ്നം, ഉണ്ണിയെത്തേടി, സപ്തതിയോടനുബന്ധിച്ച് മിഷൻ വോയ്സ് പത്രം എന്നിവയിലൂടെ കുഞ്ഞുമിഷനറിമാർക്ക് മിഷൻ രൂപതകളെക്കുറിച്ച് കൂടുതൽ അറിവും ബോധ്യവും നല്കുവാനും അതിലൂടെ മിഷൻ രൂപതകൾക്ക് ഒരു കൈത്താങ്ങായി മാറുവാനുമുള്ള അവസരം ജോബിയച്ചനിലൂടെ കുഞ്ഞുമിഷനറിമാർക്ക് ലഭിച്ചു. മിഷൻലീഗിനെ സൺഡേസ്കൂളിന്റെ തന്നെ ഒരു ഭാഗമാക്കിക്കൊണ്ട് വളർച്ചയുടെ പാതയിലേയ്ക്ക് എത്തിച്ച ജോബിയച്ചന് പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## ജോസിയച്ചന് നന്ദി

അതിരൂപതാ മിഷൻലീഗിന്റെ അസി. ഡയറക്ടറായി ജോബിയച്ചനോടൊപ്പം സഹകരിച്ചു പ്രവർത്തിച്ച, കുഞ്ഞുമിഷനറിമാർക്ക് ''ഉണ്ണിയെത്തേടി'' എന്ന പ്രോഗ്രാമിലൂടെ കൂടുതൽ അറിവു പകർന്ന സ്നേഹബഹുമാനപ്പെട്ട ജോസി പൊക്കാവരയത്തച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ നന്ദി അറിയിക്കുന്നതോടൊപ്പം ഉപരിപഠനത്തിനായി പോകുന്ന അച്ചന് എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

## അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം 2018-19

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം 2018 ജൂൺ 9ന് ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് നിർവ്വഹിച്ചു. ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ, പഠനഗ്രന്ഥം, മഹാമിഷനറി (പരിഷ്കരിച്ച പതിപ്പ്) എന്നിവയും പ്രകാശനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോബിൻ പെരുമ്പളത്തുശേരി മാർഗ്ഗ നിർദ്ദേശക പ്രസംഗവും മുൻ ഡയറക്ടർ റവ. ഡോ. ജോബി കറുകപ്പറമ്പിലച്ചൻ മുഖ്യപ്രഭാഷണവും നടത്തി. ദീർഘകാലം മിഷൻലീഗ് ഡയറക്ടറായി പ്രവർത്തിച്ച ജോബിയച്ചനെ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. ശ്രീ. പ്രകാശ് മുക്കുടിയിൽ, കുമാരി അലീനാ ട്രീസാ

ഡൊമിനിക് എന്നിവർ ജോബിയച്ചന് ആശംസകൾ അർപ്പിച്ചു. അതിരൂപത ഓർഗ. സെക്രട്ടറി അഡ്വ. ബിൻസൺ ഐസക് മാർഗ്ഗരേഖ അവതരണവും സി. ലിസി കണിയാംപറമ്പിൽ എസ്.എ. ബി.എസ് പഠനവിഷയാവതരണവും നടത്തി. 2017 – 18 പ്രവർത്തന വർഷത്തിലെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. അതിരൂപതാ മിഷൻലീഗ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി.

**2018 മികച്ച മേഖലകൾ**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | – | ചമ്പക്കുളം |
| രണ്ടാം സ്ഥാനം | – | ചങ്ങനാശേരി |
| മൂന്നാം സ്ഥാനം | – | തുരുത്തി |

**മികച്ച ശാഖകൾ**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | – | സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം |
| രണ്ടാം സ്ഥാനം | – | ഡോൺ ബോസ്കോ ചെത്തിപ്പുഴ |
| മൂന്നാം സ്ഥാനം | – | സെന്റ് പയസ് തവേ മങ്കൊമ്പ് |

## 30-ാമത് അൽഫോൻസാ തീർത്ഥാടനം

ജൂലൈ 1 മുതൽ 23 വരെ അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള പ്രാർത്ഥനയും ഭവന സന്ദർശനവും കാര്യക്ഷമമായി നടത്തുക. ജൂലൈ 21 മുതൽ ജൂലൈ 31 വരെ തീർത്ഥാടനത്തിന് ഒരുക്കമായുള്ള നോമ്പ് നടത്തുക. ആഗസ്റ്റ് 4-ന് അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കുചേരുക. ''കുഞ്ഞുമിഷനറിമാർ സഭയോടൊത്ത് ലോകത്തിന്റെ അതിർത്തികൾ വരെ'' എന്നതാണ് ഈ വർഷത്തെ തീർത്ഥാടനത്തിന്റെ പ്രാർത്ഥനാനിയോഗം (തീർത്ഥാടനത്തെക്കുറിച്ചുള്ള അറിയിപ്പ് സൺഡേസ്കൂളിൽ വായിക്കേണ്ടതാണ്).

## കബറിട സന്ദർശനം

അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് അവസരം നല്കുന്ന രീതിയിൽ അൽഫോൻസാ തീർത്ഥാടനം ക്രമീകരിക്കാവുന്നതാണ്.

## നന്ദി

മേഖല ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം നല്കിയശേഷം തൽസ്ഥാനത്തു നിന്നും വിരമിച്ച റവ. ഫാ. മാത്യു അഞ്ചിൽ (കൊല്ലം – ആയൂർ), റവ. ഫാ. ജോസി പൊക്കാവരയത്ത് (തുരുത്തി), റവ. ഫാ. ജോൺസൺ ചാലയ്ക്കൽ (അമ്പൂരി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മേഖല ജോയിന്റ് ഡയറക്ടർമാരായിരുന്ന റവ. സി. അനിറ്റ് അറയ്ക്കത്തറ എസ്.എ.ബി.എസ്. (അതിരമ്പുഴ), റവ. സി. ആൻസ് മരിയ അരിയ്ക്കത്താഴത്ത് എസ്.എ.ബി.എസ്. (കൊല്ലം – ആയൂർ), റവ. സി. സ്റ്റാർലെറ്റ് സി.എം.സി. (മണിമല), റവ. സി. സ്റ്റാർലി സി.എം.സി. (നെടുംകുന്നം), റവ. സി. റോസ് മേക്കരശേരി എസ്.എ.ബി.എസ്. (പുളിംകുന്ന്), റവ. സി. അനില വടക്കേക്കുറ്റ് എസ്.എ.ബി.എസ്. (തിരുവനന്തപുരം) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## സ്വാഗതം

അതിരൂപതാ മിഷൻലീഗ് അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഫാ. അനീഷ് കുടിലിൽ, മേഖല ഡയറക്ടർമാരായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. സഖറിയാസ് ഇരുപതിൽ (എടത്വാ), റവ. ഫാ. ജോബി പരുവപ്പറമ്പിൽ (തുരുത്തി), റവ. ഫാ. ജേക്കബ് കുഴിപ്പള്ളി (അമ്പൂരി) അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ സ്വാഗതം.

മേഖലാ ജോയിന്റ് ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന സി. മെറിൻ മുണ്ടന്താനം എസ്.എ.ബി.എസ്. (അതിരമ്പുഴ), സി. വിനീത മലയോലിക്കൽ എസ്. എ.ബി.എസ്. (കൊല്ലം - ആയൂർ), സി. ലില്ലി ജോസ് (കോട്ടയം), സി. സൂസൻ എം.എം.എം. (മണിമല), സി. ചൈതന്യ സി.എം.സി. (നെടുംകുന്നം), സി. മരിയ സി.എം.സി. (പുളിംകുന്ന്), സി. ജോയ്സ് മരിയ എസ്.എ.ബി.എസ്. (തിരുവനന്തപുരം) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ സ്വാഗതം.

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ജൂൺ 8-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 186 | പയറ്റുപാക്ക | 6050 | 1500 |
| 187 | രാമങ്കരി | 57050 | 22820 |
| 188 | മാമ്പുഴക്കരി | 44630 | 17800 |
| 189 | കുട്ടമംഗലം | 31850 | 12740 |
| 190 | തേക്കുപാറ | 11790 | 4716 |
| 191 | ശ്രീകാര്യം - ഇമ്മാവൂസ് | 50000 | 20000 |

## സത്യദർശനം

ചങ്ങനാശ്ശേരി അതിരൂപതാ പഞ്ചവത്സര അജപാലന പദ്ധതിയോടു അനുബന്ധിച്ച് പുറപ്പെടുവിക്കുന്ന ആദ്യവർഷ പഠനവിഷയം 'ജീവിതം സഭയോടൊത്ത്' ഈ ലക്കം മുതൽ സത്യദർശനത്തിലൂടെ ലളിതമായി ചോദ്യോത്തരരീതിയിൽ അവതരിപ്പിക്കുന്നതാണ്. സഭാജീവിതം, സഭാചരിത്രം, സമുദായബോധം എന്നിവ ഈ പഠനവിഷയത്തിലൂടെ പ്രതിപാദിക്കുമ്പോൾ നമ്മുടെ ഇടവകയിലെ കുടുംബകൂട്ടായ്മകളിലും ഇതര സംഘടനകളിലും ഈ പഠനവിഷയം താൽപര്യപൂർവ്വം ചർച്ചയ്ക്കും പ്രബോധനത്തിനുമായി എടുക്കണമെന്ന് അറിയിക്കുന്നു.

## ബസാലേൽ കൺവൻഷൻ

കുടുംബക്കൂട്ടായ്മാ അതിരൂപതാ ഡയറക്ടറും ടീമും ഇടവകകളിലെത്തി പരിശീലനം നല്കുന്ന ബസാലേൽ കൺവൻഷൻ ഇതിനോടകം പല ഇടവകകളിലും നടത്തപ്പെടുകയുണ്ടായി. പഞ്ചവത്സര അജപാലന വർഷത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഇതു നടത്തുവാൻ ആഗ്രഹിക്കുന്നു. ഇടവകയിലെ സൗകര്യമനുസരിച്ച് ആവശ്യപ്പെട്ടാൽ വന്നു നടത്തുന്നതാണ്. പ്രസ്തുത പരിപാടിയിൽ കൂട്ടായ്മാ പ്രാർത്ഥനാ ഗാനവും, ആന്തവും പരിശീലിപ്പിക്കുന്നു. പ്രബോധനം, ചർച്ച, ആരാധന എന്നിവയും ക്രമീകരിക്കുന്നു. 2 മണിക്കൂർ സമയം ഈ പരിപാടിയ്ക്കായി ക്രമികരിക്കേണ്ടതാണ്.

**ബസാലേൽ കൺവൻഷൻ നടത്തിയ ഇടവകകൾ**

| | | |
|---|---|---|
| ഏപ്രിൽ | – 15 | ഹോളി ഫാമിലി, മുടിയൂർക്കര |
| ഏപ്രിൽ | – 22 | സെന്റ് മേരീസ്, വടക്കേക്കര |
| മെയ് | – 13 | സെന്റ് മേരീസ്, കത്തിഡ്രൽ |
| ജൂൺ | – 09 | മാർ സ്ലീവാ, പൊങ്ങ |
| ജൂൺ | – 16 | ഹോളി മാഗി, മണിമല |
| ജൂൺ | – 24 | എസ്. എച്ച്, കരിമ്പനക്കുളം |

പ്രസ്തുത പരിപാടി സംഘടിപ്പിക്കുകയും ഇതിന്റെ വിജയപ്രദമായ നടത്തിപ്പിനായി യത്നിക്കുകയും ചെയ്ത എല്ലാ ബഹു. അച്ചന്മാർക്കും, ആനിമേറ്റേഴ്സിനും, ലീഡേഴ്സിനും നന്ദി.

## സൗഹൃദം - 2018 (ഫൊറോനാ സന്ദർശനം)

അതിരൂപതാ ഡയറക്ടറും ടീമും അതിരൂപതയിലെ എല്ലാ ഫൊറോനകളും സന്ദർശിച്ച് കുടുംബക്കൂട്ടായ്മാ ജനറൽ കൺവീനേഴ്സിനേയും, ആനിമേറ്റേഴ്സിനേയും കാണുകയും കർമ്മപരിപാടികൾ വിശദികരിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന സൗഹൃദം - 2018 തെക്കൻ മേഖലയിൽ ജൂൺ 14, 15 തീയതികളിൽ നടത്തപ്പെട്ടു. വലിയ പങ്കാളിത്തമാണ് ഈ പരിപാടിക്കു ലഭിച്ചത്. ഈ പരിപാടിയുടെ വിജയത്തിനായി പ്രയത്നിച്ച ബഹു. ഫൊറോനാ വികാരിയച്ചൻമാർക്കും, ഫൊറോനാ ഡയറക്ടറച്ചന്മാർക്കും ഹൃദയംനിറഞ്ഞ നന്ദി.

**ജെന്നിയച്ചൻ**

# പത്തൊമ്പതാം
# അഖിലകേരള ലോഗോസ് ക്വിസ് – 2018

**പാഠഭാഗങ്ങൾ:**
നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10, മത്തായി 10-18, വെളിപാട് 10-16

**രജിസ്ട്രേഷൻ അവസാനിക്കുന്നത്:**
2018 ജൂലൈ 31-ന്

**പരീക്ഷാസമയം:**
രൂപതാതലം: 2018 സെപ്തംബർ 30 ന് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ
സംസ്ഥാനതലം: 2018 നവംബർ 11 നും 22-25 വരെയും

1. സംസ്ഥാനതലത്തിലെ 5 വരെയുള്ള സ്ഥാനക്കാർക്ക് ഉയർന്ന ക്യാഷ് പ്രൈസുകൾ
2. വിദേശ മലയാളികൾക്കായി ഓൺ ലൈൻ ലോഗോസ് ക്വിസ്
3. ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷയിലും
4. ഓൺലൈൻ രജിസ്ട്രേഷൻ
5. ടെലി സംപ്രേഷണം
6. ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം
7. ലോഗോസ് ഫമിലിയ ക്വിസ്
8. ലോഗോസ് വിഭിന്നശേഷിക്കാർക്കും

**ഗ്രൂപ്പുകൾ:**

A വിഭാഗം – 1.1.2007 നു ശേഷം ജനിച്ചവർ
B വിഭാഗം – 1.1.2002 നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം – 1.1.1987 നും 31.12.2001 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം – 1.1.1967 നും 31.12.1986 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം – 1.1.1954 നും 31.12.1966 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം – 31.12.1953 നു മുൻമ്പ് ജനിച്ചവർ

## സമ്മാനങ്ങൾ

അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ. ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ഏവർറോളിംഗ് ട്രോഫി. ലോഗോസ് ഫമിലിയ പ്രതിഭയ്ക്ക് 25000 രൂപയുടെ ക്യാഷ് അവാർഡ്.

ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org,
visit: www.keralabiblesociety.com
ലോഗോസ് സംബന്ധമായ സംശയങ്ങൾക്ക് ബന്ധപ്പെടുക
**9447776920, 8848492369**

## ലോഗോസ് പഠനസഹായി

ബഹുമാനപ്പെട്ട തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ ലോഗോസ് പഠനസഹായി കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില. 70 രൂപ. 10 കോപ്പിയിൽ കൂടുതൽ എടുത്താൽ 56 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

'ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളി' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഫ്രാൻസിസ് മാർപാപ്പ നൽകിയ 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനം കുടുംബപ്രേഷിത പ്രവർത്തനത്തിന് ഒരു ഉണർത്തുപാട്ടാണ്. വിശുദ്ധിയിലേക്കുള്ള വിളി സാർവ്വത്രികമാണ്. അതിൽ നിന്ന് ആർക്കും മാറിനിൽക്കാനാവില്ല. വിശുദ്ധിയാണ് സഭയുടെ ആകർഷക മുഖം. വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നവർക്കു മാത്രമുള്ളതല്ല വിശുദ്ധി. എവിടെയായിരിക്കുന്നുവോ അവിടെനിന്ന് അനുനിമിഷം പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോട് സഹകരിക്കുന്നവർക്കുള്ളതാണ്. സത്യത്തിൽ കുടുംബജീവിതം നയിക്കുന്നവർക്ക് വിശുദ്ധരാകാൻ സാധിക്കുമെന്ന ആശയമാണ് മാർപ്പാപ്പ പറഞ്ഞുവയ്ക്കുന്നത്. മാതൃപിതൃവേദിയുടെ ലക്ഷ്യം കുടുംബജീവിതത്തിലൂടെ തന്നെത്തന്നെയും ലോകത്തെയും വിശുദ്ധീകരിക്കുക എന്നതാണ്. പ്രിയ മാതാപിതാക്കന്മാരേ, ചെറിയ ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്യുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. രക്ഷാകർത്തൃത്വം എന്ന ദൗത്യം വിശ്വസ്തതയോടെ ചെയ്യുമ്പോൾ അപ്പനും അമ്മയും എന്ന നിലയ്ക്ക് നിങ്ങൾ വിശുദ്ധരായിത്തീരുകയാണ്. ജൂലൈ മാസം മുതൽ പേരന്റിംഗിനെക്കുറിച്ചുള്ള സായാഹ്ന കൺവെൻഷൻ ഇടവകകളിൽ ആരംഭിക്കുന്നു. വിശുദ്ധരായ കുട്ടികൾ ഉണ്ടാകണമെങ്കിൽ വിശുദ്ധരായ ദമ്പതികൾ വേണം.'നസ്രത്ത് മീറ്റ്' എന്ന പേരിൽ മാതാപിതാക്കന്മാർക്കുള്ള സായാഹ്ന കൺവെൻഷൻ ഇടവകകളിൽ നടത്തുന്നതിന് മാതൃ-പിതൃവേദി ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. സഹകരണം പ്രതീക്ഷിച്ചുകൊണ്ട്...

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

## ജൂൺ മാസത്തിൽ നടന്ന പ്രോഗ്രാമുകൾ

| | | |
|---|---|---|
| ജൂൺ 2 | – | പുതുക്കരി പള്ളിയിൽ മാതാപിതാക്കൾക്ക് ക്ലാസ്സ് |
| ജൂൺ 3 | – | ആർപ്പൂക്കര – മാതൃവേദി പിതൃവേദി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്. |
| ജൂൺ 7 | – | ബഹു. ജോസഫ് ഇലഞ്ഞിമറ്റത്തിലച്ചന് യാത്രയയപ്പ് |
| ജൂൺ 8 | – | 'നസ്രത്ത് മീറ്റ്' ആലോചനായോഗം |
| ജൂൺ 10 | – | രാജമറ്റം – മാതൃപിതൃവേദി ബോധവത്ക്കരണ ക്ലാസ്<br>കരിമ്പനക്കുളം – വിധവാ സംഗമം.<br>ചമ്പക്കുളം – മാതാപിതാക്കൾക്ക് ക്ലാസ്സ്. |
| ജൂൺ 23 | – | കുടുംബ പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരുടെ മീറ്റിംഗ്. |
| ജൂൺ 24 | – | മുടിയൂർക്കര – മാതാപിതാക്കൾക്ക് ക്ലാസ്സ്<br>പാറേൽ – ദമ്പതി സെമിനാർ. |
| ജൂൺ 30 | – | മാമ്മൂട് – അമ്മദിനം |

## ജൂലൈ മാസത്തെ പ്രോഗ്രാം

| | | |
|---|---|---|
| ജൂലൈ 01 | - | ചെറുവാണ്ടൂർ - മാതൃപിതൃസംഗമം |
| ജൂലൈ 03 | - | ദുക്റാന തിരുനാൾ (ഓഫീസ് അവധി) |
| ജൂലൈ 06 | - | വിധവാ സംഗമം, മണിമല ഫൊറോന |
| ജൂലൈ 08 | - | മണിമല ഫൊറോന - സമർപ്പിതരുടെയും അൾത്താര ബാലന്മാരുടെയും മാതാപിതാക്കളുടെയും സംഗമം |
| ജൂലൈ 22 | - | മണലാടി - മാതൃപിതൃവേദി ബോധവത്കരണ സെമിനാർ |
| ജൂലൈ 29 | - | എടത്വാ മരിയാപുരം - പിതൃദിനാഘോഷങ്ങൾ |

### 'പിതൃസംഗമം'

കൗമാരപ്രായക്കാരുടെയിടയിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അക്രമവാസനകളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനായി ക്ലാസ്സുകളും ചർച്ചകളും കുടുംബനാഥന്മാർക്കുവേണ്ടി നടത്തപ്പെടുന്നു.

## നസ്രത്ത് മീറ്റ് - സായാഹ്ന കൺവൻഷൻ

മാതൃ-പിതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്തലേറ്റ് മാതാപിതാക്കൾക്കുവേണ്ടി ഇടവകകളിൽ സംഘടിപ്പിക്കുന്ന **കുടുംബസന്ദേശ സൗഹൃദ സായാഹ്നം.**

- **ചിന്തോദ്ദീപകമായ പ്രഭാഷണങ്ങൾ**
- **സംവാദങ്ങൾ**
- **ഓഡിയോ വിഷ്വൽ പ്രോഗ്രാം**
- **പ്രാർത്ഥനാ ശുശ്രൂഷ**

**ജൂലൈ മുതൽ ആരംഭിക്കുന്നു. സമയം 5:00 p.m. മുതൽ 8:00 p.m. വരെ**

1. ഫൊറോനാ ഡയറക്ടർമാരും ഇടവകവികാരിമാരും സെമിനാറിന്റെ തീയതി മുൻകൂട്ടി നിശ്ചയിക്കുമല്ലോ.
2. ഇടവകയിലെ മാതൃ-പിതൃവേദിയുടെ നേതൃത്വത്തിലാണ് ഈ പ്രോഗ്രാം ഓരോ ഇടവകയിലും സജ്ജീകരിക്കേണ്ടത്.
3. സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ ഇടവകയിലെ മാതൃ-പിതൃവേദി ഭാരവാഹികൾക്ക് നോട്ടീസ്, ബാനറുകൾ, നേരിട്ടുള്ള ക്ഷണിക്കൽ, മുതലായ മാർഗങ്ങൾ ഉപയോഗിക്കാവുന്നതാണ്.
4. യോജിച്ച സ്ഥലവും സൗണ്ട്സിസ്റ്റവും ക്രമീകരിക്കേണ്ടതാണ്.

## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE — CHANGE THE WORLD FROM YOUR HOME — ARCHDIOCESE OF CHANGANASSERY

| JULY | AUGUST | SEPTEMBER |
|---|---|---|
| 6, 7, 8 (Chry) | 3, 4, 5 (Chry) | 3, 4, 5 (Zion) |
| 16, 17, 18 (Zion) | 13, 14, 15 (Zion) | 10, 11, 12 (Chry) |
| 23, 24, 25 (Chry) | 20, 21, 22 (Zion) | 21, 22, 23 (Chry) |
| | 27, 28, 29 (Chry) | |

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളേ,

1. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രവാസികളായ നിരവധി കുടുംബങ്ങൾ തങ്ങളുടെ അവധിക്കാലം ചിലവഴിക്കുവാൻ എത്തുന്നു എന്നറിയുന്നത് ഈ നാടിന് പ്രത്യേകിച്ച് മാതൃഭവനത്തിനും മാതൃരൂപതയ്ക്കും അതിയായ സന്തോഷം നൽകുന്ന കാര്യമാണ്. ഈ അവസരത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ ഇടവകകളിൽ ഉള്ള പ്രവാസി കുടുംബങ്ങൾ അതിരൂപതാ കേന്ദ്രത്തിൽ ജൂലൈ 21 ശനിയാഴ്ച ഒരുമിച്ചുകൂടുന്നു. പ്രവാസികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ച് ആരംഭിച്ച പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ സംഗമം ചങ്ങനാശ്ശേരി അതിരൂപതയോടെന്നപോലെ പ്രവാസികൾ തമ്മിൽ തമ്മിലുള്ള സ്നേഹവും, ഐക്യവും, വളർത്തുന്നതിന് സഹായിക്കുന്നു. ഈ വർഷത്തെ സംഗമത്തിൽ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം തങ്ങളുടെ സാന്നിദ്ധ്യകൊണ്ടും വാക്കുകൾകൊണ്ടും നമ്മെ ധന്യരാക്കാൻ സുപ്രീംകോടതി ജഡ്ജ് Hon. ജസ്റ്റീസ് ശ്രീ. കുര്യൻ ജോസഫും Bosnia and Herzegovina രാജ്യത്തിന്റെ അംബാസിഡർ His Excellency Dr Sabit Subasic ഉം പങ്കെടുക്കുന്നു.

അതിരൂപതാ കേന്ദ്രത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ ജൂലൈ 21 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ച കഴിഞ്ഞ് 2 മണി വരെ നടത്തപ്പെടുന്ന ഈ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുവാൻ എല്ലാ പ്രവാസികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന മാതാപിതാക്കളെയും, ഉന്നത വിജയം കരസ്ഥമാക്കിയ പ്രവാസികുടുംബങ്ങളിലെ വിദ്യാർത്ഥികളെയും സഭ, സാമൂഹിക വിദ്യാഭ്യാസ, പ്രേക്ഷിത, മാധ്യമ, കാർഷികലമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രവാസികളെയും ആദരിക്കുന്നതും അനുമോദിക്കുന്നതുമാണ്.

2. ജൂൺ 16 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ചേപ്പുംപാറ മർത്ത് മറിയം ഇടവകയിൽ കോട്ടയം ഫൊറോന പ്രവാസി അപ്പസ്തോലേറ്റ് ഡയറക്ടർ ബഹു. ജോർജ് കപ്പാമൂട്ടിലച്ചന്റെ നേതൃത്വത്തിൽ ഫൊറോന പ്രവാസി കൗൺസിൽ ഒരുമിച്ചു കൂടുകയുണ്ടായി. പ്രസ്തുത സമ്മേളനം സംഘടിപ്പിച്ച ഡയറക്ടർ അച്ചനും ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ ഇടവക പ്രതിനിധികൾക്കും അതിരൂപത പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

## പഠനോപകരണം വിതരണം നടത്തി

ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി-എസ്സ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തുറക്കൽ പ്രമാണിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ വിവിധ തരത്തിലുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര യുണിറ്റുകളുടെ പഠനോപകരണ കിറ്റുകൾ ഏറ്റുവാങ്ങിക്കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ചേപ്പുംപാറ, പള്ളാത്തുരുത്തി, മുണ്ടത്താനം, കുറുമ്പനാടം, ഹോളിഫാമിലി എൽ. പി. സ്കൂൾ എന്നിവിടങ്ങളിലായി പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു.

## പഠനോപകരണ വിതരണ സമാപന സമ്മേളനം കുറുമ്പനാടം ഹോളിഫാമിലി എൽ. പി. എസ്. ൽ

അതിരൂപതാ യുവദീപ്തി - എസ്സ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഠനോപകരണ കിറ്റ് വിതരണത്തിന്റെ സമാപനം കുറുമ്പനാടം പുളിയാംകുന്ന് ഹോളിഫാമിലി എൽ.പി.സ്കൂളിൽ നടത്തി. പി.റ്റി.എ. പ്രസിഡന്റ് സിബിച്ചൻ മരോട്ടിമൂടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം മാടപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ലൈസാമ്മ മുളവന ഉദ്ഘാടനം ചെയ്തു. മുൻ ഹെഡ്മാസ്റ്റർ ശ്രീ. കെ.സി. വർഗീസ്, വാർഡ് മെമ്പർ മോളി ജോൺ, മുൻ മെമ്പർ ടോമിച്ചൻ വസിയാംന്തടം, ശ്രീ. ജോർജ് ജോസഫ് നാഗപറമ്പിൽ, ഹെഡ്മിസ്ട്രസ് ഗ്രേസ്മോൾ മാത്യു, ലാലിച്ചൻ മറ്റത്തിൽ, റ്റോണി മണിമലപറമ്പിൽ, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, സീനാമോൾ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## ആന്റപ്പൻ ആമ്പിയായം മെമ്മോറിയൽ പരിസ്ഥിതി പ്രസംഗ മത്സരവും അനുസ്മരണ സമ്മേളനവും

എടത്വാ ഫൊറോന യുവദീപ്തി എസ്. എം. വൈ. എം. മുൻ പ്രസിഡന്റും പരിസ്ഥിതി പ്രവർത്തകനുമായിരുന്ന ആന്റപ്പൻ ആമ്പിയായത്തിന്റെ ഓർമ്മയ്ക്കായി പരിസ്ഥിതിദിനത്തോടനുബന്ധിച്ച് അതിരൂപതാ യുവദീപ്തി എസ്. എം. വൈ. എം. നടത്തുന്ന പരിസ്ഥിതിദിന പ്രസംഗമത്സരം ജൂൺ 2-ന് രാവിലെ 10.30 മുതൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര അനുസ്മരണസമ്മേളനവും, പ്രസംഗമത്സരവും ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ മറ്റത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി. റോസ് മരിയ സെബാസ്റ്റ്യൻ, സിറിയക് തലച്ചെല്ലൂർ എന്നിവർ പ്രസംഗിച്ചു.

## പരിസ്ഥിതി ദിനാചരണം നടത്തി 'ഇക്കോ - 2018'

ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി എസ്സ്.എം.വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ മണിമല ഫൊറോനായിലെ കരിമ്പനക്കുളം എസ്സ്. എച്ച്. യൂണിറ്റിൽ

പരിസ്ഥിതി ദിനാചരണം 'ഇക്കോ - 2018' നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ. എൻ. ജയരാജ് 'ഇക്കോ - 2018' ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് കട്ടപ്പുറം, ഫാ. ഫ്രാൻസീസ്, അഖിൽ മീനത്തേറ്റിൽ, ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ, ആൻമരിയ ജോസ് അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, അനു ആനി ജോസഫ്, സാം കെ. ജോസഫ്, അജയ് സജീവ് എന്നിവർ പ്രസംഗിച്ചു. പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകനായ മണിമല തോമസ് ചേട്ടനെ സമ്മേളനത്തിൽ ആദരിച്ചു. ബോണി ജേക്കബ്, സോണിയ പി. ജോസ്, ജസ്റ്റിൻ ഇമ്മാനുവേൽ, ഡോണാ മരിയ ദേവസ്യ, സുസ്മി സാജൻ, അമൃത എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രാർത്ഥനാപഠന പരിശീലന ക്യാമ്പ് - എടത്വാ ഫൊറോന

എടത്വാ ഫൊറോനായുടെ 2018 പ്രവർത്തനവർഷത്തെ പ്രാർത്ഥന പഠന പരിശീലനക്യാമ്പ് ജൂൺ 1,2,3 തീയതികളിൽ കരുമാടി സെന്റ് നിക്കോളാസ് യൂണിറ്റിൽവച്ചു നടത്തി. ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പൂവത്തോലിൽ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസ്, ക്രിസ്റ്റി ഡേവീസ്, റ്റിൻസി തോമസ്, അനീറ്റാ മേരി മാത്യു, ജൂബി ജേക്കബ് എന്നിവർ പ്രസംഗിച്ചു. അഡ്വ. ജോജി ചിറയിൽ, ഫാ. ബെന്നി കയ്യാനിയിൽ, ഫാ. സെബാസ്റ്റ്യൻ വെള്ളാമണറ, ജിൻസ് പാറയ്ക്കൽ എന്നിവർ ക്യാമ്പിലെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ജോജി ഫ്രാൻസീസ് ചീഫായി പ്രവർത്തിച്ചു.

## നെടുംകുന്നം ഫൊറോനാ ക്യാമ്പ്

നെടുംകുന്നം ഫൊറോനയുടെ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് ചമ്പക്കര സെന്റ് ജോസഫ് യൂണിറ്റിൽ 2018 ജൂൺ 1,2,3 തീയതികളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോബിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ വികാരി ഫാ. ജോസഫ് പുതുപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖസന്ദേശം നൽകി. ഫാ. ലിബിൻ പുത്തൻപറമ്പ്, ലാലിച്ചൻ മറ്റത്തിൽ ഫൊറോനാ ആനിമേറ്റർ സി. ആൻസി എസ്.എ.ബി.എസ്., അനിറ്റ് ജോസഫ്, ജേക്കബ് ആന്റണി, റിനി വി. റോയി എന്നിവർ പ്രസംഗിച്ചു. വെരി. റവ. ഡോ. തോമസ് പാടിയത്ത്, അഡ്വ. ജോജി ചിറയിൽ, ഫാ. ജോസഫ് ഇലഞ്ഞിമറ്റം, ജിൻസ് പാറയ്ക്കൽ, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## പ്രാർത്ഥനാ പഠനപരിശീലന ക്യാമ്പ് - തുരുത്തി ഫൊറോന

തുരുത്തി ഫൊറോനായുടെ പ്രഥമ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് 2018 ജൂൺ 15,16,17 തീയതികളിൽ തുരുത്തി കാനാ സെന്ററിൽ നടത്തി. 15-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് ഫൊറോനാ പ്രസിഡന്റ് ഡയോൺ റോയിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ

മുൻ ഡയറക്ടർ ഫാ. സന്തോഷ് തർമ്മശ്ശേരി ത്രിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗ്ഗ നിർദ്ദേശപ്രസംഗം നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു, ഫാ. റ്റിജോ പുത്തൻപറമ്പ്, ഫൊറോനാ ഡയറക്ടർ ഫാ. ലൈജു കണിച്ചേരിൽ, ലാലിച്ചൻ മറ്റത്തിൽ, അഖിൽ ജോർജ്, റോഷ്നി സെബാസ്റ്റ്യൻ അജയ് വർഗീസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. വെരി. റവ. ഡോ. തോമസ് പാടിയത്ത്, റവ. ഡോ. ജേക്കബ് കോയിപ്പള്ളി, ജീൻസ് പാറയ്ക്കൽ, അഡ്വ. ജോജി ചിറയിൽ ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ജോജോ പള്ളിച്ചിറ, അഞ്ജലി പി. തോമസ്, സീനാമോൾ ചെറിയാൻ, ജെറിൻ ജോസഫ്, എബിൻ ജോസഫ് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

## 'കനിവ് - 2018'

വെള്ളപൊക്ക ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ സഹോദരങ്ങളെ സഹായിക്കുന്നതിനായി അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മഹേന്ദ്രപുരം, കിടങ്ങറ, കായൽപ്പുറം, അറുനൂറ്റിൻപാടം, കുട്ടമംഗലം, കൈനരി എന്നിവിടങ്ങളിൽ സഹായമെത്തിച്ച് വിതരണം ചെയ്തു. ഈ സംരഭത്തോട് അതിരൂപതയിലെ വിവിധ ഫൊറോനാകളിൽനിന്നുള്ള ഇടവകകളും, യുവദീപ്തി യൂണിറ്റുകളും, വ്യക്തികളും സഹകരിക്കുകയുണ്ടായി. സഹകരിച്ച എല്ലാ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും നന്ദി അർപ്പിക്കുന്നു.

## തൃക്കൊടിത്താനം ഫൊറോന - പരിസ്ഥിതിദിനാഘോഷം

തൃക്കൊടിത്താനം ഫൊറോനായുടെ ആഭിമുഖ്യത്തിൽ 2018 ജൂൺ 16-ന് Gift 2K എന്ന പേരിൽ നാലുകോടി സെന്റ് തോമസ് യൂണിറ്റിൽ വച്ച് പരിസ്ഥിതിദിനാഘോഷം നടത്തി. നാലുകോടി പള്ളിവികാരി ഫാ. ആന്റണി കിഴക്കേവീട്ടിൽ പരിസ്ഥിതിദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജസ്റ്റിൻ മഞ്ചേരിക്കളം അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ ആമുഖ പ്രഭാഷണം നടത്തി. ഫൊറോനാ ആനിമേറ്റർ സി. ബിന്ദു എസ്ഡിപി, അതിരൂപതാ പി.ആർ.ഒ. ക്രിസ്റ്റി ഡേവീസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമ്മേളനത്തെത്തുടർന്ന് യുവജനങ്ങൾക്ക് വൃക്ഷത്തൈ വിതരണം നടത്തുകയുണ്ടായി.

## ജൂലൈ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| ജൂലൈ 1 | - | ഞായർ - നിരണം തീർത്ഥാടനം |
| ജൂലൈ 3 | - | ദുഖ്റാന തിരുനാൾ |
| ജൂലൈ 6,7,8 | - | പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് |
| ജൂലൈ 13,14,15 | - | പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് |
| ജൂലൈ 22 | - | യുവജനദിനം - പുളിംങ്കുന്ന് |
| ജൂലൈ 27,28,29 | - | പ്രാരത്ഥനാ പഠന പരിശീലന ക്യാമ്പ് |

പ്രിയ കെ.സി.എസ്.എൽ. കൂട്ടുകാരേ,

കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ സജീവമായി എന്നു കരുതുന്നു. നല്ല നേതൃത്വവും അണികളുമായി ഈശോയ്ക്കും ഏവർക്കും പ്രിയങ്കരരായി വളരുവാൻ നമ്മുടെ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ ഇടയാകട്ടെ.

ഈ വർഷത്തെ നേതൃത്വപരിശീലനക്യാമ്പ് എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ ജൂൺ 22, 23, 24 തീയതികളിൽ നടത്തപ്പെട്ടു. 165 കെ.സി.എസ്.എൽ. നേതാക്കൾ സജീവമായി പങ്കെടുത്ത ക്യാമ്പ് വികാരി ജനറൽ വെരി. റവ. ഡോ. ഫിലിപ്സ് വടക്കേക്കളം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും മാർ തോമസ് തറയിൽ പിതാവും ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ അതിരൂപതാ ചെയർമാനായി ജോയൽ ജോസഫ്, എസ്.ബി.എച്ച്.എസ്.എസ്. ചങ്ങനാശ്ശേരി; ജനറൽ സെക്രട്ടറിയായി മിസ്റ്റി എൽസാ മാത്യൂ, സെന്റ് തെരേസാസ്, വാഴപ്പള്ളി; സെക്രട്ടറിമാരായി എച്ച്.എസ്.എസ്. വിഭാഗത്തിൽ നിന്നും മരിയാ ജോസഫ്, സെന്റ് ജോസഫ്, ചങ്ങനാശ്ശേരി; നീതു ജോർജ്, സെന്റ് പീറ്റേഴ്സ് കുറുമ്പനാടം; ബിജിൽ ജേക്കബ്, ലൂർദ്ദ് മാതാ, പച്ച എന്നിവരും എച്ച്.എസ്. വിഭാഗത്തിൽ നിന്നും കെനീഷാ പി., എസ്.എച്ച്. ഫാത്തിമാപുരം; ജയിക് ജേക്കബ് സിജോ എസ്.ജെ.ബി. നെടുങ്കുന്നം; ജെസ് തെരേസാ സെന്റ് ജോസഫ്സ്, ചങ്ങനാശ്ശേരി എന്നിവരും യു.പി. വിഭാഗത്തിൽ നിന്നും റിയാ നിസ്സാ മാർട്ടിൻ, എൽ.എഫ്. മുണ്ടത്താനം; ദീപക് ജെ. മാത്യൂ എസ്.ബി. ചങ്ങനാശ്ശേരി; തെരേസാ ബിജു സെബാസ്റ്റ്യൻ, സെന്റ് ആൻസ്, ചങ്ങനാശ്ശേരി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ചങ്ങനാശ്ശേരി സെന്റ് ജോസഫ് ജി.എച്ച്.എസ്.എസ്സിലെ ജിയാ മരിയാ ഫിലിപ്പ് സ്റ്റേറ്റ് ഹൈസ്ക്കൂൾ വിഭാഗം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

## അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനവും പ്രതിഭാസംഗമവും

2018-19 അദ്ധ്യയന വർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങൾ, 2018 ജൂൺ 29-ാം തീയതി ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത കെ.സി.എസ്.എൽ. മാർഗ്ഗരേഖയുടെ പ്രകാശനവും വിവിധ സ്കൂളികളിൽ മികച്ച വിജയം കൈവരിച്ച ഒരു കെ.സി.എസ്.എൽ. അംഗത്തെ ആദരിക്കുന്ന ചടങ്ങും നിർവ്വഹിക്കപ്പെട്ടു.

## അൽഫോൻസാ ക്വിസ്

ഈ വർഷത്തെ അൽഫോൻസാ ക്വിസ് മത്സരം ജൂലൈ 29ന് ചങ്ങനാശ്ശേരി സെന്റ് ആൻസ് ജി.എച്ച്.എസിൽ നടത്തപ്പെടുന്നു. യു.പി., എച്ച്.എസ്. വിഭാഗങ്ങൾക്കും ഈ പ്രാവശ്യം മുതൽ ഹയർസെക്കണ്ടറി വിഭാഗത്തിനും മത്സരം ഉണ്ടായിരിക്കുന്നതാണ്. ഓരോ സെക്ഷനിൽ നിന്നും 2 പേർ അടങ്ങുന്ന രണ്ടു ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

## പഠനവിഷയം

| | | |
|---|---|---|
| കെ.സി.എസ്.എൽ. ചരിത്രം | - | 40% |
| അൽഫോൻസാമ്മയുടെ ജീവചരിത്രം | - | സ്നേഹബലി - 40% |
| ജീവിതം സഹദയോടൊപ്പം | - | 20% |

## പഞ്ചവത്സര അജപാലന മാർഗ്ഗരേഖ

മാർഗ്ഗരേഖയും പഠനഗ്രന്ഥങ്ങളെയും ആധാരമാക്കി കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും കുട്ടികളെ പങ്കെടുപ്പിക്കാനും ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ഒരു പ്രവർത്തന വർഷം ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

AKCC

**ജൂലൈ 1** – അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. നേതൃത്വത്തിൽ നടത്തുന്ന നിരണം തീർത്ഥാടനത്തിൽ കത്തോലിക്ക കോൺഗ്രസ് അംഗങ്ങളും നേതാക്കളും പങ്കെടുക്കണം.

**ജൂലൈ 2** – മണിമല, നെടുംകുന്നം, കുറുമ്പനാടം എന്നീ ഫൊറോനകളിൽനിന്നുള്ള യൂണിറ്റ് പ്രസിഡന്റ് സെക്രട്ടറി എന്നിവരുടേയും ഫൊറോന ഭാരവാഹികളുടേയും സായാഹ്ന കൂട്ടായ്മ – കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളി ഹാളിൽ വൈകുന്നേരം 5 മുതൽ നടത്തുന്നതാണ്. എല്ലാവരും സംബന്ധിക്കണം അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

### ജൂലൈ 8 ഞായർ – അർദ്ധവാർഷിക കൗൺസിൽയോഗം

കത്തോലിക്ക കോൺഗ്രസ് അതിരൂപത ഭാരവാഹികൾ പ്രതിനിധി സഭാംഗങ്ങൾ ഫൊറോന പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ എന്നിവരുടെ സമ്മേളനം ജൂലൈ 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ അതിരൂപത സന്ദേശനിലയം ഹാളിൽ നടത്തുന്നതാണ്. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**വർഗീസ് ആന്റണി**
പ്രസിഡന്റ്

**ഫാ. ജോസ് മുകളേൽ**
ഡയറക്ടർ

## ലീജിയൻ ഓഫ് മേരി

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ ജൂൺ മാസ സമ്മേളനവും ഏകദിന വാർഷികധ്യാനവും 19.06.2018 രാവിലെ 10 മണിക്ക് പാറേൽ ഫാ. പുരയ്ക്കൽ ഹാളിൽ നടത്തപ്പെട്ടു. ഏകദേശം 250 പേർ സന്നിഹിതരായിരുന്നു.

ലീജിയന്റെ ക്രമപ്രകാരം പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയോടുകൂടി ധ്യാനം ആരംഭിച്ചു. ജപശൃംഖല ചൊല്ലിയതിനുശേഷം റവ. ഫാ. പീലിപ്പോസ് കാപ്പിത്തോട്ടം കുമ്പസാരം എന്ന കൂദാശയെ ആസ്പദമാക്കി ധ്യാന ചിന്തകൾ നൽകി.

ധ്യാന പ്രസംഗത്തിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പെരുംന്തോട്ടം പിതാവ് ലീജിയൻ സൈനീകരെ സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. പ്രാർത്ഥിക്കുന്നവരുടെ ശക്തിയുള്ള പ്രാർത്ഥനാകൂട്ടായ്മയാണ് ലീജിയൻ ഓഫ് മേരിയെന്നും പ്രാർത്ഥന ശക്തമായ ആയുധമാണെന്നും അതിരൂപതക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണമെന്നും പ്രതികൂല സാഹചര്യങ്ങളിൽ സഭയെ പിടിച്ചു നിർത്തിയത് നമ്മുടെ പൂർവ്വീകരുടെ ത്യാഗജീവിതവും ഉപവാസവും പ്രാർത്ഥനയൊക്കെയുമാണെന്നും ലീജിയൻ സൈനീകർ മാതൃകാപരമായി പ്രാർത്ഥിക്കണം നല്ല ആരാധനാ സമൂഹത്തെ രൂപപ്പെടുത്തണമെന്നും പിതാവ് ഓർമിപ്പിച്ചു.'

ധ്യാനത്തിനുശേഷം മാസ മീറ്റിങ്ങ് ആരംഭിച്ചു. ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ 779-ാം മതും കൂരിയായുടെ 1018-ാം മതു സമ്മേളനം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. എല്ലാവരെയും വൈസ്പ്രസിഡന്റ് മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. പ്രവർത്തന റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ചു. കണക്കുകൾ സഭ പാസ്സാക്കി. ചീരംഞ്ചിറ റോസാമിസ്റ്റിക്കാ പ്രസീദിയം വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

## ആദരാഞ്ജലികൾ

പരേതനായ ബ്രദർ. സി. റ്റി. ജോസഫ് (തങ്കച്ചൻ) വലിയവീട്ടിൽ. അദ്ദേഹം കൂനന്താനം ജപമാലരാജ്ഞി പ്രസീദിയത്തിന്റെ സ്ഥാപകൻ ആണ്. ലീജിയൻ ഓഫ് മേരിക്കുവേണ്ടി ത്യാഗപൂർണമായ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

പരേതയായ സി. അന്നമ്മ മാറാട്ടുകളം സകലവിശുദ്ധരുടെയും രാജ്ഞി മർത്ത് മറിയം ഫോറോനപള്ളി തുരുത്തി പ്രസീദിയാംഗമാണ്. ആത്മാർത്ഥതയോടെ ലീജിയൻ ഓഫ് മേരിയിൽ സിസ്റ്റർ അന്നമ്മ പ്രവർത്തിച്ചിരുന്നു. ലീജിയൻ ഓഫ് മേരി നേതൃത്വാംഗങ്ങൾ പരേതരുടെ വനത്തിലെത്തി പ്രാർത്ഥിക്കുകയും ഒപ്പീസ് ചൊല്ലുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. പരേതരെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കാം.

എന്ന് കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

പ്രിയ സഹോദരരെ,

ഭാരതമണ്ണിൽ ക്രൈസ്തവ വിശ്വാസത്തിന്റെ അഗ്നി കൊളുത്തിയ വിശുദ്ധ തോമാശ്ലീഹായെ സ്മരിക്കുന്ന ദിവസമാണല്ലോ ജൂലൈ 3 ദുക്റാന തിരുനാൾ. വിശ്വാസാനുഭവം പ്രതീക്ഷിച്ച് ഈശോയുടെ പാർശ്വത്തിൽ തൊട്ട് ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന് ഏറ്റുചൊല്ലി തോമാശ്ലീഹാ ഈശോയെ വിശ്വസിച്ചേറ്റുപറയുന്നു. ''നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ'' (യോഹ. 20:29). എന്ന് ഈശോ പറയുന്നു. ഉത്ഥിതനിലുള്ള ഉറച്ച വിശ്വാസത്തോടുകൂടി ജീവിതത്തോണിയിൽ യാത്ര ചെയ്യാനും, വേണ്ടിവന്നാൽ അവനുവേണ്ടി മരിക്കാനും നമുക്കു തയ്യാറാകാം എന്നു പഠിപ്പിച്ച തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും, ഈശോയ്ക്കുവേണ്ടി തന്നെ മുഴുവനായും സമർപ്പിച്ച സഹനദാസിയും ഫ്രാൻസിസ്കൻ വിശുദ്ധാരാമത്തിലെ പുണ്യവതിയുമായ വി. അൽഫോൻസാമ്മയുടെയും തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖില കേരള ക്വിസ്സ് മത്സരം

SFO ചങ്ങനാശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2018 ആഗസ്റ്റ് 15-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിന്റെ സോഷ്യൽ സെന്ററിൽ വെച്ച് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖില കേരള ക്വിസ്സ് മത്സരം നടത്തുന്നു. ക്വിസ് മത്സര വിഷയങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും.

## ജൂലൈ 8 ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 182-ാം ജന്മവാർഷികം

കേരള കത്തോലിക്കാസഭയിലെ ആദ്യ അല്മായ ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 182-ാം ജന്മവാർഷികം 2018 ജൂലൈ 8-ാം തീയതിയാണ്. പൊതുവായ ആഘോഷങ്ങളില്ലെങ്കിലും അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളും അന്നേദിവസം ഇടവക ദൈവാലയങ്ങളിൽ വി. കുർബാന ചൊല്ലിക്കാൻ ഏർപ്പാടു ചെയ്യുകയും അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും ചെയ്യുക.

## നിര്യാതരായി

വാഴപ്പള്ളി ഗെത്സെമനി ഭ്രാതൃത്വാംഗം സഹോദരി ഗ്രേസമ്മ തോമസ് ചിറ്റേട്ടുകളം (54), തുരുത്തി മർത്ത് മറിയം ഫൊറോനാ ഭ്രതൃത്വാംഗവും വാഴപ്പള്ളി മുൻ റീജണൽ ട്രഷററുമായ സഹോദരി അന്നമ്മ തോമസ് മാറാട്ടുകളം (60), തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വാംഗ മുൻ സെക്രട്ടറിയുമായ സഹോദരി എൽസമ്മ തോമസ് തോപ്പിൽ-ന്റെ ഭർത്താവ് റ്റി. എസ്. തോമസ് (74) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ.

വി. തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെയും, വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജന്മവാർഷികത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

പ്രാർത്ഥനാപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

**ചാസിൽ നിന്നും ആശംസകൾ !!!**

ഇടവപ്പാതി സമൃദ്ധമായി പെയ്തിറങ്ങുകയും മണ്ണിടിച്ചിൽ, മഴവെള്ളപ്പാച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ സമ്മാനിക്കുകയും ചെയ്ത മാസമാണ് കടന്ന് പോയത്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതങ്ങളാണന്ന സത്യമാണ് മാദ്ധ്യമങ്ങൾ നൽകിയ വാർത്തകൾ വ്യക്തമാക്കുന്നത്.

അശാസ്ത്രീയ പാരിസ്ഥിതിക ചൂഷണം പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു. കാലാവസ്ഥ വ്യതിയാനം കേവലം വരൾച്ചമാത്രമല്ലല്ലോ. അതിവൃഷ്ടിയും പൊടുന്നനെയുള്ള വെള്ളപ്പൊക്കവുമെല്ലാം ഈ വ്യതിയാനത്തിന്റെ ഫലങ്ങളാണ്. പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ഏറെ അനുഭവപ്പെടുന്നത് സാധുജനങ്ങൾക്കാണല്ലോ. വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ചാസ് സജീവമായി ഇടപെട്ട് വിവിധയിടങ്ങളിൽ ഭക്ഷ്യസഹായമെത്തിക്കാൻ പരിശ്രമിച്ചു. സഹകരിച്ച യൂണിറ്റ് ഭാരവാഹികൾക്ക് നന്ദിയർപ്പിക്കുന്നു.

ഈ വർഷത്തെ പരിസ്ഥിതിദിനാചരണത്തിന്റെ പ്രമേയം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക എന്നതായിരുന്നല്ലോ. ജൂബിലി സ്മാരക 'ഹരിതവർഷം ഹരിതഗ്രാമം' പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകവുമാണിത്. പൊതുസമൂഹത്തിന്റെ ശ്രദ്ധപിടിച്ചുപറ്റുന്ന രീതിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായുള്ള ബദൽ സംവിധാനങ്ങൾ (ഉദാ. സാനിട്ടറി നാപ്കിൻ, കാരിബാഗ്) പരിചയപ്പെടുത്താൻ നമുക്ക് കഴിയുന്നുണ്ട്. മണ്ണ് ജല സംരക്ഷണത്തിന് മുൻതൂക്കം നല്കിയുള്ള കർമ്മപരിപാടികൾ സംഘങ്ങളും യൂണിറ്റുകളും ആവിഷ്ക്കരിച്ച് നടപ്പാക്കണം.

കഴിഞ്ഞമാസങ്ങളിൽ നടത്തിയ പുതിയ സ്വാശ്രയസംഘങ്ങളുടെ പരിശീലനവും പുരുഷ സ്വാശ്രയസംഘങ്ങളുടെ മേഖലാസംഗമങ്ങളും വളരെ ഫലപ്രദമായിരുന്നു എന്ന് മനസ്സിലാക്കുന്നു. അടുത്ത മൂന്ന് മാസത്തേക്കുള്ള പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

ആശംസകളോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
ഫാ. തോമസ് കുളത്തുങ്കൽ
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പുകൾ

### ഖാദി പ്ലാസാ ഷോറൂം ഉദ്ഘാടനം -മല്ലപ്പള്ളി

ചാസിന്റെ നേതൃത്വത്തിൽ മല്ലപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഖാദിപ്ലാസയുടെ പുതിയ ഷോറൂം (മല്ലപ്പള്ളി പഞ്ചായത്ത് ഓഫീസിന് സമീപം) ജൂലൈ 4 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഉദ്ഘാടനം ചെയ്യപ്പെടും. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആശീർവാദകർമ്മ നിർവഹിക്കും. ചാസ് പ്രസിഡന്റ് ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിക്കുന്ന പൊതുസമ്മേളനം ശ്രീ. ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യും.

## സിൽക്ക് സാരിമേളയും NRI ഫെസ്റ്റും

ചാസിന്റെ എല്ലാ ഖാദി ഷോറൂമുകളിലും ജൂലൈ 16 മുതൽ 31 വരെ 25% സ്പെഷ്യൽ ഡിസ്ക്കൗണ്ടോടുകൂടി സിൽക്ക് സാരിമേളയും NRI ഫെസ്റ്റും സംഘടിപ്പിക്കുന്നതാണ്.

## ഓണം ഖാദി ഫെസ്റ്റ്

ഓണത്തോടനുബന്ധിച്ച് ചാസിന്റെ എല്ലാ ഖാദി ഷോറൂമുകളിലും വസ്ത്ര -കരകൗശല-ഫർണീച്ചർ മേള ആഗസ്റ്റ് 1 മുതൽ 24 വരെ നടത്തപ്പെടും. ഖാദി തുണിത്തരങ്ങൾക്ക് 30% ഗവൺമെന്റ് സ്പെഷ്യൽ റിബേറ്റിനുപുറമേ ചാസ് സ്വാശ്രയസംഘാംഗങ്ങൾ, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾ എന്നിവർക്ക് 5% സ്പെഷ്യൽ റിബേറ്റും ലഭിക്കുന്നതാണ്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം

2018 ജൂൺ മാസത്തിലുണ്ടായ വെള്ളപ്പൊക്കം മൂലം ദുരിതത്തിലായ ആളുകൾക്കുവേണ്ടി, കുട്ടനാട്ടിലെ 26 ഇടവകകളിൽ 10875 കിലോ അരിയും, 1885 കിലോ പയറും ഭക്ഷ്യസഹായമായി എത്തിച്ചു. അർഹതപ്പെട്ടവരെ കണ്ടെത്തി സഹായം വിതരണം ചെയ്യാൻ സഹായിച്ച വികാരിയച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

## ദുരിതാശ്വാസ സംഭാവന

വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിക്കുന്ന കുട്ടനാടൻ മേഖലയിലെ സഹോദരങ്ങളെ സഹായിക്കാൻ സംഭാവന നല്കിയ താഴെപ്പറയുന്ന യൂണിറ്റുകൾക്ക് നന്ദിപറയുന്നു.

| | | | | | |
|---|---|---|---|---|---|
| അതിരമ്പുഴ | - 25,000/- | പാറേൽ | - 15,000/- | വെട്ടിമുകൾ | - 10,000/- |
| ചെറുവാണ്ടൂർ | - 10,000/- | നാലുകോടി | - 10,000/- | ഇത്തിത്താനം | - 5,000/ |

## ആശാകിരണം-കൊളാഷ് മത്സരവിജയികൾ

വിശ്വാസോത്സവത്തോടനുബന്ധിച്ച് സൺഡേ സ്കൂളുകൾക്കായി നടത്തിയ ആശാകിരണം-കൊളാഷ് മത്സരത്തിലെ വിജയികൾ.

1-ാം സ്ഥാനം ഇമ്മാക്കുലേറ്റ് ഹേർട്ട് സൺഡേസ്ക്കൂൾ, കൈതവന, ആലപ്പുഴ.
2-ാം സ്ഥാനം സെന്റ് ജോസഫ്സ് സൺഡേസ്ക്കൂൾ, ചമ്പക്കര, നെടുംകുന്നം.
3-ാം സ്ഥാനം നിർമ്മലഭവൻ തിരുവന്തപുരം.

## 2018 ജൂലൈ മാസത്തെ മേഖലതല പരിപാടികൾ

| തീയതി | മേഖല | പരിപാടികൾ |
|---|---|---|
| 01 | കുട്ടനാട് | Men SHG സംഗമം |
| 07 | ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം | PME |
| 09 | അതിരമ്പുഴ, കുടമാളൂർ, കോട്ടയം | PME |
| 10 | കുട്ടനാട്, എടത്വാ & ആലപ്പുഴ | PME |
| 12 | നെടുംകുന്നം | PME |
| 13 | മണിമല | PME |
| 13 | അതിരമ്പുഴ | SAFP റീജണൽ മീറ്റിംഗ് |
| 14 | കൊല്ലം | PME |

| | | |
|---|---|---|
| 20 | ചങ്ങനാശ്ശേരി | SAFP റീജണൽ മീറ്റിംഗ് |
| 21 | അമ്പൂരി | PME |
| 28 | കുട്ടനാട് | SAFP റീജണൽ മീറ്റിംഗ് |

## യൂണിറ്റുതല പ്രത്യേക പരിപാടികൾ

| തീയതി | യൂണിറ്റ് | പരിപാടികൾ |
|---|---|---|
| ജൂലൈ 1 | ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| ജൂലൈ 2 | മാടപ്പള്ളി | ഊർജ്ജിതം -2018 |
| ജൂലൈ 5 | കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| ജൂലൈ 5 | നെടുംകുന്നം | ഊർജ്ജിതം - 2018 |
| ജൂലൈ 6 | നെടുംകുന്നം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| ജൂലൈ 8 | അയർക്കുന്നം | കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| ജൂലൈ 10 | കറിക്കാട്ടൂർ | സംരംഭകത്വ പരിശീലനം |
| ജൂലൈ 11 | കൊടുപ്പുന്ന | കുടനിർമ്മാണ പരിശീലനം |
| ജൂലൈ 12 | വടവാതൂർ | യൂണിറ്റ് വാർഷികം |
| ജൂലൈ 12 | ഏറ്റുമാനൂർ | കുടനിർമ്മാണ പരിശീലനം |
| ജൂലൈ 13 | പെരുങ്കാവ് | തയ്യൽ പരിശീലനം ഉദ്ഘാടനം |
| ജൂലൈ 13 | മൈലാടി | ബേക്കറി പരിശീലനം |
| ജൂലൈ 14 | മണിമല ന്യൂ | സംരംഭകത്വ പരിശീലനം |
| ജൂലൈ 14 | പള്ളാത്തുരുത്തി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| ജൂലൈ 16 | കോട്ടയ്ക്കപ്പുറം | കുടനിർമ്മാണ പരിശീലനം |
| ജൂലൈ 16 | കരിമ്പനക്കുളം | തയ്യൽ പരിശീലനം ഉദ്ഘാടനം |
| ജൂലൈ 17 | കുറുമ്പനാടം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| ജൂലൈ 17 | പാണ്ടങ്കരി | ഫ്ളോർ മാറ്റ് നിർമ്മാണ പരിശീലനം |
| ജൂലൈ 19 | മണിമല ഓൾഡ് | പേപ്പർ കാരിബാഗ് പരിശീലനം |
| ജൂലൈ 20 | കോട്ടയ്ക്കപ്പുറം | യൂണിറ്റുവാർഷികം |
| ജൂലൈ 21 | കൈനകരി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| ജൂലൈ 24 | പള്ളിക്കൂട്ടുമ്മ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| ജൂലൈ 23 | മാമ്മൂട് | കുടനിർമ്മാണ പരിശീലനം |
| ജൂലൈ 26 | കുളത്തൂർ | ഫാർമേഴ്സ് ക്ലബ് രൂപീകരണം |
| ജൂലൈ 27 | ചമ്പക്കര | ഊർജ്ജിതം - 2018 |
| ജൂലൈ 27 | പുന്നക്കുന്നം | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| ജൂലൈ 27 | നാൽപ്പാത്തിമല | ആഭരണനിർമ്മാണ പരിശീലനം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2018 ജൂൺ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ:

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 366. തങ്കമണി മുരളീധരൻ | ഭാവന | പങ്ങട | കോട്ടയം |
| 367. പി.വി. രാജപ്പൻ, പടിഞ്ഞാറേഅമ്പാട്ട് | ദീപം | കുറുമ്പനാടം | കുറുമ്പനാടം |
| 368. വർക്കി വർക്കി, ചൂപ്രത്ത് | സെന്റ് പോൾ | മുടിയൂർക്കര | കുടമാളൂർ |

369. ജോസഫ് കൊച്ചുപുരയ്ക്കൽ ജീവൻ കിഴക്കേമിത്രക്കരി എടത്വാ
370. കുഞ്ഞുകുട്ടി, ആരോഗ്യനികേതൻ ആർപ്പൂക്കര കുടമാളൂർ
371. അന്നമ്മ കൊടിവീട്ടിൽ പ്രതീക്ഷ മുഹമ്മ ആലപ്പുഴ

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

*** മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 165. വാസു കൃഷ്ണൻ, പുത്തൻപുരയ്ക്കൽ | തായങ്കരി | എടത്വാ |
| 166. ഷൺമുഖം റ്റി. നടുവേലിപ്പറമ്പിൽ | വില്ലൂന്നി | കുടമാളൂർ |
| 167. തോമസ് ജോസഫ്, കിഴക്കേനല്ലൂർ | പായിപ്പാട് | തൃക്കൊടിത്താനം |

*** ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 75. ചിന്നമ്മ കുര്യൻ, കോഴിമുള്ളേരത്ത് | വെട്ടിമുകൾ | അതിരമ്പുഴ |
| 76. സോഫിയാമ്മ തോമസ്, മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 77. ലാലിമ്മ ദേവസ്യ, കണിയാഞ്ഞാലിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 78. തോമസ് ജോസഫ്, മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 79. ജെസ്റ്റിൻ ലോറൻസ്, പരുത്തിക്കാട് | കുമാരനല്ലൂർ | കുടമാളൂർ |
| 80. പി.എം. ജോസഫ്, ഒറ്റയിൽ | കുമാരനല്ലൂർ | കുടമാളൂർ |
| 81. കെ.സി. മാത്യു, കുന്നേൽ | മായം | അമ്പൂരി |

**(4) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ജൂൺ മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 46 അപേക്ഷകർക്ക് 66,600/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

## അസ്സീസി വിദ്യാലയം-പ്രവേശനോത്സവവും രക്ഷാകർതൃസമ്മേളനവും

പൂന്തോപ്പ് അസ്സീസി വിദ്യാലയത്തിൽ പുതിയ അദ്ധ്യയനവർഷം ജൂൺ 4-ാം തീയതി തിങ്കളായ്ച്ച ആരംഭിച്ചു. ഈ വർഷം 5 കുട്ടികൾ പുതുതായി പ്രവേശനം നേടി. ആകെ 74 കുട്ടികൾ 11 അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നേടുന്നു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പ്രവേശനവർഷം ഉദ്ഘാടനം ചെയ്തു. അനുബന്ധമായി നടത്തപ്പെട്ട രക്ഷാകർതൃസമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തി. പൂന്തോപ്പ് പള്ളി അസി. വികാരി റവ. ഫാ. തോമസ് വഞ്ചിക്കൽ സ്കൂൾ ആശീർവദിച്ചു. തുടർന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചേർന്ന് സ്കൂൾ പരിസരത്ത് വൃക്ഷതൈകൾ നട്ടു.

## പരിസ്ഥിതിദിന വാരാചരണം

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണ വാരാചരണം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് ഡോണി തോമസ് വർഗ്ഗീസ് ചാസ് അങ്കണത്തിൽ വൃക്ഷതൈ നട്ടുകൊണ്ട് വാരാചരണം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനംവകുപ്പുമായി സഹകരിച്ച് സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും 10000 വൃക്ഷതൈകൾ വിതരണം ചെയ്തു. 'പ്ലാസ്റ്റിക്ക്

ഉപേക്ഷിക്കു ജീവൻ രക്ഷിക്കൂ' എന്ന പ്രമേയമടിസ്ഥാനമാക്കി മേഖലാ യൂണിറ്റ് തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

## ഇ-ശക്തി പരിശീനലനം

സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ നബാർഡ് ഡിജിറ്റലൈസ് ചെയ്തുവരുന്നതിന്റെ ഭാഗമായി SHG പ്രതിനിധികൾക്കുവേണ്ടി ജൂൺ 20 ന് ഏകദിന പരിശീലനപരിപാടി നബാർഡിന്റെ മേൽനോട്ടത്തിൽ ചാസ് കേന്ദ്രഓഫീസിൽ സംഘടിപ്പിച്ചു. നബാർഡ് ജില്ലാ ഡവലപ്പ്മെന്റ് മാനേജർ ശ്രീമതി ദിവ്യാ കെ.വി. ഉദ്ഘാടനം നിർവഹിച്ചു.

## അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം ചാസിൽ

ചാസും ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളും സംയുക്തമായി അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം 2018 ജൂൺ 26 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോജ് ജോർജ്ജ് മുളപ്പഞ്ചേരി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. 'ലഹരി ഉപയോഗവും -യുവതലമുറയും' എന്ന വിഷയത്തിൽ ശ്രീ. ലിജു തോമസ്, ശ്രീ. റ്റി.എ. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസ് നയിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ശ്രീ. സനീഷ് ജി., സ്കൗട്ട് മാസ്റ്റർ നന്ദകുമാർ എന്നിവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. സ്കൂളിലെ നാഷ്ണൽ സർവ്വീസ് സ്കീം പ്രവർത്തകരും സ്കൗട്ട് അംഗങ്ങളും ലഹരി വിരുദ്ധ പ്രതിജ്ഞയും റാലിയും നടത്തി.

# മേഖലാവാർത്തകൾ

## പരിസ്ഥിതി സംരക്ഷണ വാരാചരണം

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് എടത്വാ മേഖലയുടെ നേതൃത്വത്തിൽ പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നെരയത്ത് പരിസ്ഥിതി സംരക്ഷണ റാലി ഫ്ളാഗ് ഓഫ് ചെയ്തു. എടത്വാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടെസി ജോസ് ഉദ്ഘാടനം നിർവഹിച്ചു. സെന്റ് സേവ്യേഴ്സ് സ്കൂളിലെ പ്രധാനാദ്ധ്യാപിക സിസ്റ്റർ മോളിക്കുട്ടി ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് പരിസ്ഥിതി സംരക്ഷണ സെമിനാർ നയിച്ചു. വിവിധ യൂണിറ്റുകളിലെ സ്വാശ്രയസംഘങ്ങളും, പച്ച സെന്റ് സേവ്യഴ്സ് സ്കൂളിലെ വിദ്യർത്ഥികളും റാലിയിൽ പങ്കെടുത്തു. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

കുട്ടനാട് മേഖലയിലെ പരിസ്ഥിതിദിനാചരണം കായൽപുറം യൂണിറ്റിൽ ജൂൺ 5 ന് സംഘടിപ്പിച്ചു. കുട്ടനാട് താലൂക്ക് ലീഗൽ സർവീസസ് കമ്മറ്റി ചെയർപേഴ്സൺ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ശ്രീമതി ജിഷാ മുകുന്ദൻ ഉദ്ഘാടനം നിർവഹിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതപ്പള്ളി 'പാരിസ്ഥിതിക വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു.

കോട്ടയം മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് അയർക്കുന്നം കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ചു. അയർക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മോനി ജയ്മോൻ ഉദ്ഘാടനം നിർവഹിച്ചു. അയർക്കുന്നം കൃഷി ഓഫീസർ ശ്രീമതി അലീന പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു.

കുടമാളൂർ മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് കുടമാളൂർ യൂണിറ്റിൽ സംഘടിപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. എബ്രഹാം വെട്ടുവയലിൽ അദ്ധ്യക്ഷതവഹിച്ചു. ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. സൗജന്യമായി വൃക്ഷതൈവിതരണം ചെയ്തു.

നെടുംകുന്നം മേഖലയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം ചമ്പക്കര യൂണിറ്റിൽ ജൂൺ 9 ന് സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് പരിസ്ഥിതി സംരക്ഷണ സെമിനാർ നയിച്ചു.

അതിരമ്പുഴ മേഖലയുടെ നേതൃത്വത്തിൽ ജൂൺ 9-ാം തീയിതി ചെറുവാണ്ടൂർ യൂണിറ്റിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ നെല്ലുവേലി അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ മുൻസിപ്പൽ കൗൺസിലർ ശ്രീ. ജോർജ്ജ് പല്ലാട്ട് ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

കുറുമ്പനാടം മേഖലയുടെ ആഭിമുഖ്യത്തിൽ ജൂൺ 10 ന് പരിസ്ഥിതി ദിനാചരണം മാന്നില യൂണിറ്റിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ റവ.ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈസാമ്മ മുളവന ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളിൽ ഫലവൃക്ഷതൈ വിതരണോദ്ഘാടനം നിർവഹിച്ചു. വടക്കേക്കര ഗവ.ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ സജു മോൻ പരിസ്ഥിതി സംരക്ഷണ ക്ലാസ് നയിച്ചു.

മണിമല മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 10 ന് കടയനിക്കാട് യൂണിറ്റിൽ സംഘടിപ്പിച്ചു. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഗ്രേയ്സമ്മ ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു. കങ്ങഴ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഫൈസൽ തെക്കേക്കര ഫലവൃക്ഷതൈകളുടെ വിതരണോദ്ഘാടനം നടത്തി. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

തൃക്കൊടിത്താനം മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 10 ന് ചാഞ്ഞോടി യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുത്തനങ്ങാടി ഉദ്ഘാടനം നിർവഹിച്ചു. ഡോ. ജേക്കബ് വടക്കഞ്ചേരി 'പ്രകൃതി-പ്രകൃതിവിഭവങ്ങൾ, പ്രകൃതി ചികിത്സ' എന്ന വിഷയത്തിൽ ക്ലസ് നയിച്ചു.

ആലപ്പുഴ മേഖലാതലപരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി പഴവങ്ങാടി യൂണിറ്റിൽ പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്

ക്കരണ പരിപാടി നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽനിന്നും 225 അംഗങ്ങൾ പങ്കെടുത്തു. ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

ചങ്ങനാശ്ശേരി മേഖലാതലപരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി പാറേൽ യൂണിറ്റിൽ ജൂൺ 8 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. അഗ്രിക്കൾച്ചർ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ജോളി ജോസഫ്, ശ്രീ. വി.ഒ. ഔതക്കുട്ടി എന്നിവർ ക്ലാസ് നയിച്ചു. ഫലവൃക്ഷതൈകളുടെ വിതരണവും നടത്തി.

## സ്വാശ്രയസംഘസംഗമം

കൊടുപ്പുന്ന യൂണിറ്റിൽ ജൂൺ 12 ന് സ്വാശ്രയസംഘസംഗമം നടത്തി. എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങാശ്ശേരി കാഷ് അവാർഡ് നൽകി ആദരിച്ചു.

## ഭവനം നിർമ്മിച്ചു നൽകി

മുട്ടർ ഓൾഡ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകാംഗമായ ശ്രീമതി ലില്ലിക്കുട്ടി തോമസിന്റെ കുടുംബത്തിന് യൂണിറ്റിന്റെ നേതൃത്വത്തിൽ വീട് നിർമ്മിച്ചു നല്കി. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹാം തയ്യിൽ യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## ഊർജ്ജിതം-2018

ഊർജ്ജിതം പദ്ധതിയുടെ ഭാഗമായി കുറുമ്പനാടം മേഖലയിലെ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി പരിശീലനപരിപാടി സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ മെയ് 24 ന് സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. 5 സ്വാശ്രയസംഘങ്ങളിൽ നിന്നായി 57 അംഗങ്ങൾ പങ്കെടുത്തു. തൃക്കൊടിത്താനം മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി ജൂൺ 19 ന് പരിശീലനപരിപാടി സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ്നയിച്ചു. 4 സ്വാശ്രയസംഘങ്ങളിൽ നിന്നായി 32 അംഗങ്ങൾ പങ്കെടുത്തു.

## യൂണിറ്റ് വാർഷികവും സ്വശ്രയസംഘ സംഗമവും

തൃക്കൊടിത്താനം യൂണിറ്റ് വാർഷികം ജൂൺ 17 ഞായറാഴ്ച സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി., +2 പരീക്ഷയിൽ എല്ലാവിഷത്തിനും എ+ നേടിയ 23 വിദ്യാർത്ഥികളെയും, നീറ്റ് പരീഷയിൽ 608-ാം റാങ്ക് നേടിയ ആഷിഷ് ജോഷിയെയും കാഷ് അവാർഡ് നൽകി ആദരിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

ഇത്തിത്താനം യൂണിറ്റുവാർഷികം ജൂൺ 24 ഞായറാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. 20 സ്വാശ്രയസംഘങ്ങളിൽനിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. +2, എസ്.എസ്.എൽ.സി. പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ കരസ്ഥമാക്കിയ സംഘാംഗങ്ങളുടെ മക്കൾക്ക് കാഷ് അവാർഡ് നൽകി ആദരിച്ചു. സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പലിശരഹിത വായ്പാ വിതരണത്തിന്റെ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ

റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ നിർവഹിച്ചു. പള്ളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബെറ്റി റ്റോജോ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വികസനകാര്യ ചെയർപേഴ്സൺ ശ്രീമതി ബീനാ റ്റോംസൺ എന്നിവർ പ്രസംഗിച്ചു.

### സ്വാശ്രയസംഘ വാർഷികം

മങ്കൊമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ശ്രേയസ്, നവജ്യോതി, അനുഗ്രഹ' എന്നീ സ്വാശ്രയസംഘങ്ങളുടെ ഒന്നാമത് വാർഷികം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ ഉദ്ഘാടനം നിർവഹിച്ചു. ആനിമേറ്റർ സിസ്റ്റർ റ്റെസി, യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീമതി എത്സമ്മ എന്നിവർ പ്രസംഗിച്ചു.

### ചക്ക മഹോത്സവം

ആർപ്പൂക്കര ചെറുപുഷ്പം യൂണിറ്റും ഹരിതാ ഫാർമേഴ്സ് ക്ലബും സംയുക്തമായി ജൂൺ 17 ന് ചക്ക മഹോത്സവം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് തെക്കേക്കര ഉദ്ഘാടനം നിർവഹിച്ചു. ചക്ക ഉപയോഗിച്ച് ക്വാഷ്, ബജി, ജാം, മിക്സ്ചർ, ലസി എന്നിവ നിർമ്മിക്കാൻ കോ-ഓർഡിനേറ്റർമാരായ അൽഫോൻസ് വർഗീസ്, സജിഷാജി എന്നിവർ പരിശീലനം നൽകി. 50 അംഗങ്ങൾ പങ്കെടുത്തു.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 06.06.2018 | പല്ലവി | ചെറുവാണ്ടൂർ | 18 |
| 13.06.2018 | ഇരവുചിറ | ആവേമരിയ | 10 |
| 13.06.2018 | കൃപ | കിഴക്കേമിത്രക്കരി | 18 |

### ആശാകിരണം-കാൻസർ ബോധവത്ക്കരണം

| തീയതി | സ്ഥലം | അംഗങ്ങൾ |
|---|---|---|
| 22.06.2018 | സെന്റ് സേവ്യേഴ്സ് സ്കൂൾ, മിത്രക്കരി | 360 |
| 23.06.2018 | DCVS, പാസ്റ്ററൽ സെന്റർ, ചങ്ങനാശ്ശേരി | 32 |


## ചാസ് ഖാദിയിൽ വിവിധയിനം തൊഴിൽ പരിശീലന കോഴ്സുകൾ

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ചാസിന്റെ സഹകരണത്തോടെ ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ചാസിൽ ഉടൻ ആരംഭിക്കുന്ന ബ്യൂട്ടീഷൻ കോഴ്സ്, പേപ്പർ കൺവർഷൻ (പേപ്പർ ബാഗ് വിവിധ ഇനം ലേഡിസ് ഹാൻഡ് ബാഗുകൾ, പേഴ്സുകൾ, ബിഗ്ഷോപ്പറുകൾ)ഗ്ലാസ് പെയിന്റിംഗ്,ഫേബ്രിക്ക് പെയിന്റിംഗ്, ഹാൻഡ് എംബ്രോഡറി, ബീഡ്സ്വർക്ക്, ആർട്ട് ആന്റ് ക്രാഫ്റ്റ്, ഫാൻസി കാൻഡിൽ മേക്കിംഗ്, ജൂവലറി മേക്കിംഗ് (ഫാൻസി, പേപ്പർ ഓർണമെന്റ്സ്) ടെറാക്കോട്ട ജൂവലറി മേക്കിംഗ് തുടങ്ങിയ പരിശീലനത്തിന് തൊഴിൽ രഹിതരായ വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഗവൺമെന്റ് നിരക്കിലുള്ള 20 സീറ്റുകൾ മാത്രം. കേന്ദ്ര ഗവ. സർട്ടിഫിക്കറ്റും സ്വയം തൊഴിൽ വായ്പയും ലഭ്യമാക്കും.

താല്പര്യമുള്ളവർ ബന്ധപ്പെടുക: **9495110143, 9656558182**

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ,

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് അതിരമ്പുഴ, ചങ്ങനാശ്ശേരി, ഇരവുചിറ, ആലപ്പുഴ, കാവാലം, നെടുംകുന്നം തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ല എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## ആത്മതായുടെ 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതി മഹത്തരം മാർ ജോസഫ് പെരുന്തോട്ടം

ചങ്ങനാശ്ശേരി ആത്മതാകേന്ദ്രത്തിന്റെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി ഏറ്റം മഹത്തരമായ ഒരു സാമൂഹ്യക്ഷേമ പ്രവർത്തനമാണ് എന്ന് അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം. 15-ാം മത് സപ്പോർട്ട് എ ചൈൽഡ് വാർഷിക സമ്മേളനവും പഠന ഉപകരണ വിതരണവും ഉത്ഘാടനം ചെയ്തു സംസാരിയ്ക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിൽ വേദനിയ്ക്കുന്നവർക്ക് ഒരു സമൂഹത്തിനും ചെയ്യാവുന്ന ഏറ്റവും വലിയ സേവനമാണ് ആത്മതാകേന്ദ്രം നിർവ്വഹിക്കുന്നത് എന്ന് മാർ പെരുന്തോട്ടം പറഞ്ഞു. അതിരൂപതാ വികാരി ജനറാളും ആത്മതാകേന്ദ്രം പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമൂഹത്തിന്റെ പാവപ്പെട്ടവരോടുള്ള വറ്റാത്ത കാരുണ്യത്തിന്റെ പ്രതികമാണ് ഈ സപ്പോർട്ട് എ ചൈൽഡ് പദ്ധതി മനുഷ്യന് ചെയ്യാവുന്ന ഏറ്റവും നല്ല പങ്കുവയ്ക്കാൻ ആണ് ഇതിലൂടെ നടക്കുന്നത് എന്നും മോൺ മുണ്ടകത്തിൽ പ്രസ്താവിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ആമുഖ സന്ദേശം നല്കി. പഠന ഉപകരണങ്ങൾ ചങ്ങനാശ്ശേരി വ്യാപാരി വ്യവസായി ഏകോപന സമിതി, വൈസ് മെൻസ് ക്ലബ്ബ് ചങ്ങനാശ്ശേരി സെന്റർ, ആരാധനമഠം പ്രൊവിൻഷ്യൽ ഹൗസ്, ഹോളി ക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസ്, യൂണിയൻ ബാങ്ക്, ചങ്ങനാശ്ശേരി ജംഗ്ഷൻ ഫെയ്സ് ബുക്ക് കൂട്ടായ്മ വിവിധ സ്പോൺസർമാർ എന്നിവരുടെ സഹായത്തോടെയാണ് 425 പേർക്ക് പഠനോപകരണങ്ങൾ നല്കിയത്. 275 പേർക്ക് സാമ്പത്തിക സഹായവും

വിതരണം ചെയ്തു. സമ്മേളനത്തിൽ ജോബ് എ.റ്റി., ജോസ് കുളങ്ങര, എൻ. പി. തോമസ്, ജോസഫ് ഇഞ്ചിപ്പറമ്പിൽ, ലാലിച്ചൻ മറ്റത്തിൽ, അന്നമ്മ ജോൺ, ഓമന, കുട്ടിയമ്മ വെടികാട്ട് തുടങ്ങിയവർ ആശംസാസന്ദേശവും പഠനോപക രണങ്ങൾ നല്കുകയും ചെയ്തു. സമ്മേളനത്തിൽ ട്രീസാ മാത്യു റിപ്പോർട്ടും, റ്റി.എം മാത്യു കൃതജ്ഞതയും പറഞ്ഞു.

## സ്കൂൾ ബോധവത്ക്കരണ ക്ലാസ്സ്

ചങ്ങനാശ്ശേരി എസ്സ്. ബി., ഗവൺമെന്റ്, സെന്റ് ജോസഫ്, കുറുമ്പനാടം സെന്റ് പീറ്റേഴ്സ്, നെടുംങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് എന്നീ സ്കൂളുകളിലെ ഹയർ സെക്കന്ററി, ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്കായി ലഹരി വിരു ദ്ധദിനാചരണത്തോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സും, ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തി. പരിപാടികൾക്ക് ഫാ. ജോസ് പുത്തൻചിറ, ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട് തുടങ്ങിയവർ നേതൃത്വം നല്കി.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂ ടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂ വൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടംബവിശു ദ്ധീകരണധ്യാനം നടത്തുന്നും. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോ മിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം 2018 ജൂലൈ 26 മുതൽ ജൂലൈ 29 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേ രം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

## നന്ദി... നന്ദി...

കഴിഞ്ഞ ഒരു വർഷക്കാലം ആത്മതാകേന്ദ്രത്തെ നയിച്ച് വളർച്ചയിൽ സ ഹായിച്ച ബഹു. തോമസ് താന്നിയത്ത് അച്ചന് ഹൃദയം നിറഞ്ഞ നന്ദി. പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

## സ്വാഗതം

ആത്മതാകേന്ദ്രം ഡയറക്ടറായി പുതിയതായി നിയമിതനായിരിക്കുന്ന റവ. ഫാ. ജോസ് പുത്തൻചിറ അച്ചന് സ്നേഹോഷ്മള സ്വാഗതവും ധാരാളം പു തിയ പ്രവർത്തനങ്ങൾ മുന്നോട്ടു നയിക്കാനുള്ള അനുഗ്രഹവും പ്രാർത്ഥനയും ആശംസിക്കുന്നു.

NB. *ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മ താകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 9497325685*

## KTET കോച്ചിംഗ്

ചങ്ങനാശ്ശേരി അതിരൂപത DCMS കമ്മറ്റിയുടെയും അമർജ്യോതി അക്കാഡമിയുടെയും സംയുക്താഭിമുഖ്യത്തിൽ അതിരൂപത മാനേജ്മെന്റ് അദ്ധ്യാപക നിയമന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട T.T.C., B.Ed. ഉദ്യോഗാർത്ഥികൾക്കു KTET എലിജിബിൾ ടെസ്റ്റ് എഴുതുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് 16.6.2018 ശനിയാഴ്ച 9.30 മുതൽ 3.30 വരെ പാസ്റ്ററൽ സെന്ററിൽ നടന്നു.

## വിദ്യാർത്ഥിക്യാമ്പ്

ചങ്ങനാശ്ശേരി അതിരൂപതയിലെ 7,8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന ദലിത് കത്തോലിക്കരായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ത്രിദിന ക്യാമ്പ് 2018 മെയ് 24, 25, 26 തീയതികളിലായ് പാസ്റ്ററൽ സെന്ററിൽ നടന്നു. 24-ാം തീയതി വൈകിട്ടു 5 മണിക്കു ആരംഭിച്ച ക്യാമ്പ് അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. DCMS അതിരൂപതാ വൈസ് പ്രസിഡന്റു ശ്രീ. സിജോ ജേക്കബ് DCYL പ്രസിഡന്റ് ഷൈജു ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. DCMS പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച ക്യാമ്പിൽ അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. സോജൻ തോമസ്, മാത്യു തച്ചിലേത്ത്, അഡ്വ. മനു റ്റി. എം. നമ്പിമഠം, സിജോ ജേക്കബ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. DCYL കമ്മറ്റിയംഗങ്ങളായ ഷൈജു ജോസഫ്, സ്വാതി സി. എം, ഷിബിൻ ജോസഫ്, ജിബിൻ ജോസഫ്, സോബിൻ ജോർജ് എന്നിവർ മൂന്നു ദിവസവും ക്യാമ്പ് നയിച്ചു. മിനിറോയി, ആൻസമ്മ ദേവസ്യാ, മേഴ്സി തോമസ്, മറിയാമ്മ ജോൺ എന്നിവർ മേൽനോട്ടം വഹിച്ചു. വിവിധ ഇടവകകളിൽ നിന്നായി 62 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.

## അതിരൂപത കമ്മറ്റിയുടെ യൂണിറ്റു സന്ദർശനം

DCMS അതിരൂപതയിലെ ഇടവകകളിലെ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നതിനും രൂപതാ കമ്മറ്റി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ യൂണിറ്റുകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനും ഭാരവാഹികളെ കർമ്മ നിരതരാക്കുന്നതിനും അതിരപതാ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശേരിയുടെ നേതൃത്വത്തിൽ DCMS, DCYL, DCVS സംയുക്ത രൂപത ഭാരവാഹികൾ ജൂലൈ 1-ാം തീയതി മുതലുള്ള ഞായറാഴ്ചകളിൽ യൂണിറ്റുകൾ സന്ദർശിക്കുന്നു.

## DCMS അതിരമ്പുഴ ഫൊറോനാ കമ്മറ്റിയുടെ തെരഞ്ഞെടുപ്പ്

DCMS അതിരമ്പുഴ ഫൊറോന കമ്മറ്റിയുടെ തെരഞ്ഞെടുപ്പ് 17.6.2018 ഞായറാഴ്ച ഉച്ച കഴിഞ്ഞു 2 മണിക്കു അതിരമ്പുഴ സെന്റ് മേരീസ് പള്ളി ഹാളിൽ ബ: ഫൊറോനാ ഡയറക്ടർ റവ. ഫാ. സിറിയക് കോട്ടയിലിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ഫൊറോനാ ഭാരവാഹികളായി

ശ്രീ. സാബു ഞൊട്ടൻകുന്നേൽ - പ്രസിഡന്റ്
ശ്രീ. തോമസ് മയിൽനിൽക്കുംകാലായിൽ - വൈ. പ്രസിഡന്റ്

| | | |
|---|---|---|
| ശ്രീ. ജോയി സി. ജെ. ചെറുവള്ളിപ്പറമ്പിൽ | - | സെക്രട്ടറി |
| ശ്രീ. മാത്യു കുറുമുള്ളംകാലാ | - | ജോ. സെക്രട്ടറി |
| ശ്രീ. വി. വി. ജോസഫ് വള്ളോംപ്രായിൽ | - | ഖജാൻജി |

കമ്മറ്റിയംഗങ്ങളായി ശ്രീമതി കുട്ടിയമ്മ ദേവസ്യാ വട്ടമലപ്പറമ്പിൽ, ശ്രീ. ബിജു ജോസഫ് കണിയാമല, ദേവസ്യാ പി. ജെ. പുളിയ്ക്കത്തൊട്ടിയിൽ, സ്വപ്ന കറങ്ങികല്ലുപെരുന്നേൽ, കെ. ഡി. വർക്കി കൊല്ലന്റെപറമ്പിൽ, ബിനോയി ഇ.ജെ. ഇടാട്ടുചിറയിൽ എന്നിവരെ തെരഞ്ഞെടുത്തു.

## യൂണിറ്റു സന്ദർശനതീയതിയും സമയവും യൂണിറ്റും

**2018 ജൂലൈ 1 ഞായർ**

| | | | |
|---|---|---|---|
| 9:00 | a.m. | - | കടയനിക്കാട് |
| 10:30 | a.m. | - | നെടുമണ്ണി |
| 11:45 | a.m. | - | നെടുംകുന്നം |
| 02:00 | p.m. | - | കൂത്രപ്പള്ളി |
| 03:00 | p.m. | - | മാന്നില |
| 04:15 | p.m. | - | അസംപ്ഷൻ കുറുമ്പനാടം |

**2018 ജൂലൈ 8 ഞായർ**

| | | | |
|---|---|---|---|
| 10:00 | a.m. | - | ചേപ്പുംപാറ |
| 11:45 | a.m. | - | അയർക്കുന്നം |
| 02:00 | p.m. | - | പൂമറ്റം |
| 03:30 | p.m. | - | ഇരവിനല്ലൂർ |
| 04:15 | p.m. | - | കുറുമ്പനാടം |

**2018 ജൂലൈ 15 ഞായർ**

| | | | |
|---|---|---|---|
| 9:00 | a.m. | - | കോട്ടയ്ക്കപ്പുറം |
| 10:30 | a.m. | - | മണ്ണാർക്കുന്ന് |
| 11:45 | a.m. | - | ലിസ്യൂ അതിരമ്പുഴ |
| 02:00 | p.m. | - | അതിരമ്പുഴ |
| 03:30 | p.m. | - | നാൽപ്പാത്തിമല |

**2018 ജൂലൈ 22 ഞായർ**

| | | | |
|---|---|---|---|
| 9:00 | a.m. | - | മാന്നാനം |
| 10:30 | a.m. | - | കൈപ്പുഴ |
| 11:45 | a.m. | - | ആർപ്പൂക്കര ചെറുപുഷ്പം |
| 02:30 | p.m. | - | വില്ലൂന്നി |
| 03:30 | p.m. | - | ഐക്കരച്ചിറ |

**2018 ജൂലൈ 29 ഞായർ**

| | | | |
|---|---|---|---|
| 9:00 | a.m. | - | ചീരംഞ്ചിറ |
| 10:30 | a.m. | - | ഇത്തിത്താനം |
| 11:00 | a.m. | - | ചെത്തിപ്പുഴ |
| 12:30 | p.m. | - | ചങ്ങനാശ്ശേരി |
| 02:00 | p.m. | - | പറാൽ |
| 03:30 | p.m. | - | വെട്ടിത്തുരുത്ത് |

**2018 ആഗസ്റ്റ് 5 ഞായർ**

| | | | |
|---|---|---|---|
| 9:00 | a.m. | - | കായൽപ്പുറം |
| 10:30 | a.m. | - | പുളിങ്കുന്ന് |
| 11:30 | a.m. | - | പുന്നങ്കുന്നം |
| 12:30 | p.m. | - | മണലാടി |
| 03:00 | p.m. | - | കൊടുപ്പുന്ന |
| 04:00 | p.m. | - | മാമ്പുഴക്കരി |

## DCMS കുടുംബസംഗമം

യൂണിറ്റുസന്ദർശനം പൂർത്തീകരിച്ച് അതിരൂപതയിലെ ദലിത് കത്തോലിക്കാ കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 2018 സെപ്തംബർ 16-ാം തീയതി കുടുംബസംഗമം റാലിയോടുകൂടി നടത്തപ്പെടും.

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

വിൻസെൻഷ്യൻ അംഗങ്ങൾ പ്രത്യേകം ഓർത്തിരിക്കേണ്ട ഈ മാസത്തെ ചില തിരുനാളുകൾ. ജൂലൈ 3 സെന്റ് തോമസ്, 4 വാഴ്ത്തപ്പെട്ട ജീയോർജിയാ ഫ്രസാറ്റി, 16 കർമ്മല മാതാവ് വി. സൈമൺ സ്റ്റോക്കിന് കർമ്മലോത്തരീയം നൽകിയ ദിനം (1251), 28 വി. അൽഫോൻസാ ഇതിൽ സൊസൈറ്റി അംഗങ്ങളിൽ നിന്ന് ആദ്യമായി ദൈവദാസ വാഴ്ത്തപ്പെട്ട പദവിയിലേക്കുയർത്തപ്പെട്ട ഫ്രസാറ്റി കർമ്മധീരനായ ഒരു വിൻസെൻഷ്യൻ പ്രവർത്തകനായിരുന്നു. ചെറുപ്പത്തിലേ സൊസൈറ്റിയിൽചേർന്ന് ശുശ്രൂഷ ചെയ്ത അദ്ദേഹം നമ്മുടെ യുവജന പ്രവർത്തകർക്ക് ഒരു ഉദാത്ത മാതൃകയാണ്.

## സൊസൈറ്റിയുടെ കണക്കുകൾ

നാം വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു ഭാഗമാണിത്. ജീവകാരുണ്യ പ്രവർത്തനങ്ങളെകുറിച്ച് പ്രതിപാദിക്കുന്ന അവസരത്തിൽ അവയുടെ അക്കൗണ്ടുകൾ രേഖപ്പെടുത്തുന്നതിൽ ബന്ധശ്രദ്ധരായിരിക്കണം. കഴിഞ്ഞ വാർഷികാവലോകനങ്ങളുടെ തുടർച്ചയെന്നോണമാണിതു പ്രതിപാദിക്കുന്നത്. നമ്മുടെ കണക്കുകൾക്ക് വരവുകൾ, ചെലവുകൾ, നീക്കിയിരിപ്പ് എന്നീ മൂന്നു ഘടകങ്ങളാണുള്ളത്. അതിൽ വരവുകൾ ഓരോന്നും വേർതിരിച്ച് അതായത്, 1) അംഗങ്ങളുടെ രഹസ്യപ്പിരിവ്. 2) സഹായകാംഗങ്ങളിൽനിന്നും ലഭിച്ചത്. 3) ഗ്രാന്റുകൾ. 4) പ്രത്യേക സംഭാവന. 5) ധർമ്മപ്പെട്ടിയിൽനിന്നും ലഭിച്ചത്. 6) ബാങ്ക് പലിശ. 7) മറ്റേതെങ്കിലും ഇനത്തിൽനിന്നും ലഭിച്ചത്. എന്നീ രീതിയിൽ നിർബന്ധമായും എഴുതണം. ചെലവിന്റെ കാര്യത്തിലായാൽ, ദത്തുകുടുംബം, ഭക്ഷ്യസഹായം, ചികിത്സ, വിദ്യാഭ്യാസം, താൽക്കാലിക സഹായം, ഓഫീസ് ചെലവുകൾ, ഉപരി കൗൺസിലിലേക്ക്, ബാങ്ക് ചെലവുകൾ തുടങ്ങിയവ വേർതിരിച്ച് കാണിച്ചെഴുതണം. നീക്കിയിരിപ്പിന്റെ കാര്യത്തിൽ കഴിഞ്ഞ ആഴ്ചയിലെ ക്ലോസ്സിംഗ് ബാലൻസ് ആയിരിക്കണം ഈ ആഴ്ചയിലെ ഓപ്പണിംങ്ങ് ബാലൻസ്. ഇതിലാണു കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

## പ്രസിഡന്റ് ജനറലിന്റെ കത്ത്

നമ്മുടെ അന്തർദേശീയ പ്രസിഡന്റ് ജനറൽ റെനാറ്റോ ഡി ഒലിവേറിയ എഴുതിയ കത്തിലെ ആദ്യഭാഗത്തിന്റെ പ്രസക്തഭാഗങ്ങൾ കൂടി ഒന്നോർമ്മിപ്പിച്ചു കൊള്ളട്ടെ.

ലോകമെങ്ങും ഉള്ള ജനങ്ങളാൽ അംഗീകരിയ്ക്കപ്പെട്ട ഒരു സംഘടനയുടെ പ്രവർത്തകരായ നമ്മുടെ ലക്ഷ്യം, ആവശ്യത്തിലിരിക്കുന്നവരുടെ ഉപേക്ഷിക്കാനാവാത്ത വിഷമതകൾ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. അതുപോലെ തന്നെ നമ്മെത്തന്നെ വിശുദ്ധീകരിച്ചുകൊണ്ടായിരിക്കണം നമ്മുടെ തുടക്കമെന്നും അദ്ദേഹം എടുത്തു പറഞ്ഞു. സേവനം, ആത്മീയത, വിനയം, ലാളിത്യം, ജീവകാരുണ്യം സഹാനുഭൂതി എന്നിവ നമ്മുടെ മുഖമുദ്രയുമായിരിക്കണമെന്നും ഓർമ്മിപ്പിച്ചു പ്രവർത്തനങ്ങൾ ശരിയായ മാർഗ്ഗരേഖയിലൂടെ ആശയങ്ങളും പ്രോഗ്രാമും ഉൾക്കൊള്ളുന്നതുമായിരിക്കണം.

ഇപ്പോൾ തന്നെ കൂടാതെ (President General) 12 അന്തർദേശീയ ടെറിട്ടോറിയൽ വൈസ് പ്രസിഡന്റുമാരും 23 സോൺ കോർഡിനേറ്റർമാരുമുള്ള ഒരു കോറമാണുമുള്ളതെന്നും അദ്ദേഹം അറിയിച്ചു. നിയമാവലിക്കു വിധേയമായുള്ള ഇവരുടെ പ്രവർത്തനങ്ങളാണ് നമ്മെ നയിക്കുന്നത്.

തന്റെ കത്തിൽ ജൂലൈ 4 അന്തർദേശീയ യുവജനദിനമായി ആചരിക്കുന്നതിനെക്കുറിച്ച് ഫ്രെഡറിക്ക് ഓസാനാമിനെ വിശുദ്ധനായിട്ടു പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായുള്ള പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

സമാധാനത്തിന്റെയും ഐക്യത്തിന്റെയും പ്രചോദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇതിനോടകം അദ്ദേഹം 16 രാഷ്ട്രങ്ങൾ സന്ദർശിക്കുകയുണ്ടായി. താൻ ഇപ്പോഴും സർവീസിൽ തുടരുന്നതിനാൽ ലഭിക്കുന്ന അവധികൾ ഉൾക്കൊണ്ടുള്ള സന്ദർശനത്തിനു നിർബന്ധിതമാകുന്നുവെന്നും അദ്ദേഹം അറിയിച്ചു. എങ്കിലും 2018 ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഏഴു രാഷ്ട്രങ്ങൾ ദൈവകൃപയാൽ സന്ദർശിക്കാനാവുമെന്ന പ്രതീക്ഷയിലുമാണദ്ദേഹം.

അർപ്പണബോധത്തോടും, സാഹോദര്യത്തോടുമുള്ള പ്രവർത്തനങ്ങൾക്ക് അന്തർദേശീയതലത്തിലും സഭാതലത്തിലും ലഭിക്കുന്ന പ്രോത്സാഹനങ്ങൾക്ക് ഓരോ വിൻസെൻഷ്യൻ അംഗങ്ങളോടും അദ്ദേഹം നന്ദി പറയുകയുണ്ടായി.

സൊസൈറ്റിയുടെ 16-ാമത് പ്രസിഡന്റ് ജനറൽ എന്ന നിലയിൽ, 1833 ൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ചുക്കാൻ പിടിച്ച ഫ്രാൽകോസ് ലാല്ലിയറിനെക്കുറിച്ച് ഒരു പഠനം നടത്തുന്നതിനെക്കുറിച്ചും തന്റെ കത്തിൽ വിവരിച്ചിട്ടുണ്ട്. പുതിയ അന്തർദേശീയ നിയമാവലിക്കുവേണ്ടി പ്രവർത്തിച്ചവരെയും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെയും അതുവഴി സൊസൈറ്റിയുടെ നവീകരണത്തിനു പാതയൊരുക്കുന്നവരെയും ഓർത്തു ദൈവത്തിനു നന്ദിയർപ്പിക്കുകയും ചെയ്തുകൊണ്ടാണ് ആദ്യഭാഗം ഉപസംഹരിച്ചത്.

## സി.സി. മീറ്റിംഗ്

അടുത്ത സി. സി. മീറ്റിംഗ് ജൂലൈ 14 ന് (രണ്ടാം ശനി) കാലത്ത് 9:30 ന് സൊസെറ്റി ഓഫീസിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളും യോഗത്തിൽ പങ്കെടുക്കണമെന്നപേക്ഷിക്കുന്നു. മെച്ചപ്പെട്ട ഒരു പ്രവർത്തനമാസം ആശംസിച്ചുകൊണ്ട്,

എന്ന്,
ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി. സി. പ്രസിഡന്റ്

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കംകുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ജൂൺ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരുംമാസങ്ങളിലെ പ്രധാന പരിപാടികളും.

## പാലിയേറ്റീവ് കെയർ ഓറിയന്റേഷൻ പ്രോഗ്രാം, മാമ്മൂട്

മാമ്മൂട് ലൂർദ് മാതാ ഇടവകയിലെ നേഴ്സുമാരുടെയും ആരോഗ്യസന്നദ്ധ പ്രവർത്തകരുടെയും മീറ്റിംഗും പാലിയേറ്റീവ് കെയർ ഓറിയന്റേഷൻ പ്രോഗ്രാമും 2018 ജൂൺ 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് സംഘടിപ്പിച്ചു. മാമ്മൂട് ഇടവകാതിർത്തിയിലുള്ള മുഴുവൻ കിടപ്പുരോഗികളെയും ലക്ഷ്യം വച്ച് സമഗ്ര പാലിയേറ്റീവ് കെയർ കർമ്മപദ്ധതിയും സർവ്വേയും നടത്താനും പാലിയേറ്റീവ് സന്നദ്ധപ്രവർത്തകർക്കുള്ള സമഗ്രപരിശീലനവും നടത്താൻ തീരുമാനിച്ചു. ഇടവകയോട് ചേർന്നുള്ള ക്രമീകൃതമായ ഓഫീസും ആംബുലൻസും ഉൾപ്പെടെ 2018 ജൂലൈ മുതൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്ത് തീരുമാനിച്ചു. വികാരി റവ. ഫാ. സോണി തെക്കുംമുറി അദ്ധ്യക്ഷനായ യോഗത്തിൽ പാലിയേറ്റീവ് അതിരൂപതാതല ടീച്ചിംഗ് ടീം അംഗങ്ങളായ ശ്രീ. ജോമോൻ വെള്ളാപ്പള്ളി, സി. മേരിക്കുട്ടി കിണറ്റുകര എം.എം.എസ്. തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

## തിരുഹൃദയനിവാസ് സ്പെഷ്യൽ സ്കൂൾ - പുതിയ കെട്ടിടസമുച്ചയം ഉദ്ഘാടനം

അതിരൂപത കെയർ ഹോം കൂട്ടായ്മയിൽ അംഗമായ ചങ്ങനാശ്ശേരി പാറേൽ തിരുഹൃദയനിവാസ് സ്പെഷ്യൽ സ്കൂളിന്റെ പുതിയതായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം 2018 ജൂൺമാസം 9-ാം തീയതി ശനിയാഴ്ച നടന്നു. അത്യാധുനിക സംവിധാനങ്ങളോടെ നിർമ്മിച്ചിരിക്കുന്ന കെട്ടിടം മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ഏറെ അനുഗ്രഹപ്രദമാണ്. സി. എഫ്. തോമസ് എം.എൽ.എ., വികാരി ജനറാൾ റവ. ഫാ. തോമസ് പാടിയത്ത്, കെയർ ഹോം ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ, രാഷ്ട്രീയ-സാംസാകാരിക - സാമൂഹിക നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

## HAT@School-കെയർഹോം-പാലിയേറ്റീവ് സ്കൂൾതല ബോധവത്ക്കരണപദ്ധതി

സമഗ്ര ആരോഗ്യത്തെക്കുറിച്ച്, കെയർ ഹോം ശുശ്രൂഷയെക്കുറിച്ചും പാലിയേറ്റീവ് കെയർ പദ്ധതിയെക്കുറിച്ചും പുതുതലമുറയ്ക്ക് ബോധവത്കരണവും ആഭിമുഖ്യവും വളർത്തുക എന്ന ലക്ഷ്യം വച്ച് തുടക്കമിട്ടിരിക്കുന്ന HAT@School (Health Awarenes and Training) സ്കൂൾ/വിദ്യാഭ്യാസസ്ഥാപന ബോധവത്കരണ പദ്ധതിയുടെ ഭാഗമായി മുഹമ്മ കെ.ഇ. സെൻട്രൽസ്കൂൾ അതിരമ്പുഴ മദർ ഷാന്താൾ സ്കൂൾ സ്ക്കൂളുകളിൽ ഫാ. സോണി മുണ്ടുനടയ്ക്കലിന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു.

## സമരിറ്റൻ കെയർ - വൈദിക-സന്യസ്ത വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം

വൈദിക-സന്ന്യസ്ത വിദ്യാർത്ഥികൾക്ക് സഭയുടെ കെയർ ഹോം പാലിയേറ്റീവ് കെയർ ശുശ്രൂഷകളുടെ വിവിധ വശങ്ങളെക്കുറിച്ചും ഇത്തരം പ്രവർത്തനങ്ങളുടെ സഭാത്മക ചിന്തകളുടെയും ദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും വിശദീകരിക്കുവാനും തുടർചർച്ചകൾക്കായി അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സമരിറ്റൻ കെയർ ഹോം - പാലിയേറ്റീവ് കെയർ ഓപ്പൺ ഫോറം പരിപാടി അതിരമ്പുഴയിൽ ലിസ്യു എംസിബിഎസ് മൈനർ സെമിനാരിയിൽ വച്ച് സംഘടിപ്പിച്ചു.

**പാലിയേറ്റീവ് കെയർ അതിരൂപതാതല പരിശീലനങ്ങളിൽ പങ്കെടുത്ത ഇടവകകൾ.**

1. എസ്. എച്ച്. കരിമ്പനകുളം
2. സെന്റ് മേരീസ് കുത്രപ്പള്ളി
3. മഹാജൂബിലി, എടത്വാ
4. സെന്റ് സേവ്യേഴ്സ്, തൃക്കൊടിത്താനം
5. സെന്റ് സേവ്യേഴ്സ്, വില്ലൂന്നി
6. സെന്റ് മേരീസ്, ഉായിക്കാട്
7. അസംപ്ഷൻ, കുറുമ്പനാടം
8. സെന്റ് മേരീസ് കത്തീഡ്രൽ, ചങ്ങനാശ്ശേരി
9. ലൂർദ് മാതാ, മാമ്മൂട്
10. സെന്റ് സേവ്യേഴ്സ് പുതുക്കരി
11. സെന്റ് തോമസ്, പുന്നത്തറ
12. സെന്റ് തോമസ്, നാൽപ്പാത്തിമല
13. സെന്റ് ജോർജ്, മുഹമ്മ
14. മാർശ്ലീഹാ, പൊങ്ങ
15. സെന്റ് മേരീസ്, ചമ്പക്കുളം
16. ഫാത്തിമമാതാ, ഫാത്തിമാപുരം
17. ലൂർദ് മാതാ, അരുവിക്കുഴി
18. ചെറുപുഷ്പം, ഏലംകുന്ന്, മാടപ്പള്ളി
19. സെന്റ് ജോസഫ്, മനക്കച്ചിറ
20. സെന്റ് മേരീസ്, ഇത്തിത്താനം
21. ക്രിസ്തുരാജാ, ഏറ്റുമാനൂർ
22. സെന്റ് ബേസിൽസ്, മണിമല
23. ലൂർദ് മാതാ, പച്ച
24. സെന്റ് ആന്റണീസ്, കുറുമ്പനാടം ഫൊറോന
25. സെന്റ് ജോസഫ്സ് ചർച്ച്, ചമ്പക്കര
26. സെന്റ് മേരീസ് ചർച്ച്, പാറേൽ, ചങ്ങനാശ്ശേരി

(തുടരും...)

## പ്രത്യേക അറിയിപ്പ്

അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ നിർദ്ദേശപ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഇടവകകൾ അതിന് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിലേയ്ക്കായി ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട നേഴ്സുമാർ, സംഘടനാപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ ഒരു മീറ്റിംഗ് നടത്തുന്നത് ഉചിതമായിരിക്കും. അതിരൂപതാതല ടീം ഈ മീറ്റിംഗിൽ പങ്കെടുത്ത് വേണ്ടതായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തുതരുന്നതാണ്. എല്ലാവിധ സഹകരണങ്ങളും വിനീതമായി അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്,

**ഫാ. സോണി മുണ്ടുനടയ്ക്കൽ - 9446329242**
**ഹെൽപ്പ്ലൈൻ - 9946000599**

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

## 'എന്റെ ഗ്രാമം'

ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ വിവിധ മത-രാഷ്ട്രീയ-സാമുദായിക നേതൃത്വങ്ങളുടെ സഹകരണത്തോടെ ചീരഞ്ചിറയിൽ നടപ്പിലാക്കുന്ന 'എന്റെ ഗ്രാമം' എന്ന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി.

### പരിസ്ഥിതി ദിനം

ആഗോള പരിസ്ഥിതിദിനമായ ജൂൺ 5-ാം തീയതി എന്റെ ഗ്രാമത്തിൽപ്പെട്ട 10-ാം വാർഡിൽ 13 B.H.C. (Basic Human Community) കളിലായി 500 കുടുംബങ്ങളിൽ 5000 പച്ചക്കറിത്തൈകളും 5000 ഫലവൃക്ഷത്തൈകളും വിതരണം ചെയ്തു. ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് B.H.C.കളിൽ ബോധവത്ക്കരണ സന്ദേശം നടത്തി.

### 1500 മഴക്കുഴികൾ

'എന്റെ ഗ്രാമത്തിലെ 10-ാം വാർഡിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ 1500 മഴക്കുഴികളെടുക്കുന്ന സംരംഭം ജൂൺ 18-ാം തീയതി തിങ്കളാഴ്ച 9 മണിയ്ക്ക് തുടക്കം കുറിച്ചു. ഭൂമിയിലേയ്ക്ക് മഴവെള്ളം ഇറക്കുകയും അതുവഴി ജലലഭ്യത സാധ്യമാക്കുകയുമാണ് ലക്ഷ്യം.

### ബി.എച്ച്.സി. ലീഡേഴ്സ് പരിശീലനം

'എന്റെ ഗ്രാമ'ത്തിന്റെ ഭാഗമായി 10-ാം വാർഡിലെ 100 ഓളം വരുന്ന ലീഡേഴ്സിന് ജൂൺ 24-ാം തീയതി ഞായറാഴ്ച 2 മണിയ്ക്ക് 2 മണിക്കൂർ നീണ്ടുനില്ക്കുന്ന പരിശീലനം കൊടുത്തു.

### ആരോഗ്യരക്ഷാ മൊബൈൽ ലാബ്

ചാരിറ്റി വേൾഡ് മൊബൈൽ ലാബിന്റെ സഹായത്തോടെ മെയ് 13 ഞായറാഴ്ച ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ തൃക്കൊടിത്താനം ഇടവകയിൽ വച്ചും, മെയ് 20 ഞായറാഴ്ച അർപ്പണ റെസിഡന്റ്സ് അസോസിയേഷന്റെ ഭാഗമായി മാമ്മൂട്ടിലും, മെയ് 27-ാം തീയതി ഞായറാഴ്ച പൊടിപ്പാറ ഇടവകയിലും ലാബ്ടെസ്റ്റ് നടത്തി. വൃക്കരോഗ നിർണ്ണയവും, ജീവിതശൈലി രോഗനിർണ്ണയവും നടത്തുവാൻ സാധിച്ചു. 300ൽപ്പരം ആളുകളുടെ രോഗനിർണ്ണയം നടത്തി.

### കരുതൽ, കാരുണ്യസ്പർശം, തണൽ സഹായങ്ങൾ

മെയ്മാസം 29-ാം തീയതി ചൊവ്വാഴ്ച ക്യാൻസർ, കിടപ്പുരോഗികൾക്കുള്ള ധനസഹായവും, ഡയാലിസിസ് രോഗികൾക്കുള്ള ഡയാലിസിസ് കിറ്റും വിതരണം ചെയ്യുകയുണ്ടായി.

### ഭിന്നശേഷിക്കാരുടെ അദ്ധ്യയനവർഷം ആരംഭിച്ചു

ജൂൺ 4-ാം തീയതി തിങ്കളാഴ്ച 10 മണിക്ക് 2018-19 ലെ അദ്ധ്യയന വർഷത്തിന്റെ പ്രവേശനോത്സവം നടത്തി. പുതിയ പ്രിൻസിപ്പലായി സി.അമൽ, തെറാപ്പിസ്റ്റായി അക്സ മേരി സജീവും നിയമിതരായി.

### ബ്രയിൻ ഡെവലപ്മെന്റ് സെന്റർ

പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ നൂതന പഠനരീതിയിലൂടെ മിടുക്കരാക്കുവാനുള്ള ബ്രയിൻ ഡെവലപ്മെന്റിന്റെ പ്രവർത്തനം ജൂൺ 9 ശനിയാഴ്ച തുടക്കം കുറിച്ചു. എല്ലാ ശനിയാഴ്ചകളിലുമാണ് ക്ലാസ്സ് നടക്കുക.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണാരംഭത്തിന്റെ ജൂബിലി ആഘോഷി ക്കുന്ന ഈ വേളയിൽ, നവീകരണ മുന്നേറ്റത്തിലൂടെ സഭയിലേക്ക് ചൊരിയപ്പെട്ട എല്ലാ നന്മകൾക്കും കൃപകൾക്കുമായി നിങ്ങളോടൊപ്പം ഞാനും ദൈവത്തിനു നന്ദി പറയുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പരിശുദ്ധാത്മാവ് സഭയ്ക്ക് നൽകിയ വലിയൊരു ദാനമാണ് നവീകരണത്തിന്റെ ഉത്ഭവം. സഭാ ചരിത്രത്തിലെ ഈ പ്രത്യേക കാലഘട്ടത്തിൽ ക്രിസ്തീയ ജീവിത ശൈലിയെ പരിരക്ഷിക്കുവാനും, ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യവും ആവശ്യകത യും, സമൂഹത്തെ അറിയിക്കുവാനും കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിനു സ്തുത്യർഹമായ പങ്കു വഹിക്കാനാകും.

**ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ**
ICCRO കൗൺസിലിനോട് (മാർച്ച് 4, 1992)

## സോണൽ സർവ്വീസ് ടീം മീറ്റിംഗ്

ജൂൺ മാസത്തെ സേവന സമിതി യോഗം, വാഴപ്പള്ളിയിലുള്ള ശ്രീമതി തെ രേസയുടെ ഭവനത്തിൽ ജൂൺ പതിനാറാം തീയതി ചേരുകയുണ്ടായി.

ഡിസംബർ 27,28,29 തീയ്യതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന 'ചങ്ങ നാശ്ശേരി കരിസ്മാറ്റിക് കൺവൻഷൻ' ന്റെ ഒരുക്കങ്ങൾ യോഗം വിലയിരുത്തി. കുടുംബങ്ങളിലും സമൂഹത്തിലും പ്രാർത്ഥനയുടെ പ്രാധാന്യം കുറഞ്ഞുവരുന്ന തായി നിരീക്ഷിച്ചുകൊണ്ട് ''പ്രാർത്ഥിക്കുക, നിലനിൽക്കുക'' എന്ന വിഷയമാണ് കൺവൻഷനുവേണ്ടി നാം സ്വീകരിച്ചിരിക്കുന്നത്. ഭാരതമാസകലം ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ വെളിച്ചത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥ നാ കൂട്ടായ്മകളുടെ പ്രസക്തി വർദ്ധിച്ചുവരികയാണെന്നും, ഇടവകതലത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനാകൂട്ടായ്മകളെ പ്രോൽസാഹിപ്പിക്കേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി.

## സോണൽ സബ്സോണൽ അംഗങ്ങളുടെ 'സെക്കന്റ് സാറ്റർഡേ' കൂട്ടായ്മ

സോണൽ സബ്സോണൽ ടീമംഗങ്ങളുടെ ജൂൺ മാസത്തിലെ കൂട്ടായ്മ കു ന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചു ഒൻപതാം തീയതി ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി

കരിസ്മാറ്റിക് നവീകരണത്തിന്റെ നാഷണൽ സർവീസ് ടീമും കേരളാ സർ വീസ് ടീമും ഒരുമിച്ചു ചേർന്ന് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒരുക്കുന്ന ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാ കോൺഫ്രൻസ് ഈ നവംബർ 18,19,20,21 തീയതികളിൽ ആണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വരുന്ന വിഭാഗീയതയും മതസ്പർദ്ധയും കണക്കിലെടുത്തുകൊണ്ട് രാജ്യത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലൂടെയും കടന്നുപോകുന്ന ദിവ്യകാരുണ്യ പ്രാർത്ഥനാ (ജറീക്കോ) പ്രദക്ഷിണം ചങ്ങനാശ്ശേരിയിലെയും തിരുവല്ലായി ലെയും കത്തീഡ്രൽ ദൈവാലയങ്ങൾ യഥാക്രമം ഓഗസ്റ്റ് 30,17 തീയതികളിൽ സന്ദർശിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കപ്പിൾസ് മിനിസ്ട്രി

മൂന്നാമത് സോണൽ സർവീസ് ടീം മീറ്റിംഗ് ഒപ്പം, സെൽ ഗ്രൂപ്പും സെൻട്രൽ ടീം ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ ജൂൺ 23ന്, ഓഫീസിൽ നടന്നു.

## ഇടവക കൂട്ടായ്മകൾ

ഇടവകകളിൽ കരിസ്മാറ്റിക് കൂട്ടായ്മകൾ രൂപവൽക്കരിക്കപ്പെടുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സായാഹ്ന/അർദ്ധദിന കൺവൻഷനുകൾ ഈ മാസത്തിൽ, മണിമല കരിമ്പനക്കുളം ഇടവകയിലുള്ള ആരാധനാ മഠത്തിന്റെ ചാപ്പലിലും (ജൂൺ 8) കുട്ടനാട് വെളിയനാട് സെന്റ് മൈക്കിൾ (ജൂൺ 1) ദൈവാലയത്തിലും നടന്നു. അടുത്ത കൂട്ടായ്മകൾ യഥാക്രമം മണിമലയിലെ കടയനിക്കാട് ഇടവകയിൽ രണ്ടാം വെള്ളിയാഴ്ചയും, കുട്ടനാട്ടിൽ വെളിയനാട് ഇടവകയിൽ ആദ്യ വെള്ളിയാഴ്ചയും നടക്കും. നവീകരണത്തിന്റെ പാരീഷ് മിനിസ്ട്രി ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## തുവാനിസാ മിനിസ്ട്രി

കഴിഞ്ഞ ഒൻപതാം തീയതി വാഴപ്പള്ളി ഗത്സമനി ആശ്രമത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട വനിതകളുടെ കൂട്ടായ്മയിൽ വച്ചു മിനിസ്ട്രിയുടെ സോണൽ സർവീസ് സമിതി പുനഃസംഘടിപ്പിക്കപ്പെട്ടു. ശ്രീമതി സിസി ടോം കൈതാരം കോർഡിനേറ്റർ ആയും ശ്രീമതി ലൂസിയാമ്മ സെക്രട്ടറി ആയും തെരഞ്ഞെടുക്കപ്പെട്ടു.

## കെരിഗ്മ കോഴ്സ് (Kerigma Course)

'അടിസ്ഥാന സുവിശേഷ പ്രഘോഷണ പരിശീലന പരിപാടി' ആയ കെരിഗ്മ കോഴ്സ്, ജൂൺ 11 മുതൽ 14 വരെയും 18 മുതൽ 21 വരെയും രണ്ടു ഭാഗങ്ങളായി സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടന്നു. സന്യസ്തരും അല്മായരുമായി ഇരുപത്തിരണ്ടു പേർ പങ്കെടുത്ത ഈ പരിശീലന പരിപാടി പരിപാടി വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്ന പങ്കെടുത്തവർ സാക്ഷ്യപ്പെടുത്തി.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230



131

# പുരോഹിതൻ: ദൈവത്തിന്റെ മനുഷ്യൻ

**(തിരുവചനഭാഗം: ശ്ലീഹ 5,1-42)**

ആദിമസഭാസമൂഹത്തിൽ മാനുഷികതയും ദൈവികതയും തമ്മിലുണ്ടായ സംഘർഷമാണ് ഈ അദ്ധ്യായത്തിൽ പ്രതിഫലിക്കുന്നത്. അനനിയാസും അയാളുടെ ഭാര്യ സഫീറായും ശ്ലീഹന്മാരുടെ മുമ്പിൽ വ്യാജം പറഞ്ഞതിന് ശിക്ഷയെന്നോണം മരിച്ചുവീഴുന്നതും, അതേത്തുടർന്ന് യഹൂദ അധികാരികളും ശ്ലീഹന്മാരും തമ്മിലുള്ള സംഘർഷങ്ങളും, നിയമോപദേഷ്ടാവും ആദരണീയനുമായ ഗമാലിയേലിന്റെ ഇടപെടലുമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. സഭയുടെ ദൈവികതയ്ക്കു വിരുദ്ധമായി മാനുഷികശക്തികൾ പ്രബലപ്പെടുന്ന ഈ പശ്ചാത്തലം, സഭാശുശ്രൂഷകരായ വൈദികരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ അനുഭവപ്പെടാവുന്ന ദൈവികതയും മാനുഷികതയും തമ്മിലുള്ള സംഘർഷത്തെ ഉദാഹരിക്കുന്നതാണ്. ഈ വചനഭാഗത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. അനനിയാസും സഫീറായും (5,1-11)
2. അത്ഭുതങ്ങളും അടയാളങ്ങളും (5,12-16)
3. കാരാഗൃഹത്തിൽനിന്നുള്ള മോചനവും വചനപ്രഘോഷണവും (5,17-21)
4. ന്യായാധിപസംഘത്തിനു മുമ്പിൽ വചനപ്രഘോഷണം (5,22-32)
5. ഗമാലിയേലിന്റെ ഇടപെടൽ (5,33-42)

## 1. പുരോഹിതൻ: ദൈവികമായി ജീവിക്കേണ്ടവൻ

*"പത്രോസ് ചോദിച്ചു: അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും പറമ്പിന്റെ വിലയുടെ ഒരംശം മാറ്റി വയ്ക്കാനും സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്? പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ? ഈ പ്രവൃത്തി ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്? നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല ദൈവത്തോടാണ്" (5,3-4).*

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ച (4,32-34) പശ്ചാത്തലത്തിൽ അനനിയാസും ഭാര്യ സഫീറായും ചെയ്ത വഞ്ചനയും അതിന് അവർക്കു ലഭിച്ച ശിക്ഷയുമാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പറമ്പും വീടും വിറ്റ് തുക മുഴുവൻ കൊടുക്കണമെന്ന നിയമമൊന്നും അന്ന് സഭയിലില്ലായിരുന്നു. ഓരോരുത്തരും സ്വതന്ത്രമായി, സ്വമേധയാ ചെയ്തിരുന്ന ഒന്നായിരുന്നു അത്. പത്രോസിന്റെ വാക്കുകൾ അതു വ്യ

ക്തമാക്കുന്നുണ്ട്: ''പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ?'' (5,4). ആദിമസഭാംഗങ്ങളുടെയിടയിലുണ്ടായിരുന്ന ദാരിദ്ര്യചൈതന്യമാണ് എല്ലാം പങ്കുവയ്ക്കാൻ അവരെ പ്രേരിപ്പിച്ചത്. ആദിമ സഭാംഗങ്ങൾ ജീവിക്കാൻ ശ്രമിച്ച ദൈവികമായ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രതിഫലനമായിരുന്നു അത്. ഈ ചൈതന്യം അനനിയാസിനും സഫീറായ്ക്കും ഇല്ലാതെപോയി. അവർ വെറും മാനുഷികമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. രണ്ടുപേരും തത്ക്ഷണം മരിച്ചുവീണത് അവരുടെ നിലപാടിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിക്കാതെ, മാനുഷികമായ സുരക്ഷിതത്വത്തിൽമാത്രം അവർ ആശ്രയിച്ചു. അതിന്റെ ഫലമായി അവർ പരിശുദ്ധാത്മാവിനെ വഞ്ചിക്കുന്നവരും (5,3) ദൈവത്തോടു വ്യാജം പറയുന്നവരുമായിത്തീർന്നു (5,4).

സഭയിലുള്ള മിശിഹായുടെയും ദൈവത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും ഗൗരവമായി പരിഗണിക്കേണ്ട ഒന്നാണ്. സഭ ദൈവത്തിന്റെ സ്വന്തം ജനമാണ് (1 പത്രോ 2,9). പരിശുദ്ധാത്മാവിൽ ജനിച്ച് പരിശുദ്ധാത്മാവിൽ ജീവിക്കുന്നവരുടെ സമൂഹമാണ് സഭ (യോഹ 3,3-6). ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുന്ന സമൂഹമെന്ന നിലയിൽ സഭ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവേദിയാണ്. സഭയിലൂടെയാണ് ദൈവം തന്റെ രക്ഷാപദ്ധതി ഈ ലോകത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങൾ ദൈവഭയമുള്ളവരായിരിക്കണം. ''സഭ മുഴുവനിലും ഇതു കേട്ട എല്ലാവരിലും വലിയ ഭയമുണ്ടായി'' (5,11) എന്നുള്ള പ്രസ്താവനയിൽ ഈ സൂചനയുണ്ട്. 'സഭ' (ഗ്രീക്കുഭാഷയിൽ 'എക്ലേസിയ') എന്ന വാക്ക് ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ ഇവിടെയാണ് ആദ്യം കാണുന്നത്. അതും 'ദൈവഭയ'ത്തോടു ബന്ധപ്പെടുത്തിയാണ്. ദൈവഭയമുള്ള ജീവിതത്തിൽ ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള പരിശ്രമമുണ്ടാകും. അതിനു തടസ്സമുണ്ടാകത്തക്കവിധം കേവലം മാനുഷികമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് സാത്താനാണ്. മാനുഷികമായ നിലപാടു സ്വീകരിച്ച പത്രോസിനെ 'സാത്താനേ' എന്നാണല്ലോ ഈശോ വിളിച്ചത് (മത്താ 16,23). മാനുഷികമായി ചിന്തിക്കുവാൻ അനനിയാസിനെ പ്രേരിപ്പിച്ചതും സാത്താൻതന്നെയാണ് (5,3). അതുകൊണ്ട് സഭയിൽ എല്ലാവരും, പ്രത്യേകിച്ച് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതരും ദൈവഭയമുള്ളവരും ദൈവികമായി ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും ജീവിക്കുന്നവരുമായിരിക്കണം.

## 2. പുരോഹിതൻ: ദൈവസാന്നിദ്ധ്യം നല്കുന്നവൻ

''കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്'' (5,14-15).

ശ്ലീഹന്മാരുടെ നേതൃത്വത്തിലുള്ള സഭാസമൂഹത്തിന്റെ അപ്രതിരോധ്യമായ വളർച്ചയാണ് ഇവിടെ കാണുന്നത്. നട 4,30 ലെ സഭയുടെ പ്രാർത്ഥന ഇവിടെ ഫലമണിയുന്നു: ''അവിടുത്തെ പരിശുദ്ധ ദാസനായ ഈശോയുടെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേ. അവിടുത്തെ വചനം പൂർണ്ണധൈര്യത്തോടെ

പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ''. ''ശ്ലീഹന്മാരുടെ കരങ്ങൾ വഴി ജനമദ്ധ്യത്തിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു'' (5,12); ''കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു'' (5,14). സോളമന്റെ മണ്ഡപം സഭാസംഗമത്തിന്റെ പതിവു വേദിയായി മാറി. പരസ്യജീവിതകാലത്ത് ഈശോയുടെ ഒരു സംഗമവേദിയായിരുന്ന സോളമന്റെ മണ്ഡപം (യോഹ 10,23) ആദിമസഭയുടെ സംഗമവേദിയായതിൽ അതിശയമില്ല. യഹൂദമതാനുയായികളായതിനാൽ ശ്ലീഹന്മാരോടു ചേരാൻ പലരും ധൈര്യപ്പെട്ടില്ലെങ്കിലും പൊതുജനം പൊതുവെ ശ്ലീഹന്മാരെ ബഹുമാനിക്കുകയും സഭയുടെ ഭാഗമായിത്തീരുകയും ചെയ്തു.

സഭയുടെ ഈ വളർച്ചയ്ക്ക് നിർണ്ണായകമായിത്തീർന്നത് ശ്ലീഹന്മാരിലൂടെ നടന്ന അത്ഭുതങ്ങളും അടയാളങ്ങളുമാണ്. അത്ഭുതങ്ങളുടെ വിവരണം ചിലപ്പോഴെല്ലാം മാന്ത്രികമായ ഒരു പ്രതിഭാസത്തിന്റെ പ്രതീതിയുളവാക്കും. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും പതിക്കുന്നതിനുവേണ്ടി രോഗികളെ തെരുവീഥികളിൽ കിടത്തിയിരുന്നു (5,15). പൗലോസിന്റെ കാര്യത്തിലും ഇതുപോലെ സംഭവിച്ചതായി പറയുന്നുണ്ട് (19,11-12). ഈശോയുടെ പരസ്യജീവിതത്തിലും ഇതുപോലെ സംഭവിച്ചതായി മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 6,53-56). എന്നാൽ ജനം ചിന്തിക്കുന്നതുപോലെ മാന്ത്രികശക്തിയല്ല, ജീവിക്കുന്ന മിശിഹായുമായുള്ള ശ്ലീഹന്മാരുടെ ഐക്യവും, രോഗികളുടെ ഭാഗത്ത് മിശിഹായിലുള്ള വിശ്വാസവുംമൂലമാണ് ഈ അത്ഭുതങ്ങൾ സംഭവിക്കുന്നതെന്ന് പത്രോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട് (3,12-16). മിശിഹാ ഇന്ന് സഭയിൽ ജീവിക്കുന്നു എന്നതിന്റെ അടയാളമാണ് ശ്ലീഹന്മാരിലൂടെ നടന്നതും, ഇന്ന് ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്നവരിലൂടെയും വരദാനങ്ങളുള്ളവരിലൂടെയും നടക്കുന്നതുമായ, അത്ഭുതങ്ങൾ. ഇപ്രകാരമുള്ള അത്ഭുതങ്ങൾ സഭയിൽ നടക്കേണ്ടതാവശ്യമാണ്. ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതർ മിശിഹായുമായുള്ള തങ്ങളുടെ ഐക്യത്തിൽ വളർന്നും, സഭയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായിലുള്ള വിശ്വാസത്തിൽ ജനങ്ങളെ വളർത്തിയും അടയാളങ്ങളിലൂടെ അവരുടെ അജപാലനശുശ്രൂഷയെ കൂടുതൽ ഫലവത്താക്കാൻ പരിശ്രമിക്കണം.

## 3. പുരോഹിതൻ: ദൈവവചനപ്രഘോഷകൻ

''എന്നാൽ പ്രധാനപുരോഹിതനും അവനോടു ചേർന്നുനിന്നിരുന്ന സദുക്കായവിഭാഗവും അസൂയനിറഞ്ഞ് ശ്ലീഹന്മാരെ പിടിച്ച് ബന്ധിച്ച് പൊതുകാരാഗൃഹത്തിലടച്ചു. രാത്രി കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകൾ തുറന്ന് അവരെ പുറത്തുകൊണ്ടുവന്ന് അവരോടു പറഞ്ഞു: നിങ്ങൾ ദൈവാലയത്തിൽച്ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ'' (5,17-20).

ശ്ലീഹന്മാരുടെ അത്ഭുതപ്രവൃത്തികളിലും സഭയുടെ വളർച്ചയിലും അസൂയയും വൈരാഗ്യവും നിറഞ്ഞ പ്രധാനപുരോഹിതരും സദ്ദുക്കായരും ശ്ലീഹന്മാരെ കുറ്റവാളികളായി പ്രഖ്യാപിച്ച് കാരാഗൃഹത്തിലടച്ചു. പുരോഹിതന്മാർ എതിർത്തതിനുകാരണം ശ്ലീഹന്മാർ എപ്പോഴും പ്രസംഗിച്ചിരുന്നത്, ''നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ഈശോമിശിഹായെ ദൈവം ഉയിർപ്പിച്ചു'' എന്നു പറഞ്ഞുകൊണ്ടായിരുന്നു എന്നതാണ് (5,30; 2,23-24; 3,13-15). സദുക്കായർ എതിർക്കാൻ കാരണം ശ്ലീഹന്മാർ ഉയിർപ്പിനു സാക്ഷ്യം പറയുന്നതുകൊണ്ടുമായിരുന്നു (23,8). അസൂയ

നിറഞ്ഞ് ഈശോയെ അറസ്റ്റു ചെയ്തവർ(മത്താ 27,18)തന്നെയാണ് ഇപ്പോൾ ശ്ലീഹന്മാരെയും ബന്ധിച്ച് കാരാഗൃഹത്തിലടച്ചത്. എന്നാൽ കാരാഗൃഹത്തിൽ നിന്ന് ദൈവം അത്ഭുതകരമായി ശ്ലീഹന്മാരെ മോചിപ്പിച്ച് അവരോട്, ''നിങ്ങൾ ദൈവാലയത്തിൽ ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ'' (5,20) എന്നു പറഞ്ഞു. അവർ അപ്രകാരം ചെയ്യുകയും ചെയ്തു (5,21). 'വചനപ്രഘോഷണം സഭയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ദൗത്യമാണ്. ഈശോ വചനം മാംസമായവനാണ് (യോഹ 1,14). ഈശോയുടെ തുടർച്ചയായി ലോകത്തിലായിരിക്കുവാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് വചനപ്രഘോഷണം നടത്തുന്നില്ലെങ്കിൽ സഭയ്ക്ക് ഈ ലോകത്തിൽ പ്രസക്തിയില്ല. അതിനുവേണ്ടി ദൈവത്താൽ അയയ്ക്കപ്പെട്ടവളാണവൾ (മർക്കോ 16,15). ദൈവത്തിന്റെ ഈ പദ്ധതിയെ പ്രതിരോധിക്കാൻ ഈ ലോകത്തിൽ ഒരു ശക്തിക്കും സാധ്യമല്ല.

ശ്ലീഹന്മാർ പ്രസംഗിക്കേണ്ട വചനത്തെ 'ഈ ജീവന്റെ വചനം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (5,20). 'ഈ ജീവന്റെ വചനം' എന്നു വിശേഷിപ്പിക്കുന്നത് ഉത്ഥിതനായ ഈശോയിലൂടെ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷയുടെ വചനമാണ്. ഉത്ഥാനത്തിനുശേഷം ഈശോതന്നെ നാല്പതുദിവസം ശ്ലീഹന്മാരുടെയിടയിൽ പ്രത്യക്ഷപ്പെട്ട് ദൈവരാജ്യത്തെക്കുറിച്ച് അവരെ പഠിപ്പിച്ചു (1,3). ഈ ദൈവരാജ്യത്തിന്റെ സുവിശേഷമാണ് ഈശോ പ്രസംഗിച്ചതും പഠിപ്പിച്ചതും (മർക്കോ 1,14-15). വി. മത്തായിയുടെ സുവിശേഷപ്രകാരം അത് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമാണ് (മത്താ 4,17). വി. ലൂക്കായിൽ അത് സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ - രക്ഷയുടെ - സുവിശേഷമാണ് (ലൂക്കാ 2,10). വി. യോഹന്നാന്റെ സുവിശേഷപ്രകാരം അത് നിത്യജീവൻ നല്കുന്ന ദൈവത്തിന്റെ വചനമാണ് (യോഹ 5,24). ഉത്ഥിതനായ മിശിഹാതന്നെയാണ് ഇന്നും അരൂപിയിലൂടെ സഭയിൽ സന്നിഹിതനാകുന്നതും വചനപ്രഘോഷണം നടത്തുന്നതും. ഈ ഒരവബോധത്തോടെ ഉത്ഥിതനായ മിശിഹായോടുള്ള പ്രതിബദ്ധതയും ഐക്യവും പുലർത്തിക്കൊണ്ട് സഭയുടെ വിശ്വാസത്തിൽ അധിഷ്ഠിതമായി വചനപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം.

## 4. പുരോഹിതൻ: ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നവൻ (5,30-32)

*''നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും നല്കാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്ക് ദൈവം പ്രദാനംചെയ്യുന്ന പരിശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്'' (5,30-32).*

ആദിമസഭയുടെ അത്ഭുതകരമായ വളർച്ചയുടെ മുമ്പിൽ യഹൂദനേതൃത്വം വിസ്മയിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നു. ജനങ്ങളെ ഭയന്ന്, ബലപ്രയോഗം കൂടാതെ, ശ്ലീഹന്മാരെ കൂട്ടിക്കൊണ്ടുവന്ന് ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിർത്തി അവരെ വിസ്തരിക്കുന്നു. കർശനമായ നിരോധനം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടു പഠിപ്പിച്ചു എന്ന് ചോദിച്ചപ്പോൾ, പത്രോസും ശ്ലീഹന്മാരും ഒന്നുചേർന്ന് തങ്ങൾ മനുഷ്യരെക്കാളുപരി ദൈവത്തെയാണ് അനുസരിക്കുന്നത് എന്ന് പ്രതിവചിച്ചു (5,29). അതേത്തുടർന്ന് വീണ്ടും അവർ ഏകസ്വരത്തിൽ, ഈശോമി

ശിഹായിലൂടെ ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. ഈ രക്ഷാകരപ്രവർത്തനം യഹൂദർക്ക് പ്രത്യേകം പ്രസക്തിയുള്ളതാണെന്ന സൂചനയും പത്രോസിന്റെ വാക്കുകളിലുണ്ട്. 'നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ', 'നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു', 'ഇസ്രായേലിന് അനുതാപവും പാപമോചനവും നല്കാൻ' തുടങ്ങിയ പ്രസ്താവനകളെല്ലാം ഇതു സൂചിപ്പിക്കുന്നവയാണ്. ദൈവത്തെ അനുസരിക്കുന്നവർക്ക് അവിടുന്നു നല്കുന്ന പരിശുദ്ധാത്മാവാണ് ഇപ്രകാരം സാക്ഷ്യം നല്കുവാൻ തങ്ങളെ ശക്തിപ്പെടുത്തുന്നതെന്നും പത്രോസ് എടുത്തുപറഞ്ഞു (5,30-32). യഹൂദനേതൃത്വത്തെത്തന്നെ അനുതാപത്തിനും മാനസാന്തരത്തിനും ആഹ്വാനം ചെയ്തുകൊണ്ടാണ് പത്രോസ് പ്രസംഗം അവസാനിപ്പിക്കുന്നത് (5,31).

സുവിശേഷം ശ്രവിക്കുന്നവരുടെ ചരിത്രം ദൈവത്തിന്റെ രക്ഷാകരചരിത്രമാണെന്നു ബോദ്ധ്യപ്പെടുത്തിക്കൊണ്ട് സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം. രക്ഷാകരചരിത്രമല്ലാതെ മറ്റൊരു ചരിത്രം ലോകത്തിനോ മനുഷ്യർക്കോ ഇല്ല. ജനനം മുതൽ മരണം വരെ ഓരോ മനുഷ്യനിലും ദൈവം പൂർത്തിയാക്കുന്ന രക്ഷാകരപ്രവർത്തനമാണ് ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കിയതും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതും. അങ്ങനെ തന്നിൽ രക്ഷാകരപ്രവർത്തനം നിർവഹിക്കുന്ന ദൈവത്തോട് അനുതാപത്തോടും, വിശ്വാസത്തോടും സഹകരിച്ചുകൊണ്ട് പ്രത്യുത്തരിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പുരോഹിതൻ തന്റെ സുവിശേഷപ്രഘോഷണം നടത്തേണ്ടത്. അപ്രകാരം പ്രത്യുത്തരിച്ചുകൊണ്ട് പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് രക്ഷാകരമായ അനുഭവം ഉൾക്കൊള്ളുന്ന ജീവിതസാക്ഷ്യവും പുരോഹിതന്റെ വചനപ്രഘോഷണത്തിനുണ്ടാവണം.

## 5. പുരോഹിതൻ: ദൈവത്തിന്റെ ശക്തിയോടെ പ്രവർത്തിക്കുന്നവൻ

''എന്നാൽ, നിയമോപദേഷ്ടാവും സകലർക്കും ആദരണീയനുമായ ഗമാലിയേൽ എന്ന ഫരിസേയൻ സംഘത്തിലെഴുന്നേറ്റു നിന്ന്, അവരെ കുറച്ചു സമയത്തേക്ക് പുറത്തുനിർത്താൻ ആവശ്യപ്പെട്ടു. ... അതുകൊണ്ട്, ഞാൻ നിങ്ങളോടു പറയുന്നു, ഈ ആളുകളിൽനിന്ന് അകന്നുനില്ക്കുക. അവരെ അവരുടെ വഴിക്കു വിട്ടേക്കുക. കാരണം, ഈ ആലോചനയും ഉദ്യമവും മനുഷ്യനിൽനിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച്, ദൈവത്തിൽനിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. മാത്രമല്ല, ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും. അവർ അവന്റെ ഉപദേശം സ്വീകരിച്ചു'' (5,34.38-39).

പത്രോസ് ന്യായാധിപസംഘത്തിലുള്ളവരോട്, ദൈവത്തെ അനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണെന്നു പറഞ്ഞപ്പോൾ, അവർ ക്ഷുബിതരായി ശ്ലീഹന്മാരെ കൊന്നുകളയാൻ ആഗ്രഹിച്ചു (5,32-33). എന്നാൽ സംഘത്തിലെ പ്രധാന നിയമോപദേഷ്ടാവായ ഗമാലിയേൽ പറഞ്ഞു. ഇതെല്ലാം മനുഷ്യരിൽനിന്നുള്ളതാണെങ്കിൽ ഇവരുടെ ഉദ്യമങ്ങളെല്ലാം താനേ പരാജയപ്പെട്ടുകൊള്ളും (5,38). തെവുദാസിന്റെയും യൂദാസിന്റെയും ഉദാഹരണങ്ങളെടുത്ത് ഗമാലിയേൽ സംസാരിച്ചപ്പോൾ സംഘാംഗങ്ങൾ ശ്ലീഹന്മാരെ പ്രഹരിച്ചതിനുശേഷം നിരോധനാജ്ഞ നല്കി അവരെ വിട്ടയയ്ക്കുകയും ചെയ്തു. അപ്രകാരം സംസാരിക്കാൻ ഗമാലിയേലിനെ പ്രേരിപ്പിച്ചത്, സഭാസമൂഹത്തിൽ ദൈവത്തിന്റെ ശക്തി

പ്രവർത്തിക്കുന്നുണ്ടെന്ന അദ്ദേഹത്തിന്റെ അനുഭവമാണ്. ശ്ലീഹന്മാരുടെ അത്ഭുതപ്രവർത്തനങ്ങളും ധൈര്യപൂർവ്വകമായ സുവിശേഷപ്രഘോഷണവുമൊക്കെയായിരിക്കണം അതിന് അവസരമൊരുക്കിയത്.

ശ്ലീഹന്മാരാകട്ടെ ''ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുമ്പിൽനിന്നു പുറത്തുപോയി. എല്ലാ ദിവസവും ദൈവാലയത്തിൽവച്ചും ഭവനംതോറും ചെന്നും ഈശോയാണു മിശിഹാ എന്നു പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലുംനിന്ന് അവർ വിരമിച്ചിട്ടില്ല'' (5,41-42). വധഭീഷണിയുണ്ടായിട്ടും സന്തോഷത്തോടും തീക്ഷ്ണതയോടുംകൂടെ സുവിശേഷപ്രഘോഷണത്തിലേർപ്പെടുവാനുള്ള ധൈര്യമാണ് ശ്ലീഹന്മാർ കാണിക്കുന്നത്. അതുപോലെതന്നെ, സുവിശേഷത്തെപ്രതി സഹിക്കേണ്ടി വന്നതിൽ അവർ സന്തോഷിക്കുകയും ചെയ്യുന്നു. ഈശോമിശിഹായിലുള്ള വിശ്വാസമാണ് അപ്രകാരം സഹനത്തിൽ സന്തോഷിക്കാൻ അവർക്കു ശക്തിനല്കിയത്. ഈശോയോടൊത്തുള്ള സഹനം അവിടുത്തോടൊത്തുള്ള മഹത്ത്വത്തിന്റെ മുന്നോടിയാണെന്ന് അവർ വിശ്വസിച്ചിരുന്നു. അപ്രകാരം വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും പൂർവ്വാധികം തീക്ഷ്ണതയോടെ സുവിശേഷപ്രഘോഷണം തുടരുവാനും ശ്ലീഹന്മാർക്കു കഴിഞ്ഞത് അവർ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ പ്രവർത്തിച്ചതുകൊണ്ടാണ്. ഇതുപോലെയുള്ള സാഹചര്യങ്ങൾ പുരോഹിതനും തന്റെ ശുശ്രൂഷയിൽ ഉണ്ടാകാം. അതുകൊണ്ട് നിരന്തരമായ പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയുടെ ചൈതന്യം നവീകരിച്ചുകൊണ്ട് പുരോഹിതനും ശക്തി പ്രാപിക്കണം. അരൂപിയുടെ ശക്തിയാണ് തന്റെ ശുശ്രൂഷയിൽ തന്നെ ബലപ്പെടുത്തുന്നതെന്ന ബോദ്ധ്യത്തോടെ പ്രാർത്ഥനാജീവിതം നയിക്കുവാൻ പുരോഹിതനു കഴിയണം.

## ജീവിതസൂചിക

1. എന്റെ മാനുഷികതയെ അതിജീവിച്ച് ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും എനിക്ക് എത്രമാത്രം കഴിയുന്നുണ്ട്?
2. സഭയിലും പുരോഹിതനിലും ജീവിക്കുന്ന മിശിഹായുടെ-ദൈവത്തിന്റെ സാന്നിദ്ധ്യാനുഭവം അടയാളങ്ങളിലൂടെ നല്കി ശുശ്രൂഷ ചെയ്യുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. മിശിഹായോട് ഐക്യവും പ്രതിബദ്ധതയും പുലർത്തിക്കൊണ്ട് വചനപ്രഘോഷണം നടത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. രക്ഷാകരമായ അനുഭവം ഉൾക്കൊള്ളുന്ന ജീവിതസാക്ഷ്യത്തോടെ വചനപ്രഘോഷണം നടത്താൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയിൽ നവീകരിക്കപ്പെട്ടും ശക്തിപ്രാപിച്ചുമാണോ ഞാൻ എന്റെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നത്?

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 10th July 2018. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2018 മെയ് 26 – ജൂൺ 25**

26 രാവിലെ വെരൂർ പള്ളിയിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ യുവദീപ്തി എസ്.എം.വൈ.എം. സംഘടനാകേന്ദ്രം മാർഗ്ഗരേഖ പ്രകാശനം ചെയ്തു. എസ്.ബി. ഹൈസ്ക്കൂളിൽ നടത്തപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് പാസ്റ്ററൽ സെന്ററിൽ ആത്മതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സപ്പോർട്ട് എ ചൈൽഡ്' പ്രോഗ്രാമിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. അതിരൂപതാ കേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ, മതാദ്ധ്യാപക നേതൃസംഗമത്തിൽ സന്ദേശം നൽകി. വൈകുന്നേരം തൃക്കൊടിത്താനം ഫൊറോന പള്ളിയങ്കണത്തിൽ പുതുതായി നിർമ്മിച്ച ഹാളിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

27 മുഹമ്മ സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

28 രാവിലെ നെടുങ്കുന്നം സെന്റ് തെരേസാസ് സ്കൂളിൽ പുതുതായി നിർമ്മിച്ച മീഡിയാ റൂമിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് കോട്ടയം ലൂർദ്ദ് ഫൊറോനാപള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

29 തിരുവനന്തപുരം, കൊല്ലം-ആയൂർ, അമ്പൂരി മേഖലയിലെ ദൈവാലയ ശുശ്രൂഷകർക്കായി തിരുവനന്തപുരം ലൂർദ് ഫൊറോനാപള്ളിയിൽ നടത്തപ്പെട്ട ഏകദിന സെമിനാറിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അമ്പൂരി ഫൊറോനയിലെ തേക്കുപാറ ഇടവകയിൽ നവീകരിച്ച പള്ളിമേടയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് രാജമറ്റം ഇടവകയിൽ പുതുക്കിപണിത മദ്ബഹ പുനർകൂദാശ ചെയ്തു.

30 രാവിലെ കുന്നന്താനം ധ്യാനകേന്ദ്രത്തിൽ, ആന്തരിക സൗഖ്യധ്യാനത്തിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാലാ രൂപതയിൽ രത്നഗിരി പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. പ്ലാംപറമ്പിൽ ബഹു. വർഗ്ഗീസ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് എസ്.ബി.കോളേജിൽ പുതുതായി നിർമ്മിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഇൻഡോർ സ്റ്റേഡിയത്തിന്റെ വെഞ്ചരിപ്പിനു ശേഷം നടന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രഥമഘട്ടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജിയണൽ ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുത്തു.

31 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ, റീജിയണൽ ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ

സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽനിന്നും സ്ഥലം മാറിപ്പോയ വികാരി ജനറാൾ പെരി. ബഹു. ജയിംസ് പാലയ്ക്കൽ അച്ചനും മറ്റു വൈദികർക്കും, ബഹു. സി. മരിയയ്ക്കും നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു ആശംസകൾ നേർന്നു.

**2018 ജൂൺ**

1 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് വില്ലൂന്നി പള്ളി ഇടവകാംഗമായ വെള്ളാനിക്കൽ സിറിയക്ക് (കുര്യച്ചൻ)ന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വിജയപുരം രൂപതാംഗമായ കെവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡി.സി.എം.എസ്.- ന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധറാലിയിൽ പങ്കെടുത്തവരെ അഭിസംബോധനചെയ്ത് സംസാരിച്ചു. വൈകുന്നേരം മാവേലിക്കര സെന്റ് അൽഫോൻസാ ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി ആശീർവ്വദിച്ചു ഉപയോഗത്തിനായി സമർപ്പിച്ചു.

2 ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ഓർമ്മ ആചരിച്ച് കത്തീഡ്രൽ കബറിട പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. വൈദികരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

3 ഉച്ചകഴിഞ്ഞ് കൊല്ലം രൂപതാ മെത്രാൻ അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരിയുടെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു.

4 രാവിലെ കുറിച്ചി ഇടവകാംഗമായ ആലഞ്ചേരി ഏലിയാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഇറ്റാവാ മൈനർ സെമിനാരിയിലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കുറിച്ചി സെമിനാരിയിൽ പ്രവേശനം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ അതിരൂപതയിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി ടൗൺഹാളിൽ സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ പങ്കെടുത്തു സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ കൂടിയ സഹപാഠികളുടെ ഗാതറിങ്ങിൽ സംബന്ധിച്ചു.

5-7 എറണാകുളം പാലാരിവട്ടം പി.ഒ.സി. യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

8 ഉച്ചയ്ക്ക് ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽ പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ് ന്യൂസ് ടി.വി.യിൽ സംപ്രേഷണത്തിനായി 25 മിനിറ്റ് ദൈർഘ്യമുള്ള സന്ദേശം നൽകി. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

9 രാവിലെ വെഞ്ചമ്പ് പള്ളിയിൽ കൊല്ലം-ആയൂർ ഫൊറോനായിലെ ഇടവക പ്രതിനിധിയോഗാംഗങ്ങളുടെ ഫൊറോനാതല സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. കടുവാക്കുളം എം.സി.ബി.എസ്. പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ കോട്ടയം പൗരസ്ത്യ വിദ്യാപീഠത്തിന്റെ സഹായത്തോടെ ആരംഭിച്ച അല്മായ ദൈവശാസ്ത്ര കോഴ്സ് ഉദ്ഘാടനം ചെയ്തു.

10 എടത്വാ മരിയാപുരം സെന്റ് മേരീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

11 രാവിലെ കുറുമ്പനാടം ഇടവക കാരയ്ക്കാട് ചാക്കോയുടെ മൃതദേഹത്തിങ്കലും പായിപ്പാട് ഇടവക ബാബു നല്ലൂരിന്റെ മൃതദേഹത്തിങ്കലും ഒപ്പീസ്

ചൊല്ലി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും, പ്രസ്ബിറ്ററൽ കൗൺസിൽ, ഡിപ്പാർട്ട്മെന്റ് തലവന്മാർ എന്നിവരുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

12 രാവിലെ അതിരമ്പുഴ ഫൊറോനയിലെ വൈദികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തൃക്കൊടിത്താനം ഫൊറോനയിലെ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

13 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നെടുങ്കുന്നം മദർ തെരേസാ ഹോമിൽ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

14 രാവിലെ പുന്നത്തുറ സെമിത്തേരി പള്ളിയിൽ, മാതാപിതാക്കന്മാരുടെയും സഹോദരന്റെയും ഓർമ്മയാചരിച്ച് വി. കുർബാനയർപ്പിക്കുകയും കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വടവാതൂർ സെമിനാരി സന്ദർശിച്ച് വൈദികരുമായി സംസാരിച്ചു. ഉച്ചയ്ക്ക് മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ മാർ സ്ലീവാ മൽപ്പാനേറ്റ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കോട്ടയം നവജീവൻ ട്രസ്റ്റിൽ കൂടിയ സമ്മേളനത്തിൽ അവിടെ ശുശ്രൂഷ ചെയ്തിരുന്ന ശ്രീമതി അച്ചാമ്മ ജോർജ് രചിച്ച പുസ്തകം പ്രകാശനം ചെയ്തു. വൈകുന്നേരം അതിരൂപതാ സന്ദേശനിലയം മീഡിയാ ഹാളിൽ 'വേർഡ് & മീഡിയാ' ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന് മാസധ്യാനത്തോടനുബന്ധിച്ച് ക്ലാസ്സെടുത്തു.

15 ഉച്ചകഴിഞ്ഞ് റീജൻസി ബ്രദേഴ്സുമായി സംസാരിച്ചു. സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം നിരണം സെമിനാരിയിലെത്തി, വൈദികാർത്ഥികളുമൊത്ത് റംശാപ്രാർത്ഥനയിലും തുടർന്ന് അത്താഴത്തിലും പങ്കുചേർന്നു.

16 രാവിലെ കോട്ടയം കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ, കൊല്ലം-ആയൂർ ഫൊറോനയിലെ സൺഡേസ്കൂൾ കുട്ടികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

തുരുത്തി ഫൊറോനയിലെ യുവജനങ്ങൾക്കായി യുവദീപ്തി - എസ്.എം.വൈ.എം.-ന്റെ ആഭിമുഖ്യത്തിൽ കാനായിൽ നടത്തപ്പെട്ട ക്യാമ്പിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി. വെരൂർ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപത കേന്ദ്രത്തിൽ സംഘടിപ്പിച്ച പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച പാസ്റ്ററൽ എക്സിക്യൂട്ടീവ് അംഗങ്ങളുടെ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

17 തൃക്കൊടിത്താനം ഫൊറോനയിലെ മുണ്ടുപാലം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് കോട്ടയം ലൂർദ് ഫൊറോന ഇടവകയിൽ പാലത്തിങ്കൽ ശ്രീ. ജയിംസ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് പാറ

മ്പുഴ ഇടവകയിൽ തോട്ടുങ്കൽ ഉലഹന്നാൻ അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

18 ഉച്ചയ്ക്ക് കത്തീഡ്രൽ പള്ളിയങ്കണത്തിൽ പ്രൊലൈഫ് ശുശ്രൂഷകർക്കായി സംഘടിപ്പിച്ച ഏകദിന കൺവൻഷനിൽ പങ്കെടുത്തവരെ സന്ദർശിച്ച് സന്ദേശം നൽകി. വൈകുന്നേരം സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമ്മനന്റ് സിനഡിൽ സംബന്ധിച്ചു.

19 കുടമാളൂർ ഫൊറോനയിലെ വൈദിക സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ വൈദികരുടെ തുടർ പരിശീലനത്തിൽ പങ്കെടുത്ത അച്ചന്മാരുമായി സംസാരിച്ചു. സന്ദർശകരായി എത്തിയവരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

20 ഉച്ചകഴിഞ്ഞ് രാജമറ്റം ഇടവകയിൽ വി. യൗസേപ്പിതാവിന്റെ മക്കൾ (ഡി.എസ്.ജെ.) സന്യാസസമൂഹത്തിലെ നവസന്യാസിനികളുടെ നിത്യവ്രതവാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വെരൂർ പള്ളിയിൽ സംഘടിപ്പിച്ച ചങ്ങനാശ്ശേരി ഫൊറോനയിലെ വൈദികസമ്മേളനത്തിൽ പങ്കെടുത്ത് പഞ്ചവത്സര അജപാലന പദ്ധതിയുടെ വിശദാംശങ്ങൾ വിവരിച്ചുകൊടുത്തു.

21 രാവിലെ പാറേൽ എസ്.വി.ഡി. സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. അദ്ധ്യയന വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി മാടപ്പള്ളി ടൗൺഹാളിൽ രാജീവ് വിചാർവേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23 രാവിലെ എസ്.ബി. ഹൈസ്ക്കൂളിൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ, 10,12 ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ ആദരിക്കുന്ന പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്ത് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. എസ്.ബി. ഹൈസ്ക്കൂളിൽ സംഘടിപ്പിക്കപ്പെട്ട കെ.സി.എസ്.എൽ. ലീഡേഴ്സ് ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ സന്ദർശിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ ഇടവക പള്ളിയിൽ, ബഹു. മാർട്ടിൻ വാഴച്ചിറ അച്ചന്റെ പ്രഥമ ചരമ വാർഷികാചരണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

24 നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം, ചമ്പക്കര ഇടവകയിൽ പുതുതായി ആരംഭിച്ച അല്മായ ദൈവശാസ്ത്ര കോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ച്, ക്യാൻസർ രോഗികൾക്കായി നൽകുന്ന ജീവകാരുണ്യപദ്ധതിയുടെ ആദ്യഗഡു വിതരണം ചെയ്തു.

25 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ വൈദികരോടും വൈദികാർത്ഥികളോടുമൊപ്പം വി. കുർബാനയർപ്പിച്ച് അദ്ധ്യായന വർഷത്തിന്റെ ആരംഭം കുറിച്ചു. തുടർന്ന് ഒന്നാം വർഷ വൈദികാർത്ഥികളുമായി സംസാരിച്ചു. പാറേൽ, ചാഞ്ഞോടി ഇടവകപള്ളികളിൽ വിവാഹം ആശീർവദിച്ചു. തൃക്കൊടിത്താനം ഇടവകയിൽ മൂലമുറിയിൽ ചാക്കോച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പായിപ്പാട് ഇടവക മനയത്തുശ്ശേരി ഏലിയാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. തുടർന്ന് മണിമല ഫൊറോന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

## മാർ തോമസ് തറയിൽ

**2018 മെയ് 25 – ജൂൺ 28**

25 തിരുവനന്തപുരം, കാതോലിക്കേറ്റ് സെന്ററിൽ നടന്ന സീറോ-മലങ്കര സഭയിലെ സെമിനാരി റെക്ടർമാരുടെ സംഗമത്തിൽ പങ്കെടുത്തു.

26–30 ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ വൈദികാർത്ഥികളുടെ ധ്യാനം നയിച്ചു.

30–31 അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെട്ട റീജണൽ ബിഷപ്പുമാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

**2018 ജൂൺ**

16–17 അതിരൂപതയിലെ 1994–1998 ബാച്ചുകളിലെ വൈദികർക്കായി സന്ദേശനിലയത്തിൽ നടത്തിയ തുടർപരിശീലന പരിപാടിയിൽ ക്ലാസെടുത്തു; തുടർന്നു വൈദികരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

23 സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഫൊറോനാ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ സമ്മേളനത്തിൽ നിർദ്ദേശങ്ങൾ നൽകി സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടത്തിയ ഫാമിലി അപ്പോസ്തലേറ്റ് നേതൃയോഗത്തിൽ പങ്കെടുത്തു.

24 അതിരൂപതാകേന്ദ്രത്തിൽ നടത്തിയ യുവദീപ്തി പ്രതിനിധിയോഗത്തിൽ സംസാരിച്ചു.

26–27 അതിരൂപതയിലെ 1986–1993 ബാച്ചുകളിലെ വൈദികർക്കായി സന്ദേശനിലയത്തിൽ നടത്തിയ വൈദികരുടെ തുടർപരിശീലന പരിപാടിയിൽ ക്ലാസെടുത്തു; തുടർന്നു വൈദികരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

28 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ നടത്തിയ സീനിയർ വൈദികരുടെ സംഗമത്തിൽ സംസാരിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

**2018 മെയ് 30 – ജൂൺ 22**

30 & 31 അതിരൂപതാ കേന്ദ്രത്തിൽ നടന്ന റീജനൽ ബിഷപ്പുമാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

**ജൂൺ 2018**

03 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ ഇടവകദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. മുടിയൂർക്കര തിരുക്കുടുംബ ഇടവകയുടെയും വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിന്റെയും സംയുക്ത സംരംഭമായ അല്മായർക്കുള്ള Bio-Medical Ethics Course -ന്റെ ഉദ്ഘാടനം മുടിയൂർക്കരയിൽ നിർവഹിച്ചു.

07 കോട്ടയം ലൂർദ്ദ് പബ്ലിക്ക് സ്ക്കൂളിന്റെ പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു; വിജയികൾക്ക് ആശംസകൾ നേർന്നു.

08 തിരുഹൃദയത്തിരുന്നാളിൽ ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിലെ പ്രാർത്ഥനാ ശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു; സന്ദേശം നല്കി.

09 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവകയിൽ നടത്തപ്പെട്ട ഫൊറോന പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു.

12 ചങ്ങനാശ്ശേരി പൗരാവലി എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ തദ്ദേശീയരായ വിദ്യാർത്ഥികൾക്കായി എസ്.ബി.

കോളേജിലെ കാവുകാട്ടുഹാളിൽ സംഘടിപ്പിച്ച അനുമോദനസമ്മേളനം 'നിറവ് 2018' ഉദ്ഘാടനം ചെയ്തു.

15 രാജമറ്റം തിരുക്കുടുംബ ദൈവാലയത്തിൽ നടത്തപ്പെട്ട കുറുമ്പനാടം ഫൊറോനാ 'എയ്ഞ്ചൽസ് മീറ്റ്' ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. നിരണം മാർത്തോമ്മാ ശ്ലീഹാ സെമിനാരിയിൽ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു; വൈദികാർത്ഥികളുമായി സംവദിച്ചു.

16 തെള്ളകം സെന്റ് ജോസഫ് (പുഷ്പഗിരി) ഇടവകയിൽ നടത്തപ്പെട്ട യുവദീപ്തി-എസ്.എം.വൈ.എം. അതിരമ്പുഴ ഫൊറോന യുവജനസംഗമം 'പാത്മോസ് 2018' ഉദ്ഘാടനം ചെയ്തു.

17 ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിന്റെ നവശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. ദീപിക മുൻ ഓഡിറ്റർ പാലത്തിങ്കൽ ജയിംസിന്റെ നിര്യാണവേളയിൽ കോട്ടയം കഞ്ഞിക്കുഴിയിലെ വസതിയിൽ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു

20 അതിരൂപതയിലെ 1994 -1998 ബാച്ചുകളിൽപ്പെട്ട വൈദികർക്കായി സന്ദേശനിലയത്തിൽ നടത്തപ്പെട്ട തുടർപരിശീലന പരിപാടിയിൽ സന്ദേശം നല്കി.

22 പുന്നപ്ര ദനഹാലയയിൽ പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.




# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 JULY

| | | |
|---|---|---|
| 1. | **06:30 a.m.** | *Qurbana* @ Cathedral, 14th Niranam Pilgrimage |
| | **12:30 p.m.** | Message @ Niranam Pilgrim Centre. |
| | **02:30 p.m.** | Benedictory Message for the Symposium @ Marthoma Vidhyanikethan |
| | **04:00 p.m.** | Inaugural Message for the Symposium @ Puthenangady Kurisuppally, Kottayam |
| | **06:45 p.m.** | Festal Gathering @ Boys Home, Puthusserry, Kallooppara |
| 2. | **10:30a.m.** | 10th Death Anniversary of Rev. Fr Gregory Paruvaparambil @ Chethipuzha Hospital. |
| | **07:00 p.m.** | Festal Gathering @ St Thomas Minor Seminary, Kurichy. |
| 3. | **03:00 p.m.** | Theology Course Inauguration for the Lay people @ Thathampally, ALPY |
| | **07:30 p.m.** | Festal Gathering @ Archbishop's House |
| 4. | **11:15 a.m.** | *Qurbana* @ Assumption College |
| | **03:00 p.m.** | Khadi Centre Inauguration @ Mallappally |
| | **06:00 p.m.** | Forane Priest Conference @ Edathua |
| 5. | **10:00-12:15 p.m.** | Visitors' Time |
| | **02:30-04:00 p.m.** | Visitors' Time |
| | **05:30 p.m.** | Interdepartmental Meeting @ Archbishop's House |
| 6. | **11:30 a.m.** | *Qurbana* @ S B College |
| | **06:00 p.m.** | Regents Monthly Recollection |
| 7. | **10:00 a.m.** | Family Gathering of the Pastoral Council Members @ Archbishop's House |
| | **03:30 p.m.** | Blessing of Smt Achamma Monument @ Muttar St. Thomas |
| | **04:30 p.m.** | Ecumenical Dukrana Celebration @ Malankarappally, CHY |
| 8. | **06:00 a.m.** | Pastoral Visit @ Aruvikuzhy |
| 9. | **10:00 a.m.** | Ecumenical Commission @ Kakkanad |
| 10. | **06:30 p.m.** | Batch Gathering |

| | | |
|---|---|---|
| 11. | **11:30 a.m.** | Academic Year Inauguration @ Media Village |
| | **02:45-03:45 p.m.** | Visitors' Time |
| | **06:00 p.m.** | Forane Priests Conference @ Kurumpanadom |
| 12. | **11:00 a.m.** | *Requiem Qurbana* of Rev. Fr Mathew Njallathuvayalil @ Kanjirappally Cathedral |
| | **06:30 p.m.** | Farewell Gathering of Rev. Fr Sebastian Kalasserry @ Kurichy Seminary |
| 13. | **03:30-4:00 p.m.** | Visitors' Time |
| 14. | **10:00 a.m.** | Forane Level Parish *Pradhinithiyogam* @ Edathua |
| | **10:40 a.m.** | *Pithavinodothu* – One Day Programme of the Forane Council @ Champakkulam |
| | **06:00 p.m.** | Forane Priests' Conference @ Lourdes, TVM |
| 15. | **07:00 a.m.** | *Qurbana* @ Nirmala Bhavan Centre, Kowadiyar, TVM |
| | **02:30 p.m.** | Forane Priests' Conference, Kollam–Ayoor Forane @ Ayoor |
| 16. | **06:15 a.m.** | *Qurbana* @ Holy Queen's Provincial House,CHY |
| | **10:30 a.m.** | SH Convent Chapel Blessing @ Villoonni |
| | **03:00 p.m.** | Engaged |
| | **06:00 p.m.** | Forane Priests' Conference, Kottayam @ Poomattom,Puthuppally |
| 17. | **10:00 a.m.** | Forane Priests' Conference @ Pulincunnu |
| | **03:00-03:45 p.m.** | Visitors' Time |
| | **06:00 p.m.** | Forane Priests' Conference @ Alapuzha |
| 18-20 | | Engaged – Out of Station |
| 21. | **10:00 a.m.** | *Pravasi Sangamam* |
| | **11:00 a.m.** | Homily @ Chethipuzha S H Church. |
| 22. | **08:00 a.m.** | *Qurbana* - Alphonsa Pilgrimage @ Pongammoodu, TVM |
| | **02:30 p.m.** | Forane Priests' Conference @ Amboori |
| 23. | **11:00 a.m.** | Academic Year Inauguration & Merit Award, SJBCE @ Nedumkunnam |
| | **02:45-04:00 p.m.** | Visitors' Time |
| 24. | **11:00 a.m.** | *Qurbana* @ Bharanaganam, Palai |
| | **06:00 p.m.** | Forane Priests' Conference, Champakkulam @ Kondackal |
| 25. | **03:30-04:00 p.m.** | Visitors' Time |
| 26. | | Engaged |
| 27. | **03:30-04:00 p.m.** | Visitors' Time |
| 28,29 | | Festal *Qurbana* @ Hyderabad |
| 29. | **07:00 p.m.** | Priests' Retreat Inauguration @ Kunnamthanam Sehion |
| 30. | **06:00 p.m.** | Regional Bishops' Recollection @ Kanjirappally |
| 31. | **06:00 p.m.** | Forane Priests' Conference @ Thuruthy |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2018 JULY

| | | |
|---|---|---|
| 01 | | Engaged |
| 02 | **02:30 p.m.** | Home Day @ St Thomas Hospital Chethipuzha |
| | **04:30 p.m.** | Commemoration of Rev.Fr Paruvaparambil @ Nazrath Nedumudi |
| | **07:00 p.m.** | Kurichy Seminary |
| 03 | | Feast Day |
| | **07:30 a.m.** | Message & Blessing @ Vazhapally West |
| | **01:00 p.m.** | Festal Homily @ Niranam |
| | **05:00 p.m.** | *Qurbana* @ Twelve Apostles Church, Mannanam |
| 04 | **09:00 a.m.** | Curia |
| | **02:30 p.m.** | Home Day @ Amala Theological College, Parel |
| | **04:00 p.m.** | Solemn Holy Communion @ Cathedral |
| | **07:00 p.m.** | Monthly Recollection |
| 05 | **06:30 a.m.** | *Qurbana* @ Minor Seminary |
| | **a.m.** | Engaged |
| | **02:30 p.m.** | Visitors' Time |
| | **05:30 p.m.** | Interdepartmental Meeting @ Archbishop's House |
| 06 | **06:30 a.m.** | *Qurbana* @ Priest Home |
| | **09:00 a.m.** | Curia |
| | **06:00 p.m.** | Class @ Minor Seminary |
| 07 | **10:00 a.m.** | Pastoral Council Meeting @ Indoor Stadium |
| | **05:15 p.m.** | *Qurbana* @ St Mary's Cathedral Pattam |
| 08 | **09:30 a.m.** | *Qurbana* @ Kuchapuram |
| | **02:30 p.m.** | Visitors' Time @ Tvm |
| | **05:00 p.m.** | Doctors' Meet @ Lourdes Matha Care, Tvm |
| 09 | **09:00 a.m.** | Class @ *Denahalaya* |
| | **05:30 p.m.** | Marriage @ Cathedral |
| 10 -11 | | Priests' On Going Formation @ Balthangadi |

| | | |
|---|---|---|
| 12 | **11:30 a.m.** | Solemn Holy Communion @ Veroor |
| | **02:30 p.m.** | Visitors' Time |
| | **07:00 p.m.** | Meeting @ Minor Seminary |
| 13 | **06:30 a.m.** | *Qurbana* @ Cloister Chelakombu |
| | **09:00 a.m.** | Curia |
| | **11:30 a.m.** | Freshers' Day @ Punnapara |
| | **06:30 p.m.** | International Symposium @ Marymatha Major Seminary, Trichur |
| 14 | **11:30 a.m.** | Marriage @ Tvm |
| | **02:30 p.m.** | Parish Visit @ Palode |
| 15 | **07:00 a.m.** | Parish Visit @ Palode |
| | **05:00 p.m.** | Priests' Retreat @ Varapuzha Retreat |
| 16-19 | | Priests' Retreat @ Varapuzha Retreat |
| 20 | **04:00 p.m.** | *Qurbana* @ OCD Pangodu |
| 21 | **02:00 p.m.** | Parish Visit @ Vithura |
| 22 | **07:00 a.m.** | Parish Visit @ Vithura |
| | **05:00 p.m.** | Priests' Retreat @ Varapuzha |
| 23-27 | | Priests' Retreat @ Varapuzha |
| 28 | **11:30 a.m.** | Marriage @ Anchalippa, Kanjirapally |
| | **04:30 p.m.** | *Qurbana* @ St. Alphonsa Church, Chathanadu |
| 29 | **09:30 a.m.** | *Qurbana* & Parish Day Inauguration @ Kannamoola |
| | **02:30 p.m.** | Visitors' Time @ Tvm |
| 30 | **09:00 a.m.-03.00 p.m.** | Class @ Denahalaya |
| | **05:00 p.m.** | Regional Bishops' Recollection @ Kanjirappally |
| 31 | | Regional Bishops' Recollection @ Kanjirappally |



# ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2018 JULY

| | | |
|---|---|---|
| 01 | **07:00 a.m.** | Homily @ Niranam |
| | **08:30 a.m.** | Niranam Pilgrimage Message @ Cathedral |
| | **02:30. p.m.** | Placid Symposium Inauguration @ Sandesa Nilayam |
| 03 | **10:30 a.m.** | St Thomas Day Celebration @ Minor Seminary, Kanjirapally |
| 08 | **10:00 a.m.** | Homily @ Twelve Apostles Church, Mannanam |
| 15 | **10:30 a.m.** | Sunday School Anniversary @ Viloonni |
| 21 | **09:50 a.m.** | Pravasi Annual Meet @ Sandesa Nilayam |
| | **10:30 a.m.** | Nilackal Ecumenical Trust Meeting @ Malankara Catholic Bishop's House, Pathanamthitta |
| 22 | 0**9:00 a.m.** | Palliative Care Seminar @ Ettumanoor |
| 30 | **05.00 p.m.** | Regional Bishops' Recollection @ Kanjirappally |
| 31 | | Regional Bishops' Recollection @ Kanjirappally |

# ധന്യപദവിയിലേക്ക്...



## ഫാ. വർഗ്ഗീസ് പയ്യപ്പള്ളി

(അഗതികളുടെ സഹോദരിമാർ (SD)
സന്യാസിനിസഭാസ്ഥാപകൻ)

**VEDAPRACHARA MADHYASTAN VOL.91 No.01 July 2018**
Registered No. KL/CHC/74/2018-20 Rs 10/-

Posted at Changanacherry sorting on the last day of every month Published on 30.06.2018




*"വിശ്വാസം നിറയും*
*മാനസമലർവാടി*
*ഏകാന്തതതന്നിൽ*
*മൗനത്തിൻ കുളിരണിയുമ്പോൾ*
*പ്രാർത്ഥനജന്മമെടുക്കുന്നു.*
*നാഥാ നിൻതിരുസന്നിധിയിൽ*
*ദൃഢമാം മാമകവിശ്വാസം*
*വിനയമോടേ - ബലിയായി നല്കുന്നേൻ."*

*(കൈത്താക്കാലം, വ്യാഴം റംശാ)*

Estd. 1928 Phone 2410101
Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Tom Puthenkalam , Exe. Editor: Fr Roby Thalachelloor

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org